പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അൻപത്തിയേഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സി. & എ.ജി.യുടെ
2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ
ഖണ്ഡിക നമ്പർ 3.3-നെ അടിസ്ഥാനമാക്കി
തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അൻപത്തിയേഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സി. &എ.ജി.യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3.3-നെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

646/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 57 |
| അനുബന്ധം II : ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ നൽകിയ മറുപടി | .. | 63 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014-2016)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അൻപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സി. & എ.ജി.യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3.3-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്.ജി.എസ്.എ.)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

## സി. ആന്റ് എ.ജി.യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 സംബന്ധിച്ച്

**എറണാകുളം ജില്ലയിലെ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെ ആന്തരിക നിയന്ത്രണങ്ങൾ**

3.3.1 <u>ആമുഖം</u>

അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളും 53 മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്ന നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം ക്രമീകരിക്കപ്പെട്ടിരിക്കുന്നു. കെട്ടിട നിർമ്മാണം, ഖരമാലിന്യശേഖരണവും നിർമ്മാർജ്ജനവും, പൊതുചന്തകളുടെ മേൽനോട്ടം, റോഡുകളുടെ പരിപാലനം, വഴിവിളക്കുകൾ തെളിയിക്കൽ മുതലായ പരമ്പരാഗത ചുമതലകൾക്കുപുറമേ, നിയമത്തിന്റെ ഒന്നാം പട്ടികയിൽ വിവരിച്ചിട്ടുള്ള സർക്കാരിൽ നിക്ഷിപ്തമായിരുന്ന കുറേ ചുമതലകൾ കൂടി 1995 ഒക്ടോബർ രണ്ടുമുതൽ നഗരസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തു. മേല്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിനും ബഡ്ജറ്റും കണക്കുകളും തയ്യാറാക്കുന്നതിനും നിയമപരമായ ബാദ്ധ്യതകളായ നികുതിചുമത്തൽ, ധനകാര്യ ലൈസൻസുകൾ, ഫീസുകൾ തുടങ്ങിയവ നിറവേറ്റുന്നതിനുമായി സംസ്ഥാന സർക്കാർ പല ചട്ടങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. മേൽ വിവരിച്ച പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിന് ഓരോ നഗരസ്വയംഭരണ സ്ഥാപനത്തിലും എല്ലാ തലങ്ങളിലും ഉള്ളിൽതന്നെയുള്ള ഒരു ആന്തരിക നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. സുവ്യക്തമായ ആന്തരിക നിയന്ത്രണ നടപടികൾ നിയമത്തിലും അതുപോലെ തന്നെ ചട്ടങ്ങളിലും വിവരിച്ചിട്ടുണ്ട്. ഇതിനുപുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സുശക്തമായ ഒരു ആന്തരിക നിയന്ത്രണ വ്യവസ്ഥ സാദ്ധ്യമാക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിക്കുന്നു. ഒരു നിയന്ത്രിത സാഹചര്യം സൃഷ്ടിക്കുന്നത് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കപ്പെടുന്നതിലുള്ള വീഴ്ച തടയുകയും നിയന്ത്രിക്കുകയും ചെയ്യും. ആന്തരിക നിയന്ത്രണ വ്യവസ്ഥ പിൻതുടരുന്നതു കൊണ്ടുമാത്രം ഒരു പ്രത്യേക സംവിധാനത്തിലുള്ള അപകടസാദ്ധ്യതകൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിയില്ലെങ്കിലും ഒരു നിശ്ചിത പരിധിവരെ അവ കുറയ്ക്കാൻ കഴിയും. ആഭ്യന്തര ഓഡിറ്റ് എന്നത് ആന്തരിക നിയന്ത്രണത്തിലെ അതിപ്രധാന ഘടകമാണ്. ഇത് ആന്തരിക നിയന്ത്രണങ്ങളുടെ ഫലപ്രാപ്തി പരിശോധിക്കുന്നതും സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ശിപാർശകൾ നൽകുന്നതും ആണ്. കൃത്രിമങ്ങൾ തടയുന്നതിനുള്ള നിയന്ത്രണങ്ങൾ, സുരക്ഷ ഓഡിറ്റ്, പരിപാടികളുടെ വിലയിരുത്തൽ എന്നിവ പോലുള്ള മറ്റുപാധികളുടെ അനുപൂരകവും സുശക്തവുമായ ഒരു ആഭ്യന്തര ഓഡിറ്റ് പ്രക്രിയ സ്വീകരിക്കേണ്ടത് ഫലപ്രദമായ ആന്തരികനിയന്ത്രണം പാലിക്കുന്നതിന് ആവശ്യമാണ്.

3.3.2 <u>സംഘടനാരൂപം</u>

കൗൺസിൽ തെരഞ്ഞെടുക്കുന്ന മേയർ അല്ലെങ്കിൽ ചെയർപേഴ്സൺ ആണ് നഗരസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യഭരണാധികാരി. സ്ഥാപനത്തിന്റെ ഭരണപരമായ എല്ലാ കാര്യങ്ങളിലും മൊത്തത്തിലുള്ള അധികാരം അദ്ദേഹത്തിനാണ്. മുനിസിപ്പാലിറ്റികളിൽ ധനകാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും, പൊതുമരാമത്ത് എന്നിങ്ങനെ അഞ്ച് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉണ്ടായിരിക്കും. ഈ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു പുറമേ മുനിസിപ്പൽ കോർപ്പറേഷനുകളിൽ നഗരാസൂത്രണത്തിനും നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾക്കുമായി രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടി ഉണ്ടായിരിക്കുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് കൗൺസിൽ ആണ്. മേയർ/ചെയർപേഴ്സൺ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും എക്സ്-ഒഫീഷ്യോ അംഗവും ഡെപ്യൂട്ടി മേയർ/ഡെപ്യൂട്ടി ചെയർപേഴ്സൺ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എക്സ്-ഒഫീഷ്യോ അംഗവും, അതിന്റെ ചെയർപേഴ്സണും ആയിരിക്കും. നഗരസ്വയംഭരണ സ്ഥാപനത്തിന്റെ അതതു മേഖലകളിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. സർക്കാർ ഉദ്യോഗസ്ഥനായ സെക്രട്ടറിയാണ് നഗര സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണനിർവ്വഹണ ഉദ്യോഗസ്ഥൻ.

3.3.3 <u>ഓഡിറ്റ് ലക്ഷ്യങ്ങൾ</u>

താഴെപ്പറയുന്ന കാര്യങ്ങൾ വിലയിരുത്തുകയായിരുന്നു ഓഡിറ്റ് ലക്ഷ്യങ്ങൾ :

- പ്രസക്തമായ നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥകളിലും നിഷ്കർഷിച്ചിട്ടുള്ള ആന്തരിക നിയന്ത്രണങ്ങൾ നഗരസ്വയംഭരണ സ്ഥാപനങ്ങൾ പാലിച്ചിരുന്നോ;
- രേഖകൾ യഥാവിധി സൂക്ഷിച്ചിരുന്നോ;
- ബഡ്ജറ്റ് നിയന്ത്രണങ്ങൾ ശരിയായ രീതിയിൽ പ്രയോഗിച്ചിരുന്നോ;
- ആസ്തികളിന്മേൽ ശരിയായ ഭൗതിക നിയന്ത്രണങ്ങൾ ഉറപ്പുവരുത്തിയിരുന്നോ;
- നിയന്ത്രണ പരിശോധനകൾ നിർവ്വഹിച്ചിരുന്നോ.

3.3.4 <u>ഓഡിറ്റ് മാനദണ്ഡങ്ങൾ</u>

നഗരസ്വയംഭരണ സ്ഥാപനങ്ങളിലെ നിയന്ത്രണ വ്യവസ്ഥ വിലയിരുത്തുന്നതിനുപയോഗിച്ച ഓഡിറ്റ് മാനദണ്ഡങ്ങൾ ഇനി പറയുന്നവയായിരുന്നു:

(i) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകളും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളും;

(ii) കേരള ഫിനാൻഷ്യൽ കോഡ്;

(iii) കേരള ട്രഷറി കോഡ്;

(iv) ഓഫീസ് നടപടിക്രമങ്ങളെക്കുറിച്ചുള്ള മാന്വൽ;

(v) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും.

3.3.5 ഓഡിറ്റ് രീതിയും വ്യാപ്തിയും

എറണാകളം ജില്ലയിലെ ഒമ്പത് നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയും (കൊച്ചി കോർപ്പറേഷൻ), രണ്ട് മുനിസിപ്പാലിറ്റികളുടെയും (കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികൾ) രേഖകളെ ആസ്പദമാക്കി ഈ അവലോകനം നടത്തിയത് 2007 ഏപ്രിൽ മുതൽ ജൂലൈ വരെയായിരുന്നു. തെരഞ്ഞെടുത്ത ഈ സ്ഥാപനങ്ങളുടെ രേഖകളിൽനിന്നും രജിസ്റ്ററുകളിൽ നിന്നുമാണ് തെളിവുകൾ ശേഖരിച്ചത്.

3.3.6 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ താഴെപ്പറയുന്ന വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു:

(i) ആന്തരിക നിയന്ത്രണങ്ങൾ പാലിക്കൽ;

(ii) ആന്തരിക നിയന്ത്രണങ്ങളുടെ പര്യാപ്തത;

(iii) ആഭ്യന്തര ഓഡിറ്റ്;

(iv) മനുഷ്യശക്തി;

(v) തുടർനിരീക്ഷണവും വിലയിരുത്തലും .

**ആന്തരിക നിയന്ത്രണങ്ങൾ പാലിക്കൽ**

കേരള മുനിസിപ്പാലിറ്റി നിയമം, കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ്, ഓഫീസ് നടപടികളെക്കുറിച്ചുള്ള മാന്വൽ, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും എന്നിവയിൽ സുവ്യക്തമായി ആന്തരിക നിയന്ത്രണ നടപടികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പാഴ്ചെലവ്, നഷ്ടം, കൃത്രിമങ്ങൾ, തെറ്റുകൾ മുതലായ അപായ സാദ്ധ്യതകൾ ഒഴിവാക്കുന്നതുവഴി നഗരസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും പ്രവർത്തനനിലവാരവും മെച്ചപ്പെടുത്തി അവയുടെ വിഭവങ്ങൾ കഴിയാവുന്നത്ര നല്ല രീതിയിൽ ഉപയോഗിക്കുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ നിയന്ത്രണങ്ങൾ. എന്നാൽ, നിയമത്തിലും ചട്ടങ്ങളിലും കോഡുകളിലും നിഷ്കർഷിച്ചിരിക്കുന്ന ആന്തരിക നിയന്ത്രണങ്ങൾ നടപ്പാക്കുന്നതിൽ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ നഗരസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തി.

### 3.3.7 സാമ്പത്തിക നിയന്ത്രണങ്ങൾ

സാമ്പത്തിക മാനേജ്മെന്റിന്റെ മേഖലയിൽ പാലിക്കേണ്ട ആന്തരിക നിയന്ത്രണങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ നിർദ്ദിഷ്ട ആന്തരിക നിയന്ത്രണങ്ങൾ പണം സൂക്ഷിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാഷ് ബുക്കും മറ്റു രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലും താഴെ വിവരിക്കുംപ്രകാരം പാലിക്കപ്പെട്ടില്ല.

#### 3.3.7.1 കാഷ് ബുക്ക് തെറ്റായി സൂക്ഷിച്ചത്

കേരള ട്രഷറി കോഡ് ഒന്നാം വാല്യത്തിലെ ചട്ടം 92(a)(ii) പ്രകാരം എല്ലാ പണമിടപാടുകളും അവ നടന്നാലുടൻ ഒരു കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ, 2006-07-ൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി ഒഴികെയുള്ള പരിശോധിക്കപ്പെട്ട എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലും 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ ഒന്നിൽ കൂടുതൽ കാഷ് ബുക്കുകൾ സൂക്ഷിക്കുകയും അവയിലൊന്നുംതന്നെ വരവുകളോ ബാങ്ക് അടവുകളോ അതതു ദിവസം കാഷ് ബുക്കിൽ രേഖപ്പെടുത്താതിരിക്കുകയും ചെയ്തു. 2005-06-ലും 2006-07-ലും കൊച്ചി കോർപ്പറേഷനൊഴികെയുള്ള നഗരസ്വയംഭരണ സ്ഥാപനങ്ങൾ 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ കാഷ് ബുക്ക് ക്ലോസ് ചെയ്തില്ല. കാഷ് ബുക്കിന്റെ അനുചിതമായ സൂക്ഷിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പണമായിട്ടുള്ളതും ട്രഷറിയിലും ബാങ്കിലുമായുള്ള നീക്കിയിരിപ്പിന്മേലുള്ള നിയന്ത്രണത്തിന്റെ പോരായ്മ സൂചിപ്പിക്കുന്നു.

#### 3.3.7.2 പണം സൂക്ഷിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ഉള്ള നിയന്ത്രണത്തിലെ ന്യൂനത

1967-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം എല്ലാ പണം വിതരണവും പെറ്റി കാഷ് ബുക്ക് മുഖേന വേണം നടത്തേണ്ടത്. കൊച്ചി കോർപ്പറേഷനിൽ സ്ഥിരം ജീവനക്കാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥൻ 2004 ഡിസംബർ 6-ന് 5.41 ലക്ഷം രൂപ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരുന്നു. പെറ്റി കാഷ് ബുക്ക് 2004 നവംബർ 29 നുശേഷം എഴുതിയിരുന്നില്ല. അതുകൊണ്ട് നഷ്ടപ്പെട്ട കൃത്യമായ തുക നിർണ്ണയിക്കാൻ കഴിഞ്ഞില്ല. താത്ക്കാലിക ജീവനക്കാർക്ക് പെൻഷൻ വിതരണം ചെയ്യാൻ ചുമതലയുണ്ടായിരുന്ന കൊച്ചി കോർപ്പറേഷനിലെ ഉദ്യോഗസ്ഥന്റെ നീക്കിയിരിപ്പ് തുക 2007 ജൂലൈ 20-ന് സംയുക്തമായി പരിശോധിച്ചപ്പോൾ 220 രൂപയുടെ കുറവ് കാണുകയുണ്ടായി. ഇതിനുശേഷവും പെറ്റി കാഷ് ബുക്ക് അതതു ദിവസം കൃത്യമായി ക്ലോസ് ചെയ്യുകയും അതു പ്രകാരമുള്ള നീക്കിയിരിപ്പുതുക പണപ്പെട്ടിയിലുണ്ടോ എന്ന് ഒത്തുനോക്കുകയും ചെയ്യുന്നത് ഉറപ്പുവരുത്തിക്കൊണ്ട് അതുപോലുള്ള സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ കൊച്ചി കോർപ്പറേഷൻ നടപടിയൊന്നും കൈക്കൊണ്ടില്ല.

3.3.7.3 ഓരോ ട്രഷറി/ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട പണമിടപാടുകൾ രേഖപ്പെടുത്തുന്ന ഉപരജിസ്റ്ററുകൾ സൂക്ഷിച്ചില്ല

ഓരോ ട്രഷറി അക്കൗണ്ടും ബാങ്ക് അക്കൗണ്ടും ആയി ബന്ധപ്പെട്ട പണമിടപാടുകൾ രേഖപ്പെടുത്തുവാൻ പ്രത്യേക സ്ഥലം കാഷ് ബുക്കിൽ ഇല്ലാത്തതുകൊണ്ട് ഓരോ ട്രഷറി/ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ കാഷ് ബുക്കിൽ നിന്ന് മനസ്സിലാക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ഓരോ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പണമിടപാടുകൾ രേഖപ്പെടുത്തുന്നതിന് ഉപരജിസ്റ്ററുകൾ സൂക്ഷിക്കണ്ടതായിരുന്നുവെങ്കിലും നഗരസ്വയംഭരണ സ്ഥാപനങ്ങളൊന്നും അവ സൂക്ഷിച്ചിരുന്നില്ല. ഇതിനെ തുടർന്ന്, കാഷ് ബുക്കപ്രകാരമുള്ള ട്രഷറി/ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമല്ലായിരുന്നു. തത്ഫലമായി കാഷ് ബുക്കപ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബുക്കപ്രകാരമുള്ള നീക്കിയിരിപ്പും നിശ്ചിത ഇടവേളകളിൽ ഒത്തുനോക്കി ബോദ്ധ്യപ്പെടുന്നത് അസാധ്യമായിരുന്നു. അതിനാൽ തെറ്റുകളും കൃത്രിമങ്ങളും കണ്ടുപിടിക്കപ്പെടാതിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

3.3.7.4 കാഷ്യർക്ക് രസീതുബുക്കുകൾ ഒന്നിച്ച് നൽകിയത്

നേരത്തെ നൽകിയ രസീതുബുക്കിലെ പേജുകൾ മുഴുവൻ തീർന്നതിനുശേഷമേ രസീത് എഴുതുകയും നൽകുകയും ചെയ്യുന്ന കാഷ്യർക്ക് എഴുതാത്ത രസീത് ബുക്കുകൾ നൽകാവൂ. എന്നാൽ, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി സൂക്ഷിച്ചിരുന്ന രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ കാഷ്യർക്ക് എല്ലാ രസീതുബുക്കുകളും കൂടി ഒന്നിച്ചാണ് നൽകിയതെന്ന് വ്യക്തമായി. കാഷ്യർ രണ്ടു രസീതുബുക്കുകൾ ഒരേസമയം ഉപയോഗിക്കുന്നതിനും ഒരു രസീതു ബുക്കുവഴി ലഭിച്ച പണം തിരിമറി നടത്തുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ കഴിഞ്ഞില്ല. നിയന്ത്രണത്തിലുള്ള ഈ വീഴ്ച കൃത്രിമങ്ങൾ കണ്ടുപിടിക്കാതെ പോകുന്നതിന് ഇടയാക്കും.

3.3.7.5 മുൻകൂറുകൾ ക്രമപ്പെടുത്താത്തതിനാലുള്ള ആപൽസാദ്ധ്യതകൾ

സാധാരണരീതിയിൽ ഒരു മാസത്തിനകവും പ്രത്യേക സാഹചര്യങ്ങളിൽ മൂന്നുമാസത്തിനകവും നഗരസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ മുൻകൂറുകൾ ക്രമപ്പെടുത്തിയിരിക്കണം. കാലാവധി കഴിഞ്ഞ മുൻകൂറുകൾ ക്രമപ്പെടുത്തുന്നതിനുവേണ്ടി നിശ്ചിത ഇടവേളകളിൽ മുൻകൂർ രജിസ്റ്റർ ക്ലോസ് ചെയ്യുക എന്നത് നിർബന്ധമായിരുന്നു. മുൻകൂർ രജിസ്റ്റർ ക്ലോസ് ചെയ്യാത്തതുകാരണം 1975-76 മുതൽ 2006-07 വരെയുള്ള കാലയളവിൽ നഗരസ്വയംഭരസ്ഥാപനങ്ങൾ നൽകിയ 10.37 കോടിയുടെ മുൻകൂർ ക്രമപ്പെടുത്താതെ അവശേഷിച്ചിരുന്നു. ക്രമപ്പെടുത്താത്ത ഈ മുൻകൂറിൽ മൂന്ന് ഉദ്യോഗസ്ഥർ

കൈപ്പറ്റിയ 16.39 ലക്ഷം രൂപ അവർ ഉദ്യോഗത്തിൽനിന്ന് വിരമിച്ചതുകൊണ്ട് ഈടാക്കാൻ പറ്റാത്ത അവസ്ഥയിലായി. നിയന്ത്രണത്തിലെ പാളിച്ചകൾ കാരണം ഈ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതകൾ അവർ വിരമിച്ച സമയത്ത് പരിശോധിക്കുകയും നിർണ്ണയിക്കുകയും ചെയ്തില്ല. ഇതാണ് മുൻകൂർ ക്രമപ്പെടുത്താതിരുന്നതിന് ഇടയാക്കിയത്.

### 3.3.8 ബഡ്ജറ്റ് നിയന്ത്രണങ്ങൾ

നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള ആന്തരിക നിയന്ത്രണ വ്യവസ്ഥ നിയമത്തിൽ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത നഗരസ്വയംഭരണ സ്ഥാപനങ്ങളിലെ ആന്തരിക നിയന്ത്രണ സംവിധാനം പരിശോധിച്ചപ്പോൾ ഇനി പറയുന്ന പാളിച്ചകൾ വെളിപ്പെട്ടു:

#### 3.3.8.1 കൗൺസിൽ മുമ്പാകെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിലെ കാലതാമസം

തുടർന്നുവരുന്ന വർഷത്തെ ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതും മാർച്ച് ആദ്യവാരത്തിനകം കൗൺസിലിൽ അവതരിപ്പിക്കേണ്ടതും മാർച്ച് 31-നോ അതിനുമുമ്പോ പാസ്സാക്കേണ്ടതും ആണ്. എന്നാൽ പരിശോധിച്ച നഗര സ്വയംഭരണ സ്ഥാപനങ്ങളിലൊന്നുംതന്നെ മാർച്ച് ആദ്യവാരത്തിൽ ബഡ്ജറ്റ് കൗൺസിലിൽ അവതരിപ്പിച്ചില്ല. അവതരണം വൈകിയതിന്റെ ഫലമായി, കൗൺസിലിന് ബഡ്ജറ്റ് പരിഗണിക്കുന്നതിന് ആവശ്യമായ സമയം ലഭ്യമായില്ല. മാർച്ച് 31-നോ അതിനുമുമ്പായോ ബഡ്ജറ്റ് പാസ്സാക്കിയിരിക്കണം എന്നുള്ളതുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽവച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ന്യായത വേണ്ടവിധത്തിൽ വിശകലനം ചെയ്യാതെയും വിലയിരുത്താതെയും ബഡ്ജറ്റ് അംഗീകരിക്കുന്നതിന് ഇത് ഇടയാക്കി.

#### 3.3.8.2 ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

അടിയന്തര സാഹചര്യങ്ങളിലൊഴികെ, ചെലവ് നടത്തുന്ന സമയത്ത് നിലവിലുള്ള ബഡ്ജറ്റിൽ തുക വകയിരുത്താതെ, ഒരു മുനിസിപ്പാലിറ്റിയും അല്ലെങ്കിൽ മുനിസിപ്പാലിറ്റിക്കുവേണ്ടിയും ഒരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. പരിശോധിച്ച നഗരസ്വയംഭരണ സ്ഥാപനങ്ങളൊന്നുംതന്നെ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ പാസ്സാക്കിയ ബില്ലുകളുടെ രജിസ്റ്റർ 2002-03 മുതൽ 2006-07 വരെ സൂക്ഷിച്ചിരുന്നില്ല. ഈ രജിസ്റ്ററിന്റെ അഭാവത്തിൽ ചെലവുകളിലുള്ള നിയന്ത്രണം നടപ്പാക്കാൻ കഴിഞ്ഞില്ല. തത്ഫലമായി, തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ 2002-03 മുതൽ 2006-07 വരെ താഴെ കാണിക്കുംപ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ 80.24 കോടി രൂപ അധികമായി ചെലവിട്ടു:

(രൂപ കോടിയിൽ)

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവിട്ട തുക | | | | | | | |
|---|---|---|---|---|---|---|---|---|
| | കൊച്ചി കോർപ്പറേഷൻ | | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | | കളമശ്ശേരി മുനിസിപ്പാലിറ്റി | | ആകെ | |
| | ഇനങ്ങളുടെ എണ്ണം | അധിക തുക | ഇനങ്ങളുടെ എണ്ണം | അധിക തുക | ഇനങ്ങളുടെ എണ്ണം | അധിക തുക | ഇനങ്ങളുടെ എണ്ണം | അധിക തുക |
| 2002-03 | 60 | 15.40 | 33 | 1.19 | 21 | 2.32 | 114 | 18.91 |
| 2003-04 | 53 | 17.05 | 40 | 0.99 | 22 | 1.42 | 115 | 19.46 |
| 2004-05 | 38 | 9.80 | 60 | 0.62 | 19 | 2.54 | 117 | 12.96 |
| 2005-06 | 41 | 24.13 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 41 | 24.13 |
| 2006-07 | ഇല്ല | ഇല്ല | 28 | 1.21 | 39 | 3.57 | 67 | 4.78 |
| ആകെ | 192 | 66.38 | 161 | 4.01 | 101 | 9.85 | 454 | 80.24 |

### 3.3.9 നികുതി നികുതിയേതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും ഉള്ള അപായസാദ്ധ്യതകൾ

വിവിധയിനം നികുതികളുടെ നിർണ്ണയം, ഈടാക്കൽ, പിരിച്ചെടുക്കൽ, കണക്കെഴുത്ത് എന്നിവയിലടങ്ങിയിരിക്കുന്ന അപായസാദ്ധ്യതകൾ പരമാവധി കുറയ്ക്കുന്നതിന് നിയമത്തിലും ചട്ടങ്ങളിലും ഫലപ്രദവും കാര്യക്ഷമവുമായ ആന്തരിക നിയന്ത്രണങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. അതുപോലെ നികുതിയേതര വരുമാനം യഥാസമയം യഥാവിധി പിരിച്ചെടുക്കുന്നതിനുള്ള ഒരു നിശ്ചിത സംവിധാനം നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. പക്ഷെ, ഇതുമായി ബന്ധപ്പെട്ട ആന്തരിക നിയന്ത്രണങ്ങൾക്കായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ നഗരസ്വയംഭരണ സ്ഥാപനങ്ങൾ പാലിച്ചില്ല. ഈ നിയന്ത്രണങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചകൾ വിവിധ നികുതികൾ നിർണ്ണയിക്കുന്നതിൽനിന്നും ഈടാക്കുന്നതിൽനിന്നും നികുതിദായകർ രക്ഷപ്പെടുന്നതിനും വരുമാനം പിരിച്ചെടുക്കുന്നതിൽ കുറവുണ്ടാകുന്നതിനും താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്ന പ്രകാരം ഇടയാക്കി:

| ക്രമ നമ്പർ | നിയന്ത്രണത്തിൽ വീഴ്ചയുണ്ടായ മേഖല | നിയമത്തിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ | നിർദ്ദേശിക്കപ്പെട്ട ആന്തരിക നിയന്ത്രണങ്ങൾ | നടപ്പാക്കുന്നതിലുണ്ടായ വീഴ്ചകൾ | വീഴ്ചമൂലമുള്ള നഷ്ടം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോൾ വസ്തു നികുതി നിർണ്ണയം | കെട്ടിടനിർമ്മാണാനുമതിയുടെ കാലാവധി മൂന്നുവർഷമാണ്. കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോൾ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കണം. | അപേക്ഷ, അനുമതി പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഒക്യൂപെൻസി സർട്ടിഫിക്കറ്റ് എന്നിവയുടെ വിവരങ്ങൾ അടങ്ങുന്ന കെട്ടിട നിർമ്മാണാനുമതി അപേക്ഷാ രജിസ്റ്ററിൽ സൂക്ഷിക്കണം. അതിൽനിന്ന് പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരെ കണ്ടുപിടിക്കുവാനും നടപടിയെടുക്കുവാനും കഴിയും | തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണാനുമതി അപേക്ഷ രജിസ്റ്റർ സൂക്ഷിച്ചിരുന്നെങ്കിലും മൂന്നു കൊല്ലം മുമ്പ് നിർമ്മാണാനുമതി നല്കിയ 3896 കെട്ടിടങ്ങളിൽ 871 എണ്ണത്തിന്റെ പൂർത്തീകരണത്തിന്റെ തുടർനിരീക്ഷണം നടത്തിയില്ല. | 871 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. |
| 2 | ഓഫീസ് മേധാവികൾ ജീവനക്കാരുടെ തൊഴിൽക്കരം നിർണ്ണയിക്കുന്നതും ഈടാക്കുന്നതും | ഓരോ ഓഫീസ് മേധാവിയും ഓരോ അർദ്ധവർഷവും എല്ലാ ജീവനക്കാരുടെയും തൊഴിൽനികുതി നിർണ്ണയിക്കുകയും ഈടാക്കുകയും നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കുകയും വേണം. | തങ്ങളുടെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കണമെന്ന് കാണിച്ച് ഓഫീസ് മേധാവികൾക്ക്/ തൊഴിലുടമകൾക്ക് നഗരസ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകണമായിരുന്നു. ശമ്പളത്തിനോ വേതനത്തിനോ ആളുകളെ നിയമിച്ചിട്ടുള്ള | ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും രജിസ്റ്റർ യഥാവിധി സൂക്ഷിക്കാതിരിക്കുന്നതുകൊണ്ട് 37 മുതൽ 327 വരെ ഓഫീസ് മേധാവികൾ/ തൊഴിലുടമകൾ തങ്ങളുടെ ജീവനക്കാരിൽനിന്നും 2002-03 മുതൽ 2006-07 വരെ തൊഴിൽനികുതി ഈടാക്കുകയോ | തൊഴിൽ നികുതി ഈടാക്കാതിരുന്നതുമൂലം 2003-04-ന് മുമ്പുള്ള കുടിശ്ശിക കാലഹരണപ്പെട്ടു. |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും ഒരു രജിസ്റ്റർ നഗര സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതും നികുതിനിർണ്ണയം നിരീക്ഷിക്കേണ്ടതും ആണ്. | അടയ്ക്കുകയോ ചെയ്തില്ല. | |
| 3 | തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും കമ്പനികളുടെയും നികുതി നിർണ്ണയിക്കുന്നത് | തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും കമ്പനികളുടെയും ഒരു പട്ടിക ഓരോ അർദ്ധവർഷവും മൂന്നാമത്തെ മാസം സെക്രട്ടറി തയ്യാറാക്കിയിരിക്കണം | ഡി. ആന്റ് ഒ. ലൈസൻസ് നൽകിയിട്ടുള്ള വ്യാപാരികൾക്ക് തൊഴിൽനികുതി ഈടാക്കാൻ നഗര സ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകണമായിരുന്നു. | 2006-07 ഡി. ആന്റ് ഒ. ലൈസൻസ് ലഭിച്ച വ്യാപാരികളുടെ തൊഴിൽ നികുതി നിർണ്ണയിച്ചില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് |
| 4 | തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നത് | തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് നിരീക്ഷിക്കുന്നതിന് തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതായിരുന്നു. | ഓരോ നികുതി ദായകന്റെയും നികുതിയുടെ ഡിമാന്റ്, പിരിച്ചെടുത്തത്, ബാക്കി നികുതി എന്നിവ കാണിക്കുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കണമായിരുന്നു. ഓരോ വർഷാവസാനവും ഉള്ള ബാക്കി തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തണമായിരുന്നു. | 2002-03 മുതൽ 2006-07 വരെ പിരിച്ചെടുക്കാനുണ്ടായിരുന്ന കുടിശ്ശികയുടെ വിവരങ്ങൾ കൊച്ചി കോർപ്പറേഷൻ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. | കുടിശ്ശിക നികുതി ഈടാക്കാൻ സാധിച്ചില്ല. |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 5 | വാണിജ്യ സമുച്ചയങ്ങളുടെ വാടകക്കാരുമായി ഉടമ്പടി വയ്ക്കൽ | കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്നത തിനുമുമ്പായി നഗരസ്വയംഭരണ സ്ഥാപനത്തിന്റെ താത്പര്യ സംരക്ഷണ ത്തിനായി വാടകക്കാരുമായി ഉടമ്പടിയിലേർ പ്പെടേണ്ടതാണ്. | ഉടമ്പടിയുടെ വിവരങ്ങൾ, ഈടാക്കേണ്ട വാടക ഇടങ്ങിയവ സൂചിപ്പിക്കുന്ന ഉടമ്പടി രജിസ്റ്ററും വാടക രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. | ഉടമ്പടി രജിസ്റ്ററും വാടക രജിസ്റ്ററും യഥാവിധി സൂക്ഷിക്കാതിരുന്നത് കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 12 മുറികളും 12 സ്റ്റാളുകളും വാടകയ്ക്ക് നൽകിയപ്പോൾ ഉടമ്പടിവയ്ക്കാതിരി ക്കുന്നതിനിടയാക്കി. | വാടകക്കാരൽ നിന്ന് വാടക ഈടാക്കാ തിരിക്കുന്നു. |
| 6 | ആപത്കരവും അസഹ്യവും ആയ വ്യാപാര ലൈസൻസ് (ഡി & ഒ) വ്യാപാരികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നത് | "മുനിസിപ്പൽ പ്രദേശത്തുള്ള ഒരു സ്ഥലവും നഗര സ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസില്ലാതെ വ്യാപാരത്തിനോ ബിസിനസ്സിനോ ഉപയോഗിക്കാവു ന്നതല്ല" (കേരള മുനിസിപ്പൽ നിയമത്തിലെ 447-ാം വകുപ്പ്) | വ്യാപാരികൾ സാധുവായ ലൈസൻസോടുകൂടി യാണോ വ്യാപാരം നടത്തുന്നതെന്നറിയൻ കാലാകാലങ്ങളിൽ വ്യാപാരികളുടെ പരിസരങ്ങൾ പരിശോധന നടത്തേണ്ടതാണ്. | തെരെഞ്ഞെടുത്ത നഗര സ്വയംഭരണ സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസ് പ്രകാരം വ്യാപാരവും വാണിജ്യവും നടത്തുന്ന സ്ഥലങ്ങളുടെ പട്ടിക സൂക്ഷിച്ചിരുന്നില്ല. | സാധുവായ ഡി. & ഒ. ലൈസൻ സില്ലാതെ 318 വ്യാപാരിൾ/ സ്ഥാപന ങ്ങൾ വാണിജ്യം നടത്തി. |
| 7 | സ്വകാര്യ ആശുപത്രി കളുടെയും പാരാമെഡിക്കൽ സ്ഥാപന ങ്ങളുടെയും രജിസ്ട്രേഷൻ | "മുനിസിപ്പാലിറ്റി യിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും മുനിസിപ്പൽ പ്രദേശത്ത് സ്ഥാപിക്കാവു ന്നതല്ല" (കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 311-ാം വകുപ്പ്) | ആശുപത്രിക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും കെട്ടിട നിർമ്മാണാ നുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നല്കുമ്പോൾ, അവ നഗരസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നു എന്ന് ഉറപ്പു വരുത്തണം. രജിസ്ട്രേഷൻ എങ്ങനെ നൽകണമെന്നതു | രജിസ്ട്രേഷനില്ലാത്ത ഒരു സ്വകാര്യ ആശുപത്രിയും ടൃട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ നഗരസ്വയംഭരണ സ്ഥാപനാതിർത്തി കളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കാലാകാലങ്ങളി ലുള്ള സർവ്വേ | 75 സ്വകാര്യ ആശുപത്രി കൾ രജിസ്റ്റർ ചെയ്യില്ല. |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | സംബന്ധിച്ച് കേരള സർക്കാർ 1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾക്ക് രൂപം നൽകി. | നടത്തേണ്ടതും അങ്ങനെയുള്ള സ്ഥാപനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കേണ്ടതുമാണ്. സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും പട്ടിക സൂക്ഷിക്കാതിരുന്നതുകൊണ്ട് തൊഴിൽനികുതി നിർണ്ണയത്തിന് പരിഗണിക്കപ്പെട്ട 75 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരുന്നില്ല. | |
| 8 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | "മുനിസിപ്പാലിറ്റിയിൽനിന്ന് മുൻകൂട്ടി രജിസ്ട്രേഷൻ വാങ്ങാതെ മുനിസിപ്പൽ പ്രദേശത്ത് ഒരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാവുന്നതല്ല". (കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 507-ാം വകുപ്പ്) | വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണാനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകുമ്പോൾ, എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നു എന്ന് പരിശോധിക്കണം. രജിസ്ട്രേഷൻ എങ്ങനെ നൽകണം എന്നതിനെ സംബന്ധിച്ച് കേരള സർക്കാർ 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾക്ക് രൂപം നൽകി. | നഗരസ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്ത് പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ പൂർണ്ണമായ പട്ടിക നഗര സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിരുന്നില്ല. | 27 സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചു. വരുമാന നഷ്ടം ഉണ്ടായി. |

3.3.10 <u>വ്യയനിയന്ത്രണം</u>

തൊഴിലില്ലായ്മ വേതനത്തിന്റേയും സാമൂഹ്യ സുരക്ഷാ പെൻഷനുകളുടേയും ചെലവുകൾ പരിശോധിച്ചപ്പോൾ ആന്തരിക നിയന്ത്രണ വ്യവസ്ഥ നടപ്പാക്കുന്നതിൽ താഴെപ്പറയുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടു.

3.3.10.1 <u>അധികാരികൾ നിർദ്ദിഷ്ട ആന്തരികനിയന്ത്രണങ്ങൾ പാലിക്കാത്തത്</u>

സർക്കാർ 1998 മേയിൽ പുറപ്പെടുവിപ്പിട്ടുള്ള ഉത്തരവനുസരിച്ച് എസ്.എസ്.എൽ.സി. പാസായ 21 മുതൽ 35 വയസ്സുവരെയുള്ള 12,000 രൂപയിൽ കവിയാത്ത കുടുംബവരുമാനമുള്ളവർക്കാണ് തൊഴിലില്ലായ്മാവേതനത്തിന് അർഹതയുള്ളത്. കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിൽ 21 വയസ്സ് തികയാത്ത 24 പേർക്കും 35 വയസ്സ് കഴിഞ്ഞ 20 പേർക്കുമായി 30,760 രൂപ തൊഴിലില്ലായ്മാവേതനം നൽകിയതായി ഓഡിറ്റിൽ കണ്ടുപിടിക്കപ്പെട്ടു. ഗുണഭോക്താക്കളുടെ ജനനത്തീയതിയും മറ്റുവിവരങ്ങളും മുനിസിപ്പാലിറ്റികളിൽ ലഭ്യമായിരുന്നുവെങ്കിലും നിയന്ത്രണ നടപടികൾ നടപ്പാക്കുന്നത് ഉറപ്പുവരുത്തുന്നതിൽ സെക്രട്ടറിക്കുണ്ടായ പരാജയം നിശ്ചിത പ്രായം തികയാത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും പ്രായപരിധി കഴിഞ്ഞവരെ ഒഴിവാക്കാതിരിക്കുന്നതിനും ഇടയാക്കി. തത്ഫലമായി അനർഹരായ വ്യക്തികൾക്ക് തൊഴിലില്ലായ്മാവേതനം വിതരണം ചെയ്യേണ്ടിവന്നു.

അതുപോലെ സാമൂഹ്യ സുരക്ഷാ പെൻഷനുകളായ വിധവാപെൻഷൻ, വികലാംഗർക്കും മാനസികവളർച്ച മുരടിച്ചവർക്കുമുള്ള പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ 1997-98 മുതലും കർഷകത്തൊഴിലാളി പെൻഷൻ 1998-99 മുതലും നിയന്ത്രണ വ്യവസ്ഥകൾ പാലിക്കാതെയാണ് നഗരസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ചത്. കൊച്ചി കോർപ്പറേഷനിലെ വിധവാപെൻഷനുവേണ്ടിയുള്ള 100 അപേക്ഷകൾ പരിശോധിച്ചപ്പോൾ 62 എണ്ണത്തിൽ സെക്രട്ടറി സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം അർഹത സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. അതേസമയം കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിൽ ഒരു അപേക്ഷപോലും സെക്രട്ടറി സൂക്ഷ്മപരിശോധന നടത്തിയിട്ടില്ല. ഈ നിയന്ത്രണ പാളിച്ചയുടെ ഫലമായി, അനർഹരായ വ്യക്തികൾക്ക് വിധവാപെൻഷൻ നൽകിയിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

### 3.3.10.2 പെൻഷൻ അനുവദിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചില്ല

വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതും, അതിനുള്ള തുക പിൻവലിക്കുന്നതും വിതരണം ചെയ്യുന്നതും നഗരസ്വയംഭരണ സ്ഥാപനങ്ങൾ ആണ്. പരിശോധിച്ച നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ താഴെ വിവരിക്കുംപ്രകാരം 6327 പേർക്ക് ഇത്തരം പെൻഷനുകൾ അനുവദിച്ചിരുന്നു:

| ക്രമ നമ്പർ | പെൻഷൻ | കൊച്ചി കോർപ്പറേഷൻ | | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | | കളമശ്ശേരി മുനിസിപ്പാലിറ്റി | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|
| | | പെൻഷൻകാർ | അപേക്ഷയും മറ്റു രേഖകളും ഉള്ളവ | പെൻഷൻകാർ | അപേക്ഷയും മറ്റു രേഖകളും ഉള്ളവ | പെൻഷൻകാർ | അപേക്ഷയും മറ്റു രേഖകളും ഉള്ളവ | പെൻഷൻകാർ | അപേക്ഷയും മറ്റു രേഖകളും ഉള്ളവ | രേഖകൾ ഇല്ലാത്തവ |
| 1 | വിധവാ പെൻഷൻ | 2109 | 1285 | 522 | 458 | 225 | 198 | 2856 | 1941 | 915 |
| 2 | വാർദ്ധക്യകാല പെൻഷൻ | 965 | 869 | 110 | 69 | 110 | 92 | 1185 | 1030 | 155 |
| 3 | വികലാംഗ പെൻഷൻ | 1283 | 701 | 152 | 99 | 200 | 157 | 1635 | 957 | 678 |
| 4 | കർഷക തൊഴിലാളി പെൻഷൻ | 130 | 80 | 142 | 82 | 379 | 338 | 651 | 500 | 151 |
| | ആകെ | 4487 | 2935 | 926 | 708 | 914 | 785 | 6327 | 4428 | 1899 |

6327 പെൻഷൻകാരിൽ 1899 പേരുടെ പെൻഷനുള്ള അപേക്ഷകൾ, പരിശോധന റിപ്പോർട്ട്, ശിപാർശ തീരുമാനം എന്നീ രേഖകൾ നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലായിരുന്നു. ഇത് അപേക്ഷകളുടെ തുടർന്നുള്ള പരിശോധന അസാദ്ധ്യമാക്കി. അതുകൊണ്ട് അനർഹരായ വ്യക്തികൾക്ക് പെൻഷനുകൾ വിതരണം ചെയ്തിരിക്കാനുള്ള ആപൽസാദ്ധ്യത പ്രതിരോധിക്കുവാൻ കഴിഞ്ഞില്ല.

പെൻഷൻകാർ തുടർന്നും പെൻഷന് അർഹരാണെന്ന് ഉറപ്പുവരുത്താൻ നഗര സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പരിശോധന നടത്തേണ്ടതായിരുന്നു. പരിശോധിച്ച സ്ഥാപനങ്ങളൊന്നുംതന്നെ അത്തരം പരിശോധന 2002-03 മുതൽ 2006-07 വരെ നടത്തിയിട്ടില്ല. അർഹരായവർക്ക് മാത്രമായി പെൻഷൻ വിതരണം നിജപ്പെടുത്തി എന്നതിന് അതിനാൽ ഒരു ഉറപ്പുമില്ലായിരുന്നു.

### 3.3.11 മരാമത്ത് പണികളുടെ നിർവ്വഹണത്തിനുള്ള ആന്തരിക നിയന്ത്രണം

എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രധാന പ്രവർത്തനമേഖലയാണ് പൊതുമരാമത്ത് പണികൾ. അതുകൊണ്ട് അനുശാസിക്കപ്പെട്ട ആന്തരിക നിയന്ത്രണങ്ങൾ ഒഴിവാക്കാതെ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 3.3.11.1 നിർബന്ധമായും വേണ്ട രേഖകളില്ലാതെ മരാമത്തുപണികളുടെ നിർവ്വഹണം

മരാമത്തുപണി നടക്കുന്നസ്ഥലം കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള റോഡുകളുടെയും ഓടകളുടെയും ചെയിനേജ് നഗരസ്വയംഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയില്ല. ഓരോ നഗരസ്വയംഭരണ സ്ഥാപനവും നടത്തിയ 50 മരാമത്തു പണികൾ പരിശോധിച്ചപ്പോൾ 50 ശതമാനത്തിലേറെ പണികൾ കേരള പൊതുമരാമത്ത് വകുപ്പ് കോഡിൽ നിഷ്കർഷിക്കപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടോ പ്ലാനോ തയ്യാറാക്കാതെയാണ് ചെയ്തത് എന്ന് കാണുകയുണ്ടായി. മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളുടെ അഭാവത്തിൽ ആവശ്യമില്ലാത്ത പൊതുമരാമത്തുപണികൾ നടത്തുകയും പണികൾ തമ്മിൽ കൂടിക്കലരുകയും ഒരേ പണിതന്നെ രണ്ടുതവണ ചെയ്യുകയും ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ തള്ളിക്കളയാനാവില്ല.

### 3.3.12 അക്കൗണ്ടിംഗ് നിയന്ത്രണങ്ങൾ

### 3.3.12.1 വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലെ കാലതാമസം

ഓരോ വർഷത്തെയും വാർഷിക ധനകാര്യ പത്രിക നഗരസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതും പ്രസിദ്ധീകരിക്കേണ്ടതും അങ്ങനെ പ്രസിദ്ധീകരിച്ച കണക്കുകൾ തുടർന്നുള്ള വർഷം ജൂലൈ 31-നു മുമ്പായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതും ആണ്. എന്നാൽ 2007 ആഗസ്റ്റ് വരെയും കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികൾ 2005-06-ലെയും 2006-07-ലെയും വാർഷിക ധനകാര്യ പത്രികകൾ തയ്യാറാക്കിയിരുന്നില്ല. അങ്ങനെ, നഗരസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികോത്തരവാദിത്വം ഉറപ്പുവരുത്തുന്നതിന് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ആന്തരിക നിയന്ത്രണങ്ങൾ നടപ്പിൽവരുത്തുവാൻ സാധിച്ചില്ല. ഇത് പണം തിരിമറി, ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കൽ, മുൻവർഷത്തെ യഥാർത്ഥ വരവും ചെലവും പരിഗണിക്കാതെ ബഡ്ജറ്റ് തയ്യാറാക്കൽ തുടങ്ങിയ ആപത്സാദ്ധ്യതകൾക്കിടയാക്കി.

### 3.3.12.2 നൽകിയ അസ്സൽ രസീതുകൾ പരിശോധിക്കാത്തത്

ഒരു ഡിവിഷന്റെ ചുമതലയുള്ള റവന്യൂ ഇൻസ്പെക്ടർ, ബിൽ കളക്ടർമാർ നികുതി ദായകർക്ക് നൽകിയ അസ്സൽ രസീതുകളുടെ രണ്ടുശതമാനം അതതു രസീത് കുറ്റികളുമായി

പരിശോധിക്കണമായിരുന്നു. പരിശോധിച്ചതിന്റെ ഒരു പത്രിക ഓരോ റവന്യൂ ഇൻസ്പെക്ടറും റവന്യൂ ഓഫീസർക്ക് നൽകേണ്ടതും അദ്ദേഹം റവന്യൂ ഇൻസ്പെക്ടർ പരിശോധിക്കാത്ത അസ്സൽ രസീതുകളുടെ ഒരു ശതമാനം പരിശോധിക്കേണ്ടതും പരിശോധിച്ചതായുള്ള ഒരു സാക്ഷ്യപത്രം ഓരോ മാസവും സെക്രട്ടറിക്ക് നൽകേണ്ടതും ആണ്. പക്ഷെ പരിശോധിച്ച ഒരു നഗര സ്വയംഭരണ സ്ഥാപനത്തിലും അത്തരം പരിശോധനകൾ നടത്തിയിട്ടില്ല. ഈ ആന്തരിക നിയന്ത്രണം നടപ്പിലാക്കാത്തതിന്റെ പശ്ചാത്തലത്തിൽ പണം തിരിമറിക്കുള്ള സാദ്ധ്യതകൾ തള്ളിക്കളയാനാവില്ല.

### 3.3.13 ആസ്തികളുടെ മേലുള്ള ഭൗതിക നിയന്ത്രണം

ഭൂമി, കെട്ടിടങ്ങൾ, ഫർണിച്ചർ, ഉപകരണങ്ങൾ മുതലായ ആസ്തികളുടെ കണക്ക് സൂക്ഷിക്കുന്നതിനുവേണ്ടി നഗര സ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ രേഖകൾ സൂക്ഷിച്ചിരുന്നില്ല. ആസ്തികൾ സംരക്ഷിക്കുന്നതിനും നഷ്ടമോ കുറവോ ഉണ്ടോ എന്ന് മനസ്സിലാക്കുന്നതിനും അവയുടെ വാർഷിക ഭൗതിക പരിശോധനയും നടത്തിയില്ല. ഈ രംഗത്ത് കണ്ടുപിടിക്കപ്പെട്ട നിയന്ത്രണ പാളിച്ചകൾ താഴെ വിവരിക്കും പ്രകാരം വസ്തുവകകളെ സംബന്ധിച്ച വിവരങ്ങളുടെ ലഭ്യതയില്ലായ്മ, പ്രമാണങ്ങൾ പരിശോധിക്കാതിരിക്കൽ തുടങ്ങിയവയായിരുന്നു.

#### 3.3.13.1 വസ്തുവകകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

സ്വന്തമായുള്ള ഭൂമിയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു ആസ്തി രജിസ്റ്റർ കൊച്ചി കോർപ്പറേഷൻ സൂക്ഷിച്ചിരുന്നു. എന്നാൽ അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ പ്രസക്തമായ രേഖകളുടെ അടിസ്ഥാനത്തിലായിരുന്നില്ല. മറിച്ച് അവ 2005-06-ൽ നടത്തിയ പ്രാദേശിക സന്ദർശനങ്ങളിലൂടെ ശേഖരിച്ചവയായിരുന്നു. എല്ലാ വസ്തുവകകളെയും കുറിച്ചുള്ള വിശ്വസനീയമായ വിവരങ്ങളുടെ അഭാവത്തിൽ, കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള എല്ലാ വസ്തുവകകളും ഈ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്നും അവയെ അനധികൃത കയ്യേറ്റത്തിൽനിന്നും അന്യാധീനപ്പെടുന്നതിൽനിന്നും സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും യാതൊരുറപ്പും ഇല്ല.

#### 3.3.13.2 അധീനതയിലുള്ള പ്രമാണങ്ങൾ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചില്ല

പരിശോധിച്ച നഗര സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥാവര സ്വത്തുക്കളുടെയും മറ്റുള്ളവർ തങ്ങൾക്ക് ജാമ്യമായി നല്കിയിട്ടുള്ള സ്വത്തുക്കളുടെയും പ്രമാണങ്ങൾ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. കളമശ്ശേരി മുനിസിപ്പാലിറ്റി തങ്ങളുടെ അധീനതയിലുള്ള പ്രമാണങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. എന്നാൽ മറ്റു രണ്ടു സ്വയംഭരണ സ്ഥാപനങ്ങൾ രജിസ്റ്റർ സൂക്ഷിച്ചിരുന്നുവെങ്കിലും പ്രമാണങ്ങൾ അതത് ആസ്തികളുമായി ബന്ധപ്പെടുത്തുന്നതിനാവശ്യമായ സർവ്വേ നമ്പർ,

വിസ്തീർണ്ണം തുടങ്ങി അത്യാവശ്യം വേണ്ട വിവരങ്ങൾ ഉൾക്കൊണ്ടിരുന്നില്ല. ആസ്തികളുടെമേൽ ഭൗതിക നിയന്ത്രണം ചെലുത്തുവാൻ നഗര സ്വയംഭരണ സ്ഥാപനങ്ങളെ ഇത് അപ്രാപ്തമാക്കി.

### 3.3.13.3 സ്ഥാവര സ്വത്തുക്കളുടെ ഭൗതിക പരിശോധന

തങ്ങളുടെ ഉടമസ്ഥതയിലുള്ളതും ദാനമായി സ്വീകരിച്ചിട്ടുള്ളതും ആയ സ്ഥാവര സ്വത്തുക്കളുടെ പ്രമാണങ്ങളുടെ വാർഷിക ഭൗതിക പരിശോധന യാതൊരു നഗര സ്വയംഭരണ സ്ഥാപനവും നടത്തിയില്ല. മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം 158 പ്രമാണങ്ങൾ തങ്ങളുടെ അധീനതയിൽ ഉണ്ടെങ്കിലും യഥാർത്ഥത്തിൽ 132 എണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. 158 പ്രമാണങ്ങളിൽ 26 എണ്ണത്തിന്റെ അഭാവത്തിൽ, സ്വത്തുക്കൾ അന്യാധീനപ്പെടുത്തുന്നതിനും കയ്യേറ്റം നടക്കുന്നതിനും ഉള്ള സാദ്ധ്യത ഒഴിവാക്കാൻ കഴിഞ്ഞില്ല.

### 3.3.13.4 ജംഗമ സ്വത്തുക്കളുടെ ഭൗതിക പരിശോധന

പരിശോധിച്ച നഗര സ്വയംഭരണ സ്ഥാപനങ്ങൾ ജംഗമ സ്വത്തുക്കളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിരുന്നുവെങ്കിലും അവയൊന്നും 2002-03 മുതൽ 2002-07 വരെ വാർഷിക ഭൗതിക പരിശോധന നടത്തിയില്ല. ഈ നിയന്ത്രണ പാളിച്ചയുടെ ഫലമായി ജംഗമ സ്വത്തുക്കൾ നഷ്ടമാകുന്നതിനുള്ള അപകട സാദ്ധ്യത പരമാവധി കുറയ്ക്കാൻ സാധിച്ചില്ല.

### 3.3.14 ഭരണപരമായ നിയന്ത്രണം

ഓഫീസ് നടപടികളെക്കുറിച്ചുള്ള മാന്വൽ നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കത്തുകൾ/അപേക്ഷകൾ/പരാതികൾ എന്നിവയിൽ യഥാസമയം നടപടികൾ എടുക്കുന്നു എന്നുറപ്പുവരുത്തുന്നതിന് വിവിധ ആന്തരിക നിയന്ത്രണ നടപടികൾ അനുശാസിക്കുന്നുണ്ട്. മാന്വലിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ നഗര സ്വയംഭരണ സ്ഥാപനങ്ങൾ പിന്തുടരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന എല്ലാ കത്തുകളും നമ്പരിട്ട് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ബന്ധപ്പെട്ട സെക്ഷനുകളിലെ ഗുമസ്തർക്ക് വിതരണം ചെയ്യുകയും വേണമായിരുന്നു. ഓരോ ഗുമസ്തനും വ്യക്തിഗത രജിസ്റ്ററിൽ ഓരോ കത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്തണം. കത്തിന്മേലെടുക്കുന്ന നടപടിയുടെ വിവരങ്ങളും വ്യക്തിഗത രജിസ്റ്ററിൽ രേഖപ്പെടുത്തണമായിരുന്നു. എല്ലാ നഗര സ്വയംഭരണ സ്ഥാപനങ്ങളും വിതരണ രജിസ്റ്റർ സൂക്ഷിച്ചിരുന്നുവെങ്കിലും കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ വ്യക്തിഗത രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. കൊച്ചി കോർപ്പറേഷനിലെ 113 ഗുമസ്തരിൽ 13 പേരും

മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിലെ 17 ഉദ്യോഗസ്ഥരിൽ രണ്ടുപേരും ആണ് വ്യക്തിഗത രജിസ്റ്ററുകൾ സൂക്ഷിച്ചത്. ഓരോ ഉദ്യോഗസ്ഥനും സമർപ്പിക്കുന്ന കുടിശ്ശിക പത്രികയുടെ അടിസ്ഥാനത്തിൽ ജനറൽ സെക്ഷനിലെ സൂപ്രണ്ട് ഓരോ മാസവും ഓഫീസിന്റെ മൊത്തത്തിലുള്ള ഒരു സമാഹൃത കുടിശ്ശിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് ഓഫീസ് മേധാവിക്ക് ഓരോ മാസവും പത്താം തീയതി സമർപ്പിക്കേണ്ടതും ആയിരുന്നു. പക്ഷെ കുടിശ്ശിക റിപ്പോർട്ട് ഒരു നഗര സ്വയംഭരണ സ്ഥാപനത്തിലും 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ തയ്യാറാക്കിയിരുന്നില്ല. നിയന്ത്രണ നടപടികൾ പാലിക്കാതിരുന്നതുകൊണ്ട് കത്തുകൾ/അപേക്ഷകൾ/പരാതികൾ എന്നിവയിന്മേൽ യഥാസമയം നടപടി എടുക്കാതിരിക്കുന്നതിനുള്ള സാദ്ധ്യത ഇല്ലാതാക്കാൻ കഴിഞ്ഞില്ല.

3.3.14.1 രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേകം മുറി സജ്ജീകരിച്ചില്ല

ഓഫീസ് നടപടിക്രമങ്ങളെക്കുറിച്ചുള്ള മാന്വൽ പ്രകാരം അനുശാസിക്കപ്പെട്ട കാലയളവുവരെ പഴയരേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഒരു റെക്കോഡ് കീപ്പറുടെ മേൽനോട്ടത്തിൽ പ്രത്യേകമായി ഒരു റെക്കോർഡ് മുറിയിൽ അവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധിച്ച യാതൊരു നഗര സ്വയംഭരണ സ്ഥാപനത്തിലും റെക്കോർഡ് മുറി സജ്ജീകരിക്കുകയോ കൊച്ചി കോർപ്പറേഷനൊഴികെയുള്ളവയിൽ റെക്കോർഡ് കീപ്പറെ നിയമിക്കുകയോ ചെയ്തില്ല. ഈ ആന്തരിക നിയന്ത്രണ പാളിച്ച പഴയ രേഖകൾ നശിക്കാനുള്ള സാദ്ധ്യത നിലനിർത്തിക്കൊണ്ട്, സെക്ഷനുകളിൽത്തന്നെ കുന്നുകൂട്ടിയിടുന്നതിനിടയാക്കി.

3.3.15 മറ്റു നിയന്ത്രണങ്ങൾ

3.3.15.1 പദ്ധതി രജിസ്റ്റർ സൂക്ഷിക്കാത്തത്

തങ്ങൾ ഏറ്റെടുത്ത ഓരോ പദ്ധതിയുടെയും വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് നഗര സ്വയംഭരണ സ്ഥാപനങ്ങൾ ഒരു പദ്ധതി രജിസ്റ്റർ സൂക്ഷിക്കണമായിരുന്നു. പക്ഷെ കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിൽ 2003-04 ഒഴികെ പരിശോധിച്ച സ്ഥാപനങ്ങളിലൊന്നും 2002-03 മുതൽ 2006-07 വരെ ഈ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. ഈ രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെ ഫലമായി, ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതി പൂർത്തിയായോ മുതലായ വിവരങ്ങൾ മനസ്സിലാക്കാൻ കഴിയാതെ വരികയും അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കുന്നതിനും പദ്ധതികൾ പൂർത്തീകരിക്കാതിരിക്കുന്നതിനും ഉള്ള ആപത് സാദ്ധ്യത കണ്ടുപിടിക്കാൻ കഴിയാതെ വരികയും ചെയ്തു.

3.3.15.2 വാഹനങ്ങളുടെ ഇന്ധനക്ഷമതാപരിശോധന നടത്താത്തത്

ഇന്ധനോപയോഗത്തിൽ മിതവ്യയം സാദ്ധ്യമാക്കുന്നതിനുവേണ്ടി വാഹനങ്ങളുടെ ഇന്ധനക്ഷമതാപരിശോധന ആണ്ടിലൊരിക്കൽ നടത്തേണ്ടതുണ്ട്. പക്ഷേ, കൊച്ചി കോർപ്പറേഷൻ 62 വാഹനങ്ങളിൽ 16 എണ്ണത്തിനുമാത്രം പരിശോധന നടത്തിയപ്പോൾ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ അഞ്ച് വാഹനങ്ങളും 2004-നുശേഷം ഇന്ധനക്ഷമത പരിശോധിച്ചില്ല. തത്ഫലമായി, ആവശ്യമായതിലധികം ഇന്ധനം ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

3.3.16 ആന്തരിക നിയന്ത്രണത്തിന്റെ പര്യാപ്തത

നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിലുൾക്കൊണ്ടിട്ടുള്ള എല്ലാത്തരം ആപത് സാദ്ധ്യതകളും പരമാവധി കുറയ്ക്കുന്നതിന് പര്യാപ്തമായിരിക്കണം നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന ആന്തരിക നിയന്ത്രണങ്ങൾ. എന്നാൽ നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കപ്പെട്ട ആന്തരിക നിയന്ത്രണങ്ങൾ താഴെപ്പറയുന്ന മേഖലകളിലെ ആപത് സാദ്ധ്യത കുറയ്ക്കുന്നതിന് പര്യാപ്തമായിരുന്നില്ല.

3.3.16.1 ഓടയുടെ ഭൂപടങ്ങൾ തയ്യാറാക്കിയില്ല

നഗര സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചതും അവരുടെ സ്വന്തമായിട്ടുള്ളതും ആയ ഓടകളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന ഓടകളുടെ ഭൂപടം തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥയുടെ അഭാവത്തിൽ, അനുമതി നൽകിയ അധികാരികൾക്ക് ഒരു പ്രവൃത്തിയുടെ ഭാഗം മറ്റൊന്നിൽ ഉൾപ്പെട്ടിട്ടില്ല എന്നും ഒരു പ്രവൃത്തിതന്നെ വീണ്ടും ചെയ്തിട്ടില്ല എന്നും ഉറപ്പാക്കാൻ കഴിഞ്ഞില്ല. 2003-04-ൽ കൊച്ചി കോർപ്പറേഷൻ താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾ നിർവ്വഹിക്കുകയുണ്ടായി:

(i) വാത്തുരുത്തിയിൽ ഇടവഴിയുടെയും ഓടയുടെയും അറ്റകുറ്റപ്പണികളും സ്ലാബിടലും;

(ii) വാത്തുരുത്തിയിൽ ഓടനിർമ്മാണവും, സ്ലാബിടലും ഇടവഴി കോൺക്രീറ്റ് ചെയ്യലും.

രണ്ടു പ്രവൃത്തികളും 2003 മാർച്ചിൽ ഒരേ കരാറുകാരനെത്തന്നെ ഏല്പിക്കുകയും അദ്ദേഹം അത് പൂർത്തിയാക്കുകയും രണ്ടു പ്രവൃത്തികൾക്കും കൂടി 8.44 ലക്ഷം രൂപ 2003 സെപ്റ്റംബറിൽ കൈപ്പറ്റുകയും ചെയ്തു. ഈ പ്രവൃത്തികൾ നടന്ന സ്ഥലത്തിന്റെ പ്ലാൻ പ്രകാരം രണ്ട് ഓട നിർമ്മാണങ്ങളും വാത്തുരുത്തിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഓടയുമായി ബന്ധപ്പെട്ടവയായിരുന്നു. അളവുപുസ്തകത്തിലും എസ്റ്റിമേറ്റിലും കാണിച്ചിരിക്കുന്ന അളവുകൾ

യഥാർത്ഥ അളവുകളുമായി യോജിക്കുന്നില്ല. ഓടകളുടെ രൂപടത്തിന്റെ അഭാവത്തിൽ, ഒരു പ്രവൃത്തിയുടെ ഭാഗം മറ്റൊന്നിൽ ഉൾപ്പെട്ടിട്ടില്ല എന്നും ഒരേ പ്രവൃത്തി തന്നെ വീണ്ടും ചെയ്തിട്ടില്ല എന്നും ഉറപ്പുവരുത്തുന്ന കാര്യത്തിൽ കൊച്ചി കോർപ്പറേഷൻ പരാജയപ്പെട്ടു.

3.3.16.2 <u>ആന്തരിക നിയന്ത്രണത്തിന്റെ അപര്യാപ്തത ഒരു പരിശോധനയുമില്ലാതെ 1.19 കോടി രൂപ നല്കുന്നതിനിടയാക്കി</u>

ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കരാറുകാർ മുഖേന ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള ഏർപ്പാട് നഗര സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തിരുന്നുവെങ്കിലും എത്തിച്ച കുടിവെള്ളത്തിന്റെ അളവിനനുസൃതമായി പണം നൽകുന്നത് നിയന്ത്രിക്കുന്നതിനുള്ള സുവ്യക്തമായ ഒരു ആന്തരിക നിയന്ത്രണ സംവിധാനം ഉണ്ടായിരുന്നില്ല. അത്തരം ഒരു സംവിധാനത്തിന്റെ അഭാവത്തിൽ, എത്തിച്ച കുടിവെള്ളത്തിന്റെ അളവ് വേണ്ടവിധം പരിശോധിക്കാതെ കൊച്ചി കോർപ്പറേഷനും കളമശ്ശേരി മുനിസിപ്പാലിറ്റിയും കരാറുകാർക്ക് 2002-03 മുതൽ 2006-07 വരെ 1.19 കോടി രൂപ, താഴെ വിവരിച്ചിരിക്കുന്നതുപോലെ നൽകി:

*(രൂപ ലക്ഷത്തിൽ)*

| വർഷം | ചെലവായ തുക | | |
|---|---|---|---|
| | കൊച്ചി കോർപ്പറേഷൻ | കളമശ്ശേരി മുനിസിപ്പാലിറ്റി | ആകെ |
| 2002-03 | ഇല്ല | 4.17 | 4.17 |
| 2003-04 | 5.46 | 1.30 | 6.76 |
| 2004-05 | 18.16 | 4.52 | 22.68 |
| 2005-06 | 32.01 | ഇല്ല | 32.01 |
| 2006-07 | 52.95 | 0.29 | 53.24 |
| ആകെ | 108.58 | 10.28 | 118.86 |

നഗര സ്വയംഭരണ സ്ഥാപനങ്ങൾ ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നുവെങ്കിലും ഓരോ സ്ഥലത്തും എത്തിച്ച കുടിവെള്ളത്തിന്റെ അളവിനെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. കളമശ്ശേരി മുനിസിപ്പാലിറ്റി ജലവിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെപ്പോലും ഏർപ്പെടുത്തിയിരുന്നില്ല. ആന്തരിക നിയന്ത്രണ സംവിധാനം നിഷ്കർഷിക്കാതിരുന്നതുകൊണ്ടാണ് ഈ പാളിച്ച സംഭവിച്ചത്.

### 3.3.16.3 വ്യാജമായ നിക്ഷേപ രസീതുകൾ ഈടായി നൽകിയത്

ഉടമ്പടിയിലേർപ്പെടുന്ന സമയത്ത് കരാറുകാർ നിശ്ചിത നിരക്കിൽ കരുതൽ നിക്ഷേപം നൽകേണ്ടതുണ്ട്. പണത്തിനുപകരം സ്ഥിര നിക്ഷേപ രസീതുകളും മറ്റ് നിക്ഷേപ രസീതുകളും കരുതൽ നിക്ഷേപമായി ഈടുനൽകുവാൻ അവരെ അനുവദിച്ചിരുന്നു. എന്നാൽ കരുതൽ നിക്ഷേപമായി കരാറുകാർ ഹാജരാക്കുന്ന സ്ഥിര നിക്ഷേപ രസീതുകളുടെ സത്യാവസ്ഥ ഉറപ്പുവരുത്തുന്നതിന് ഒരു ആന്തരിക നിയന്ത്രണ സംവിധാനവും ഇല്ലായിരുന്നു. തത്ഫലമായി,സ്ഥിര നിക്ഷേപ രസീത് സ്വീകരിക്കുകയും നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ സത്യാവസ്ഥ ഉറപ്പാക്കാതെ സൂക്ഷിക്കുകയും ചെയ്തു. കൊച്ചി കോർപ്പറേഷൻ സൂക്ഷിച്ചിട്ടുള്ള സ്ഥിര നിക്ഷേപ രസീതുകൾ അവ ലഭിച്ച സ്ഥാപനങ്ങളിലെ രേഖകളുമായി ബന്ധപ്പെടുത്തി ഓഡിറ്റ് പരിശോധിച്ചപ്പോൾ മൂന്ന് കരാറുകാർ ഈടുനൽകിയ അഞ്ച് നിക്ഷേപ രസീതുകളിൽ ഒരു ലക്ഷം രൂപ മൊത്തം മൂല്യമുള്ള മൂന്നെണ്ണം വ്യാജമാണെന്ന് കണ്ടുപിടിക്കപ്പെട്ടു. നിക്ഷേപ രസീതുകൾ ഈട് നൽകുവാൻ കരാറുകാരെ അനുവദിച്ചപ്പോൾ രസീതിന്റെ സത്യാവസ്ഥ ഉറപ്പുവരുത്തുന്ന തിനുള്ള നിയന്ത്രണ നടപടികൾ നിഷ്കർഷിക്കാതിരുന്നത് കൃത്രിമത്തിനിടയാക്കി. വിശദമായ അന്വേഷണത്തിനായി ഇക്കാര്യം കൊച്ചി കോർപ്പറേഷനെ 2007 ജൂലൈയിൽ അറിയിച്ചുവെങ്കിലും നടപടിയൊന്നും കൈക്കൊണ്ടില്ല.

### 3.3.17 ആഭ്യന്തര ഓഡിറ്റ്

കണക്ക് സൂക്ഷിക്കുന്നതിന്റെയും ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെയും പര്യാപ്തത പരിശോധിക്കുകയും വിലയിരുത്തുകയും നിരീക്ഷിക്കുകയും ചെയ്യുക എന്നത് ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ ചുമതലകളിലുൾപ്പെടുന്നു. തട്ടിപ്പ്, തെറ്റുകൾ മുതലായവ തടയുന്നതിനും സംഘടനാ സംവിധാനവും നടപടിക്രമങ്ങളും വിലയിരുത്താനും ഇത് സഹായകരമാണ്. മുനിസിപ്പാലിറ്റി നിയമത്തിൽ ആഭ്യന്തര ഓഡിറ്റ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരുന്നില്ല. ആന്തരിക നിയന്ത്രണത്തിലെ പാളിച്ചകളും ആന്തരിക നിയന്ത്രണങ്ങളുടെ ന്യൂനതകളും അഭാവവും കണ്ടുപിടിക്കുന്നതിനും അത് നഗര സ്വയംഭരണ സ്ഥാപനങ്ങളെയും സർക്കാരിനെയും അറിയിക്കുന്നതിനും പരിശോധിച്ച സ്ഥാപനങ്ങളിൽ യാതൊരു സംവിധാനവും ഇല്ലായിരുന്നു. ആഭ്യന്തര ഓഡിറ്റിന്റെ അഭാവമാണ് മുൻ ഖണ്ഡികകളിൽ വിവരിച്ച നിയന്ത്രണ പാളിച്ചകൾക്ക് വഴിവെച്ചത്.

#### 3.3.17.1 പെർഫോർമൻസ് ഓഡിറ്റ്

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾതന്നെ കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനുമായി പെർഫോർമൻസ് ഓഡിറ്റ് എന്നു വിളിക്കുന്ന, പ്രവർത്തനങ്ങളും ഇടപാടുകളും നടക്കുന്നതിനോടൊപ്പമുള്ള ഓഡിറ്റ്, 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ

രീതിയും ഓഡിറ്റ് സമ്പ്രദായവും) ചട്ടങ്ങളിൽ അനുശാസിക്കുന്നു. സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ ഓരോ നഗര സ്വയംഭരണ സ്ഥാപനത്തിലും ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കൽ ഇത് നടത്തണം. എന്നാൽ താഴെ വിവരിക്കും പ്രകാരം മൂന്നു മാസത്തിലൊരിക്കൽ പ്രസ്തുത പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടില്ലെന്ന് ഓഡിറ്റിൽ കാണുകയുണ്ടായി:

| വർഷം | ചെയ്യേണ്ടിയിരുന്ന പെർഫോർമൻസ് ഓഡിറ്റുകൾ | നടത്തിയ പെർഫോർമൻസ് ഓഡിറ്റുകൾ | | |
|---|---|---|---|---|
| | | കൊച്ചി കോർപ്പറേഷൻ | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | കളമശ്ശേരി മുനിസിപ്പാലിറ്റി |
| 2002-03 | 4 | 1 | 1 | 1 |
| 2003-04 | 4 | 1 | 1 | 1 |
| 2004-05 | 4 | 2 | 1 | 2 |
| 2005-06 | 4 | 2 | 1 | 2 |
| 2006-07 | 4 | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |

നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പെർഫോർമൻസ് ഓഡിറ്റ് നടത്താത്തത് പ്രശ്നങ്ങൾ കണ്ടുപിടിക്കാതിരിക്കുന്നതിനുള്ള സാദ്ധ്യത വർദ്ധിപ്പിച്ചു

3.3.18 മനുഷ്യശക്തിയുടെ പര്യാപ്തത

മുനിസിപ്പൽ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട ചുമതലകളും ഉദ്യോഗസ്ഥരും സ്ഥാപനങ്ങളും പദ്ധതികളും 1995 ഒക്ടോബർ 2 മുതൽ സർക്കാർ നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. തത്ഫലമായി ഉദ്യോഗസ്ഥരുടെ ജോലിഭാരം വർദ്ധിച്ചുവെങ്കിലും അത് കണക്കാക്കുന്നതിനുള്ള ഒരു പഠനം നടത്തുകയും ഉദ്യോഗസ്ഥരുടെ എണ്ണം പുനർനിർണ്ണയിക്കുകയും ചെയ്തില്ല. സർക്കാർ വകുപ്പുകളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും സിഎജിയുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിലെ 3.3.10 ഉം 3.3.11 ഉം ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നതു പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ വേണ്ടവിധം നിറവേറ്റാതിരിക്കുന്ന വിധത്തിൽ ഉദ്യോഗസ്ഥരുടെ വിന്യാസത്തിൽ കുറവുണ്ടായിരുന്നു. ഈ റിപ്പോർട്ടിന്റെ ഈ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഉദ്യോഗസ്ഥരുടെ ഈ കുറവ് ആന്തരിക നിയന്ത്രണങ്ങളെ ദുർബലമാക്കി.

### 3.3.19 തുടർനിരീക്ഷണവും വിലയിരുത്തലും

#### 3.3.19.1 ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കാത്തത്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1-ലെ 63-ാം വകുപ്പ് പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുവേണ്ടി ഓരോ ഓഫീസിലും ഒരു ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ ആന്തരികനിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി സൂക്ഷിച്ചിരിക്കണം. എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട മൂന്ന് നഗര സ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിനിടയാക്കുംവിധം ഈ രജിസ്റ്റർ 2002-03 മുതൽ 2006-07 വരെ സൂക്ഷിച്ചിട്ടില്ലായിരുന്നു. താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം ഈ സ്ഥാപനങ്ങളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ഓഡിറ്റ് തടസ്സങ്ങളുടെ എണ്ണം 267 ആയിരുന്നു:

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | തീർപ്പാകാത്ത ഓഡിറ്റ് റിപ്പോർട്ടുകൾ | തീർപ്പാകാത്ത ഓഡിറ്റ് ഒബ്ജക്ഷനുകൾ | കാലയളവ് | |
|---|---|---|---|---|---|
| | | | | മുതൽ | വരെ |
| 1 | കൊച്ചി കോർപ്പറേഷൻ | 8 | 140 | 1997-98 | 2005-06 |
| 2 | കളമശ്ശേരി മുനിസിപ്പാലിറ്റി | 4 | 48 | 1997-98 | 2006-07 |
| 3 | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 5 | 79 | 1997-98 | 2006-07 |
| | ആകെ | 17 | 267 | | |

തടസ്സങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി വളരെ മോശമായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

#### 3.3.19.2 ഓഡിറ്റിനുള്ള പ്രതികരണം

ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകൾക്കും ക്രമക്കേടുകൾക്കും പരിഹാര നടപടികൾ നഗര സ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതായിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും (ഡിഎൽഎഫ്എ) സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസറും(എസ്പിഎഒ) അക്കൗണ്ടന്റ് ജനറലും (എജി) പുറപ്പെടുവിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ അവയിൽ ഉൾക്കൊള്ളുന്ന നിരീക്ഷണങ്ങൾ ചർച്ചചെയ്യുന്നതിനുവേണ്ടി കൗൺസിൽ മുമ്പാകെ വയ്ക്കേണ്ടതായിരുന്നു. നഗര സ്വയംഭരണ സ്ഥാപനങ്ങൾ താഴെ വിവരിക്കും പ്രകാരം കൗൺസിൽ മുമ്പാകെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തി.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഡിഎൽഎഫ്എ | | പെർഫോർമൻസ് ഓഡിറ്റ് | | എ.ജി. (ഓഡിറ്റ്) | |
|---|---|---|---|---|---|---|
| | 2002-07-ൽ ലഭിച്ച റിപ്പോർട്ടുകൾ | കൗൺസിലിൽ വച്ച റിപ്പോർട്ടുകൾ | 2002-07-ൽ ലഭിച്ച റിപ്പോർട്ടുകൾ | കൗൺസിലിൽ വച്ച റിപ്പോർട്ടുകൾ | 2002-07-ൽ ലഭിച്ച റിപ്പോർട്ടുകൾ | കൗൺസിലിൽ വച്ച റിപ്പോർട്ടുകൾ |
| കൊച്ചി കോർപ്പറേഷൻ | 2 | 0 | 5 | 3 | 4 | 2 |
| കളമശ്ശേരി മുനിസിപ്പാലിറ്റി | 1 | 1 | 5 | 1 | 2 | 1 |
| മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 0 | 0 | 4 | 1 | 3 | 1 |

ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കാതിരുന്നത് ഡിഎൽഎഫ്എ, എസ്പിഎ, എ.ജി. എന്നിവർ റിപ്പോർട്ട് ചെയ്ത ക്രമക്കേടുകളുടെമേൽ നടപടിയെടുക്കുന്നതിൽനിന്ന് കൗൺസിലിനെ തടഞ്ഞു.

3.3.20 നിഗമനം

നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വലിപ്പവും രീതിയും ആയി താരതമ്യം ചെയ്യുമ്പോൾ ആന്തരിക നിയന്ത്രണ വ്യവസ്ഥ വളരെ ദുർബലവും അപര്യാപ്തവും ആയിരുന്നുവെന്ന് അതിന്റെ അവലോകനത്തിൽ വെളിവായി. ബജറ്റ് നിയന്ത്രണം, വ്യയ നിയന്ത്രണം, സാമ്പത്തിക നിയന്ത്രണം, ഭൗതിക നിയന്ത്രണം എന്നിവയെ സംബന്ധിച്ച ചട്ടങ്ങളും നിബന്ധനകളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെട്ടില്ല. വിഭവങ്ങൾ നഷ്ടപ്പെടുന്നതിനും സർക്കാർ പണം തിരിമറി നടത്തുന്നതിനും എതിരെ ന്യായമായ ഉറപ്പ് നൽകുവാൻ ഈ സംവിധാനത്തിനായില്ല. പ്രവർത്തനലക്ഷ്യങ്ങൾ കൈവരിക്കുകയും വിഭവങ്ങളെ നഷ്ടത്തിൽ നിന്ന് സംരക്ഷിക്കുകയും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലെ മിതവ്യയവും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ അതിന് കഴിഞ്ഞില്ല. ആഭ്യന്തര ഓഡിറ്റിന് സംവിധാനം ഉണ്ടായിരുന്നില്ല. പെർഫോർമൻസ് ഓഡിറ്റ് കാലാകാലങ്ങളിൽ നടത്തിയിരുന്നില്ല. ഓഡിറ്റിനുള്ള പ്രതികരണവും തൃപ്തികരമായിരുന്നില്ല.

(സി. ആന്റ് എ.ജി.യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

കാഷ് ബുക്കിന്റെ അനുചിതമായ സൂക്ഷിപ്പ് സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ കാഷ് ബുക്കിലെ

പോരായ്മകൾ പരിഹൃതമായത് സംബന്ധിച്ച് പരാമർശിക്കാത്തത് ബോധപൂർവ്വമാണോ എന്ന് സമിതി ആരാഞ്ഞതിന് കാഷ് ബുക്ക് പരിപാലിക്കുന്നതിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഒരു കാഷ് ബുക്ക് മാത്രമേ പാടുള്ളൂവെന്ന് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവുകൾ കൃത്യമായി പാലിക്കപ്പെടാത്തതിനാൽ എല്ലാ മുനിസിപ്പാലിറ്റികളിലും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തോടെയുള്ള കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയെന്നും കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ കാഷ് ബുക്കിലെ പോരായ്മകൾ പരിഹരിച്ചിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ ആയത് സംബന്ധിച്ചുള്ള വിവരം ഉൾപ്പെടുത്താതിരുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഓരോ നഗരസഭയിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ചപ്പോൾ വിട്ടുപോയതാണെന്നും വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

2. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട കാലയളവിൽ, ശരിയായ രീതിയിൽ കാഷ് ബുക്ക് സൂക്ഷിക്കാൻ ബാധ്യസ്ഥരായവർ അതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് എന്ത് നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞതിന് ആയതിന്മേൽ നടപടി എടുക്കുന്നതാണെന്ന് കളമശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കാഷ് ബുക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ നൽകിയിട്ടില്ല.

4. കൊച്ചി കോർപ്പറേഷനിൽ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള 5.41 ലക്ഷം രൂപ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് സമിതി ആരാഞ്ഞതിന് ആയത് സംബന്ധിച്ച് വിജിലൻസ് കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും അതിന്റെ എൻക്വയറി നടന്നുകൊണ്ടിരിക്കുകയാണെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

5. 2004-ൽ തുടങ്ങിയ കേസ് 8 വർഷമായി തുടർന്നുവരുന്നുവെന്ന് കൊച്ചി കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി. കേസിന്റെ ഇപ്പോഴത്തെ അവസ്ഥ, പെറ്റി കാഷ് ബുക്ക് പരിപാലിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകാതിരിക്കുകയും ടി വിഷയം

സംബന്ധിച്ച് സമിതി മുമ്പാകെ വ്യക്തമാക്കിയ തുടർനടപടിക്കുറിപ്പിൽ വിജിലൻസ് കേസ് നിലവിലുള്ള വിവരം പരാമർശിക്കാതിരിക്കുകയും ചെയ്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും സമിതി മുമ്പാകെ അപൂർണ്ണമായ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സമിതിയോടുള്ള അനാദരവായി കാണുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

6. പ്രസ്തുത ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങൾ മൂന്നാഴ്ചയ്ക്കുള്ളിൽ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

7. കൊച്ചി കോർപ്പറേഷനിൽ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള 5.41 ലക്ഷം രൂപ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ ഇപ്പോഴത്തെ അവസ്ഥ, പെറ്റി കാഷ് ബുക്ക് പരിപാലിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി എന്നിവ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നതിന് സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

8. "പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുക നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് കുറ്റക്കാരായി കാണപ്പെട്ട യു.ഡി. ക്ലാർക്ക് ശ്രീ. ടി. ടി. സുധീർ, ശ്രീ. എം. ജെ. മത്തായി, സെക്ഷൻ സൂപ്രണ്ട് ശ്രീ. ജോസഫ് ലൂക്ക എന്നിവരെ 13-12-2004-ൽ നഗരകാര്യ ഡയറക്ടർ സസ്പെന്റ് ചെയ്തു. ഇതിൽ യു.ഡി. ക്ലാർക്ക് ശ്രീ. എം. ജെ. മത്തായി, സെക്ഷൻ സൂപ്രണ്ട് ശ്രീ. ജോസഫ് ലൂക്ക എന്നിവരുടെ സസ്പെൻഷൻ നഗരകാര്യ ഡയറക്ടർ പിൻവലിച്ചു. ശ്രീ. ടി. ടി. സുധീറിനെതിരെ വിജിലൻസ് കേസ് ആരംഭിച്ചു. നഗരകാര്യ ഡയറക്ടറുടെ 15-5-2006-ലെ ഉത്തരവുപ്രകാരം ശ്രീ. ടി. ടി സുധീറിനെതിരെയുള്ള സസ്പെൻഷൻ പിൻവലിച്ച് അദ്ദേഹത്തെ മട്ടന്നൂർ നഗരസഭയിൽ നിയമിച്ചു. ശ്രീ. ടി. ടി. സുധീറിനെതിരെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ സി.സി.10/09 നമ്പരിലുള്ള കേസ് ഇപ്പോഴും വിചാരണയിലാണ് എന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്."

9. ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ പ്രകാരം കൊച്ചി, മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളിൽ കണക്കുകൾ ഇനംതിരിച്ച് കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം കാഷ്ബുക്കുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബിൽ ബുക്ക് എന്നിവ സൂക്ഷിച്ചുവരുന്നുവെന്നും എല്ലാമാസവും ബാങ്ക് അക്കൗണ്ടുകളുമായി റിക്കൺസിലിയേഷൻ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള ഗവൺമെന്റ് മറുപടി സമിതി അംഗീകരിച്ചു.

10. മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ കാഷ്യർക്ക് ഒന്നിൽക്കൂടുതൽ രസീത് ബുക്കുകൾ ഒന്നിച്ചുനൽകിയെന്നതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഫീൽഡിൽ പോകുന്നവർക്ക് ഒന്നിൽക്കൂടുതൽ രസീത് ബുക്ക് നൽകരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓഫീസിലെ കളക്ഷന് ഇപ്പോൾ കമ്പ്യൂട്ടറൈസ്ഡ് രസീതാണുള്ള തെന്നുമുള്ള സർക്കാറിന്റെ മറുപടി സമിതി അംഗീകരിച്ചു.

11. മുൻകൂർ ഇനത്തിൽ 2006-07 വരെ നൽകിയ 10.37 കോടി രൂപ ക്രമപ്പെടുത്താത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ പ്രസ്തുത തുക എന്ത് ആവശ്യത്തിനുവേണ്ടി നൽകിയതാണെന്നും ഓരോ നഗരസഭയും എത്ര രൂപ വീതം ക്രമപ്പെടുത്താനുണ്ടെന്നും സമിതി ആരാഞ്ഞു. കൊച്ചി കോർപ്പറേഷനിൽ 2011-12 വരെ 5.69 കോടി രൂപയാണ് ക്രമപ്പെടുത്താനുണ്ടായിരുന്നതെന്നും അതിൽ 4.41 കോടി രൂപ നഗരത്തിലെ ഖരമാലിന്യങ്ങൾ നീക്കുന്നതിന് കളക്ടർക്ക് നൽകിയിരുന്നതാണെന്നും ശേഷിക്കുന്ന 1.28 കോടി രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കാനുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

12. സർക്കാർ രേഖാമൂലം നൽകിയിട്ടുള്ള മറുപടിയിൽ, ബന്ധപ്പെട്ട ജീവനക്കാരുടെ അനാസ്ഥ കാരണം ഈടാക്കാൻ പറ്റാത്ത അവസ്ഥയിലാണെന്ന് പരാമർശിച്ചിട്ടുള്ള 16.39 ലക്ഷം രൂപ തിരിച്ചു പിടിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് സർവ്വീസിൽ നിന്ന് വിരമിച്ച കോർപ്പറേഷൻ ചീഫ് എഞ്ചിനീയർ ശ്രീ. കെ. ആർ. ഗോപാലകൃഷ്ണൻ കൈപ്പറ്റിയിട്ടുള്ള 18 ലക്ഷം രൂപയുമായി ബന്ധപ്പെട്ട കേസാണിതെന്നും ടിയാൻ ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തതിനെത്തുടർന്ന് റിക്കവറി നടപടികൾ തുടരാനായില്ലെന്നും ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. പണം ദുരുപയോഗവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാണെന്നും ശ്രീ. കെ. ആർ. ഗോപാലകൃഷ്ണന്റേതുമാത്രമാണ് തിരിച്ചുപിടിക്കാൻ സാധിക്കാതെ പോയതെന്നും കോടതി നിർദ്ദേശ പ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുകയാണെന്നും സെക്രട്ടറി സമിതിയുടെ തുടർ ചോദ്യങ്ങൾക്ക് മറുപടി നൽകി.

13. ശ്രീ. കെ. ആർ. ഗോപാലകൃഷ്ണന്റെ പേരിൽ ഒരു കോടിയിൽപ്പരം രൂപയുടെ ക്രമീകരിക്കാത്ത മുൻകൂർ ഉണ്ടായിരുന്നെന്നും ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചപ്പോൾ ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെന്നും ഹൈക്കോടതി വിധി പ്രകാരം 18 ലക്ഷം രൂപയൊഴികെയുള്ള തുക സെറ്റിൽ ചെയ്തുവെന്നും ഓഫീസേഴ്സിന് വാഹനം വാങ്ങുന്നതിനുവേണ്ടി മുൻകൂർ നൽകിയ 18 ലക്ഷം രൂപയ്ക്ക് വാഹനം

വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിലുണ്ടെന്നും ആയത് സംബന്ധിച്ച് ഫയലിൽ ക്രമീകരണം നടന്നിട്ടില്ലെന്ന മാത്രമേ ഉള്ളൂവെന്നും കൊച്ചി കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ സമിതി മുമ്പാകെ വിശദീകരണം നൽകി.

14. കളമശ്ശേരി, മൂവാറ്റുപുഴ നഗരസഭകളെ സംബന്ധിച്ച് സർക്കാർ മറുപടിയിൽ പരാമർശമില്ലാത്തതെന്താണെന്ന് സമിതി അന്വേഷിച്ചു.കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 2006-07 മുതൽ 36 കേസുകളുണ്ടായിരുന്നെന്നും ഇതിൽ 16 എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും 20 എണ്ണത്തിൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

15. നിയമസഭാസമിതിക്ക് രേഖാമൂലം ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ വിശദവും കൃത്യവുമായ വിവരങ്ങളില്ലെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

16. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള വിശദമായ മറുപടി രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ധരിപ്പിച്ചു

17. മുൻകൂറുകൾ ക്രമപ്പെടുത്താത്തതു സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച ഹൈക്കോടതി വിധി ഉൾപ്പെടെയുള്ള റിപ്പോർട്ടും ഫയലിൽ പിഴവ് സംഭവിച്ചതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുന്ന റിപ്പോർട്ടും മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളെ സംബന്ധിച്ച വിശദമായ റിപ്പോർട്ടും അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറോട് സമിതി നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് സർക്കാർ സമർപ്പിച്ച മറുപടി ചുവടെ ചേർക്കുന്നു:

18. "മൂവാറ്റുപുഴ നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക അനുവദിച്ചിരുന്നതും 2007-08 വർഷം വരെ ക്രമപ്പെടുത്താതിരുന്ന മുൻകൂറുകൾ ഓഡിറ്റ് നിർദ്ദേശപ്രകാരം ബന്ധപ്പെട്ട ജീവനക്കാർക്ക് നോട്ടീസ് നൽകി തുകകൾ തിരിച്ച് അടപ്പിച്ചും/ക്രമവൽക്കരിച്ചും നല്ലൊരു ശതമാനം ക്രമവൽക്കരിച്ചു കഴിഞ്ഞിട്ടുള്ളതുമാണ്. അവശേഷിക്കുന്ന തുകകൾകൂടി ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചുവരുന്നതുമാണ്. 20-7-2008-ൽ 245 എണ്ണമുണ്ടായിരുന്ന മുൻകൂറുകൾ 140 ആയി ചുരുക്കിയിട്ടുള്ളതും ബാക്കി 105 എണ്ണം ക്രമവൽക്കരിച്ചിട്ടുള്ളതുമാണ്.

19. കളമശ്ശേരി നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2002-03 മുതൽ 2006-07 വരെയുള്ള ഓഡിറ്റ് കാലയളവിൽ 36 എണ്ണം ക്രമവൽക്കരിക്കാതെ

ഉണ്ടായിരുന്നതിൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 19 എണ്ണം ക്രമീകരിച്ചിട്ടുള്ളതാണ്. അഡ്വാൻസ് ക്രമീകരിക്കാത്ത 4 ഉദ്യോഗസ്ഥരിൽ നിന്നും സാലറി റിക്കവറിയിലൂടെ അഡ്വാൻസ് ക്രമീകരിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള 13 അഡ്വാൻസുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകി റിക്കവറി നടപടി സ്വീകരിച്ചുവരുന്നു.

20. **കൊച്ചി കോർപ്പറേഷൻ** : കൊച്ചി നഗരസഭയിൽ മുൻകൂർ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

മുൻകൂർ ക്രമപ്പെടുത്താത്തതു സംബന്ധിച്ച് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മുൻകൂർ തുക സ്വീകരിച്ച് ശ്രീ. കെ. ആർ. ഗോപാലകൃഷ്ണന്റെ (റിട്ട.സി.ഇ.) പേരിൽ അനുവദിച്ച 14.99 ലക്ഷം രൂപ സംബന്ധിച്ച് എറണാകുളം വിജിലൻസ് മുമ്പാകെ വി.ഇ.-08/11/ഇ.കെ.എം. നമ്പറായി പരാതി നിലവിലുള്ളതും ആയതു സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് എടുത്തിട്ടുള്ളതുമാണ്. ടിയാന് നൽകിയ അഡ്വാൻസ് തുക വാഹനം വാങ്ങുന്നതിലേക്കായി അനുവദിച്ചതാണെന്ന് കണ്ടതിനാൽ ടി വാഹനങ്ങൾ വാങ്ങി ആർ.ടി.ഒ. മുമ്പാകെ ഹാജരാക്കി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച വിവരങ്ങൾ ആരാഞ്ഞ് ബോധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്താൻ കഴിയാത്തതിനാൽ അഡ്വാൻസ് ക്രമീകരിക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

21. ശ്രീ. ടി. പി. ഗോപിനാഥ് (റിട്ട.സി.ഇ.), ശ്രീ. എസ്. രാധാകൃഷ്ണൻ (റിട്ട.എ.ഇ.) എന്നിവരുടെ പേരിൽ അഡ്വാൻസ് അനുവദിച്ച ഫയലുകളും കണ്ടെത്താനാകാത്ത തിനാലാണ് അഡ്വാൻസ് ക്രമീകരിക്കാത്തത്. ടിയാളുകളിൽനിന്നും ടിയാളുകൾക്ക് ഇൻഡമിനിറ്റി ബോണ്ടിന് ജാമ്യക്കാരായവരിൽനിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചുവെങ്കിലും ആയതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 21679/12 പ്രകാരം ശ്രീ. ടി. പി. ഗോപിനാഥ് (റിട്ട.സി.ഇ.) സ്റ്റേ സമ്പാദിക്കുകയും ശ്രീ. എസ്. രാധാകൃഷ്ണൻ ബഹുമാനപ്പെട്ട ലോകായുക്തയിൽനിന്നും സ്റ്റേ വാങ്ങുകയും ചെയ്തിരിക്കുകയാണ്. എന്നിരുന്നാലും അഡ്വാൻസ് അനുവദിച്ച ഫയലുകൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും പിഴവ് സംഭവിച്ചതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരുവിവരം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം നടപടി സ്വീകരിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു."

22. തെരഞ്ഞെടുത്ത നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം യഥാസമയം ബഡ്ജറ്റ് നിശ്ചിതസമയപരിധിക്കുള്ളിൽ തന്നെ പാസാക്കിയിട്ടുള്ളതാണ് എന്ന സർക്കാരിന്റെ മറുപടി സമിതി അംഗീകരിച്ചു

23. ബഡ്ജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കാതിരിക്കുന്നതിനായി ബിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ടെന്നും ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നുമുള്ള മറുപടി സമിതി അംഗീകരിച്ചു

24. 'നികുതി-നികുതിയേതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലുമുള്ള അപായസാദ്ധ്യതകൾ' എന്ന ഓഡിറ്റ് പരാമർശത്തിൽ ക്രമനമ്പർ 1 മുതൽ 8 വരെ അക്കമിട്ട് വിശദീകരിച്ചിട്ടുള്ള നികുതി-നികുതിയേതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും ഉള്ള അപായ സാധ്യതകൾ എന്ന ഓഡിറ്റ് ഖണ്ഡികയിൽ ക്രമനമ്പർ 5-കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ ഉടമ്പടി രജിസ്റ്ററും വാടക രജിസ്റ്ററും യഥാവിധി സൂക്ഷിക്കാതിരുന്നത്-സംബന്ധിച്ച പോരായ്മകൾ പരിഹരിച്ച് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. വാണിജ്യസമുച്ചയങ്ങളുടെ വാടകക്കാരുമായി ഉടമ്പടി വയ്ക്കൽ സംബന്ധിച്ച് 12 കെട്ടിടങ്ങളാണുള്ളതെന്നും അതിൽ 4 കെട്ടിടങ്ങൾക്ക് എഗ്രിമെന്റ് വയ്ക്കുകയും 8 കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ടെന്നും കളമശ്ശേരി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

25. ക്രമനമ്പർ 7-ൽ പരാമർശിച്ചിട്ടുള്ള വിഷയം സംബന്ധിച്ച് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ചിരുന്ന 75 ആശുപത്രികൾക്കെതിരെയും അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞെങ്കിലും വ്യക്തമായ മറുപടി ലഭ്യമായില്ല.

26. മൂവാറ്റുപുഴ മുനിസിപ്പാലിറ്റി കൃത്യമായി തൊഴിൽ നികുതി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെന്നും അതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടെന്നും ക്രമനമ്പർ 4-ലെ പരാമർശം സംബന്ധിച്ച ചോദ്യത്തിന് മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

27. ക്രമനമ്പർ 3-ലെ പരാമർശം സംബന്ധിച്ച സമിതിയുടെ അന്വേഷണത്തിന് 2012-ാമാണ്ട് വരെയുള്ള തൊഴിൽക്കരം ഈടാക്കിയിട്ടുണ്ടെന്ന് കളമശ്ശേരി മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. ഡി. ആന്റ് ഒ. ലൈസൻസ് പ്രകാരം വ്യാപാരവാണിജ്യങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ പട്ടിക സൂക്ഷിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞതിന് ഡി. ആന്റ് ഒ. ലൈസൻസ് പ്രകാരമുള്ള രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും സൂക്ഷിക്കുന്നുണ്ടെന്നും അക്കാര്യം വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

28. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ ക്രമനമ്പർ 8 വരെയുള്ള ഓരോ പരാമർശത്തിനും കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച യാതൊരു പരാമർശവും സർക്കാർ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ പരാമർശവുമായി ബന്ധപ്പെട്ട ഓരോ നഗരസഭയുടെയും വ്യക്തവും വിശദവുമായ റിപ്പോർട്ട് ഒരു മാസത്തിനകം നൽകണമെന്ന് നഗരകാര്യ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

സമിതിയുടെ നിർദ്ദേശപ്രകാരം സർക്കാർ സമർപ്പിച്ച മറുപടി ചുവടെ ചേർക്കുന്നു:

29. ക്രമനമ്പർ I-ലെ 'നികുതി-നികുതിയേതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിലും ഉള്ള അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച്' എന്ന പരാമർശത്തിന്മേലുള്ള മറുപടി താഴെപ്പറയുന്നു:

30. "മൂവാറ്റുപുഴ നഗരസഭയിൽ, വസ്തു നികുതി ചുമത്തുന്നത് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനാൽ നികുതി ഇനത്തിലുള്ള നഷ്ടം പരിഹരിക്കാൻ കഴിയുന്നു. കെട്ടിട നിർമ്മാണാനുമതി നൽകി കാലാവധി കഴിഞ്ഞിട്ടുള്ളതും സമയം പുതുക്കുന്നതിന് അപേക്ഷിച്ചിട്ടില്ലാത്ത കേസുകളിലും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതും/എന്നാൽ പൂർത്തീകരണം നടത്തി ഉപയോഗിച്ചുവരുന്നതുമായ കെട്ടിടങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് പുറംവാതിൽ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിലവിൽ നികുതി-നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിച്ച് ചട്ടപ്രകാരം നോട്ടീസ് നൽകി സമയബന്ധിതമായി ഈടാക്കിവരുന്നു. ഇപ്രകാരം 5,54,101 രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

31. കളമശ്ശേരി നഗരസഭയിൽ 2003 മുതൽ 2007 വരെയുള്ള കാലയളവിൽ നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങൾക്ക് യഥാസമയം ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിരുന്നതാണ്. ഇപ്രകാരം ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങൾക്ക് നഗരസഭ യഥാസമയം നികുതി ചുമത്തിയിട്ടുള്ളതാണ്. എന്നാൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ ഒക്യുപ്പൻസി കൊടുത്ത വിവരം രേഖപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതാണ്. 2006-07-ന് ശേഷമുള്ള എല്ലാ ഫയലുകളിലും ബിൽഡിംഗ് പെർമിറ്റ്, ഒക്യുപെൻസി എന്നിവയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണവും നികുതി നിശ്ചയിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങൾ കണ്ടുപിടിക്കുന്നതിന് നഗരസഭാ റവന്യൂ ഇൻസ്പെക്ടർ, ബിൽഡിംഗ് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ക്രമനമ്പർ 2-ലെ 'ഓഫീസ് മേധാവികൾ ജീവനക്കാരുടെ തൊഴിൽക്കരം നിർണ്ണയിക്കുന്നതും ഈടാക്കുന്നതും' എന്ന പരാമർശം സംബന്ധിച്ച മറുപടി ചുവടെ ചേർക്കുന്നു:

32. "**മൂവാറ്റുപുഴ നഗരസഭ:** തൊഴിൽ നികുതി ഈടാക്കുന്നതിന് നിശ്ചിത സമയ പരിധിക്കുള്ളിൽ നോട്ടീസ് നൽകുകയും നികുതി അടപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതുമാണ്. ശമ്പളം വാങ്ങുന്ന ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചുവരുന്നതും പിഴവ് കൂടാതെ നികുതി ഈടാക്കിവരുന്നതുമാണ്. ഓഫീസ് മേധാവികൾ തങ്ങളുടെ കീഴിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പള വിവരങ്ങൾ നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച് നഗരസഭയിൽ അടച്ചുവരുന്നുണ്ട്. 2002-03 മുതൽ 2006-07 വരെ ഇത്തരത്തിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ ഈ നഗരസഭയിൽ പ്രവർത്തിക്കുന്നില്ല. നികുതി വിധേയമായ സ്ഥാപനങ്ങളിൽനിന്ന് നികുതി ഈടാക്കിയിട്ടുണ്ട്. ആഡിറ്റ് പരാമർശ പ്രകാരമുള്ള നഷ്ടം ഉണ്ടായിട്ടില്ല.

33. മൂവാറ്റുപുഴ നഗരസഭയിൽ ഓഡിറ്റ് കാലയളവിൽ 195 ഓഫീസ് സ്ഥാപനങ്ങൾ നിലവിലുണ്ടായിരുന്നതിൽ മുഴുവൻ സ്ഥാപന മേധാവികൾക്കും തൊഴിൽ നികുതി സംബന്ധിച്ച് റിട്ടേൺ സമർപ്പിക്കുന്നതിന് നിശ്ചിത ഫോറത്തിൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധവർഷ വരുമാനം നിശ്ചിത പരിധിയിൽ കുറവുള്ള സ്ഥാപനങ്ങൾ റിട്ടേൺ നൽകാതിരിക്കുകയോ നികുതി അടയ്ക്കുകയോ ചെയ്യാതിരുന്നതുമൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ റിട്ടേൺ സമർപ്പിക്കാത്തവരെ കണ്ടെത്തി റിട്ടേൺ വാങ്ങിയിട്ടുള്ളതും നികുതിയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളതും ആണ്. നിലവിൽ 275 സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വരുന്നതുമാണ്. പുതിയതായി ഇപ്രകാരം 80 സ്ഥാപനങ്ങൾ കൂടി നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

34. ഓഡിറ്റ് പരാമർശകാലയളവിൽ നഗരസഭയിൽ രജിസ്ട്രേഷനുള്ള 2274 സ്ഥാപനങ്ങളുണ്ടായിരുന്നതും, രജിസ്ട്രേഷനില്ലാത്ത 71 സ്ഥാപനങ്ങൾ കണ്ടെത്തി അവരിൽ നിന്നും നിയമപ്രകാരമുള്ള നികുതി ഈടാക്കിയിട്ടുള്ളതുമാണ്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ ഒഴിവായി പോയത് സംബന്ധിച്ച് ബന്ധപ്പെട്ട ബി.സി./ആർ.ഐ.മാർ നേരിട്ട് പരിശോധന നടത്തുകയും തുടർന്നുള്ള വർഷങ്ങളിൽ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട് എന്നുറപ്പുവരുത്തി ഓരോ വാർഡിലെയും

സ്ഥാപനങ്ങളുടെ ലിസ്റ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനങ്ങളിൽ നിന്നും നോട്ടീസ് നൽകി നികുതി ഈടാക്കി വരുന്നതുമാണ്. ആയത് സംബന്ധിച്ച് രജിസ്റ്ററുകളും മറ്റ് രേഖകളും പ്രത്യേകം തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

35. **കളമശ്ശേരി നഗരസഭ**: നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെയും പേരുവിവരം അടങ്ങിയ രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നുണ്ട്. അതത് സാമ്പത്തിക വർഷം ലഭിക്കുന്ന തൊഴിൽ നികുതി രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നുണ്ട്. കുടിശ്ശിക വരുത്തുന്നവർക്ക് നോട്ടീസ് നൽകി പിഴ ഉൾപ്പെടെ പിരിച്ചെടുത്തിട്ടുണ്ട്".

ക്രമനമ്പർ 3-ലെ 'തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും കമ്പനികളുടെയും നികുതി നിർണ്ണയിക്കുന്നത് ' എന്ന പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

36. "**മൂവാറ്റുപുഴ നഗരസഭ** : തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും കമ്പനികളുടെയും പേരുകൾ ഉൾപ്പെടുത്തിയ പട്ടിക യഥാസമയം തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. തൊഴിൽ നികുതി പട്ടിക തയ്യാറാക്കിയശേഷം വരുന്ന മാസങ്ങളിലെ വ്യാപാരസ്ഥാപനങ്ങൾക്ക് തൻ അർദ്ധവർഷത്തിൽ നികുതി ഈടാക്കുന്നതിന് കഴിയാറില്ല. സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിൽ ലൈസൻസിന് അപേക്ഷിക്കുന്നവർക്കും വർഷത്തിന്റെ തുടക്കം മുതൽ തന്നെയാണ് ലൈസൻസ് അനുവദിക്കുന്നത്. അപ്രകാരം ചെയ്യുന്നതുമൂലം ലൈസൻസ് നൽകുന്ന എല്ലാവർക്കും തൊഴിൽ നികുതി ഈടാക്കിയെന്ന് ഉറപ്പുവരുത്തി റവന്യൂ സെക്ഷനിൽ നിന്നും പരിശോധിച്ച് ലൈസൻസ് ആപ്ലിക്കേഷനിൽ രസീത് നമ്പർ സഹിതം എഴുതിയാൽ മാത്രമേ ലൈസൻസ് ഫീസടപ്പിച്ച് ലൈസൻസ് നൽകുകയുള്ളൂ.

37. 2006-2007 വർഷത്തിൽ ഡി. & ഒ. ലൈസൻസ് നൽകിയിട്ടുള്ള വ്യാപാരികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നുള്ള പരാമർശം പരിശോധിച്ചതിൽ 13 സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അസ്സസ്സ്മെന്റ് നടത്തിയിട്ടില്ല എന്ന് കണ്ടെത്തി. ഈ സ്ഥാപനങ്ങൾ മത്സ്യമാർക്കറ്റിന്റെ ഫിഷ് സ്റ്റാളുകൾ ആണ്. ടി സ്വകാര്യ മാർക്കറ്റിന് ഫിഷ് മാർക്കറ്റിലെ നിലവിലുള്ള സ്റ്റാളുകളുടെയും പരിസര വാസികളും തമ്മിലുണ്ടായ ചില തർക്കത്തെ തുടർന്ന് ലൈസൻസ് എടുത്ത മേൽപ്പടി സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങാതിരുന്നതുകൊണ്ടാണ് തൊഴിൽ നികുതി ഈടാക്കാൻ കഴിയാതെ വന്നത്.

38. കൂടാതെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾത്തന്നെ ടി സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് ബന്ധപ്പെട്ട എച്ച്.ഐ., ആർ.ഐ. മാർക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് തൊഴിൽ നികുതി അടച്ച രസീത് നമ്പർ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയതിനുശേഷം മാത്രമാണ് ലൈസൻസ് പുതുക്കി നൽകുന്നത്.

39. **കളമശ്ശേരി നഗരസഭ**: നിലവിൽ തൊഴിൽ നികുതി അടയ്ക്കുന്നവർക്ക് മാത്രമാണ് ഡി. & ഒ. ലൈസൻസ് പുതുക്കി നൽകുന്നത്. ഡി. & ഒ. ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തുനോക്കി പരിശോധിക്കുന്നുണ്ട്. നഗരസഭാ ഓഫീസ് മൂന്ന് പ്രാവശ്യം ഷിഫ്റ്റ് ചെയ്തതുകൊണ്ട് പഴയ രേഖകളും രജിസ്റ്ററുകളും പലതും തന്നെ നഷ്ടപ്പെട്ട് പോയിട്ടുള്ളതാണ്."

**ക്രമനമ്പർ 4-ലെ 'തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നത്' എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി ചുവടെ ചേർക്കുന്നു:**

40. "**മൂവാറ്റുപുഴ നഗരസഭ:** നിലവിൽ മൂവാറ്റുപുഴ നഗരസഭയിൽ തൊഴിൽ നികുതി രജിസ്റ്ററുകൾ സൂക്ഷിച്ചുവരുന്നതും ഈ രജിസ്റ്ററുകളിൽ ഓരോ നികുതിദായകരുടെയും പേര്, വിലാസം, ഈടാക്കിയ നികുതി തുക, പിരിച്ചെടുത്ത നികുതി തുക, ബാക്കി നിൽക്കുന്ന തുക എന്നിവ രേഖപ്പെടുത്തി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. കൃത്യമായി നികുതി നൽകാത്ത നികുതിദായകർക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചതുപ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ നികുതി കുടിശ്ശിക ഇനത്തിൽ 52,190 രൂപ ഈടാക്കിയിട്ടുള്ളതുമാണ്.

41. **കളമശ്ശേരി നഗരസഭ**: കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെ ഈടാക്കി രജിസ്റ്ററിൽ വരവ് വെയ്ക്കുന്നുണ്ട്."

ക്രമനമ്പർ 5-ലെ 'വാണിജ്യ സമുച്ചയങ്ങളുടെ വാടകക്കാരുമായി ഉടമ്പടി വെയ്ക്കൽ' എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

42. "**മൂവാറ്റുപുഴ നഗരസഭ:** നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ കുത്തക ക്കാരുമായി വാടക കരാർ പുതുക്കുമ്പോൾ എഗ്രിമെന്റ് വയ്ക്കുന്ന നടപടി വർഷങ്ങളായി തുടർന്നു പോരുന്നതാണ്. ഇതിന്റെ വിവരങ്ങളുടെ രജിസ്റ്ററും വാടക രജിസ്റ്ററും കൃത്യമായി മെയിന്റെയിൻ ചെയ്തു വരുന്നുണ്ട്. വാടകക്കാരിൽ നിന്ന് വാടക ഈടാക്കാതെ ഒരു മുറികളും

നൽകിയിട്ടില്ല. ചില മുറികളുടെ കുത്തകക്കാർ കുടിശ്ശിക വരുത്താറുണ്ടെന്നുള്ളത് വാസ്തവമാണ്. ടി മുറിക്കാർക്ക് നോട്ടീസ് നല്കുകയും പിഴപ്പലിശ സഹിതം വാടക ഈടാക്കി വരുന്നതും ആണ്.

വാണിജ്യ സമുച്ചയങ്ങളിലെ ആകെ മുറികളുടെ എണ്ണം - 292.

നിലവിൽ കാലാവധി തുടരുന്ന മുറികളുടെ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. പുതുക്കാനുള്ള മുറികളുടെ കാര്യം കൗൺസിൽ പരിഗണനയിലാണ്.

43. **കളമശ്ശേരി നഗരസഭ**: നഗരസഭ കെട്ടിടങ്ങൾ പുതിയതായി വാടകയ്ക്ക് നൽകുമ്പോൾ നിലവിൽ എഗ്രിമെന്റ് വച്ച് ഡെപ്പോസിറ്റ് അടപ്പിച്ചാണ് നൽകുന്നത്. നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിരിക്കുന്ന എല്ലാപേർക്കും വാടക കുടിശ്ശിക അടച്ച് എഗ്രിമെന്റ് പുതുക്കുന്നതിനുള്ള നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കക്ഷികൾ കുടിശ്ശിക അടച്ച് എഗ്രിമെന്റ് പുതുക്കി വരുന്നുണ്ട്. നിലവിൽ എല്ലാ വാടകക്കാരും എഗ്രിമെന്റ് പുതുക്കുന്നുണ്ട്."

**ക്രമനമ്പർ 6-ലെ 'ആപൽക്കരവും അസഹ്യവും ആയ വ്യാപാര ലൈസൻസ് (ഡി. & ഒ.) വ്യാപാരികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നത്' എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:**

44. "**മൂവാറ്റുപുഴ നഗരസഭ**: 2005-2006 വർഷത്തിൽ നഗരസഭ 2071 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 2005-06 മുതൽ 2009-10 വരെയുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|
| 2071 | 2059 | 2022 | 2111 | 2101 |

2005-06 വർഷത്തേക്കാൾ 12 കുറവാണ് 2006-07-ൽ 2006-07-നേക്കാൾ 37 കുറവാണ് 2007-08-ൽ വന്നിട്ടുള്ളത്. ഓഡിറ്റ് വന്നതിനുശേഷം 2008-09-ൽ 89 എണ്ണം അധികം നൽകിയിട്ടുണ്ട്. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ യഥാസമയം പരിശോധിച്ച് നോട്ടീസ് നൽകി ലൈസൻസ് നൽകിയിട്ടുള്ളതാണ്. 2012-13-ലെ ഡി. & ഒ. രജിസ്റ്റർ പ്രകാരം നഗരസഭയിൽ ഡി. & ഒ. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന 2105 സ്ഥാപനങ്ങളുണ്ട്. ഡി. & ഒ. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിരുന്ന 8 സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുകയും ലൈസൻസ് പുതുക്കാതെയുണ്ടായിരുന്ന 42 വ്യാപാര സ്ഥാപനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുള്ളതും കേരള മുനിസിപ്പൽ ആക്ട് പ്രകാരം പിഴ സഹിതം ഫീസ് അടപ്പിച്ചിട്ടുള്ളതുമാണ്.

45. **കളമശ്ശേരി നഗരസഭ**: വ്യാപാരികൾ സാധുവായ ലൈസൻസോടു കൂടിയാണോ വ്യാപാരം നടത്തുന്നത് എന്നറിയാൻ വ്യാപാരികളുടെ പരിസരങ്ങൾ പരിശോധന നടത്തിയിട്ടുള്ളതാണ്. ആകെ 1640 വ്യാപാരസ്ഥാപനങ്ങളാണ് ഉള്ളത്. ഡി. & ഒ. ലൈസൻസ് പ്രകാരം വ്യാപാരവും വാണിജ്യവും നടത്തുന്ന സ്ഥലങ്ങളുടെ പട്ടിക സൂക്ഷിച്ചിട്ടുള്ളതാണ്. ഡി. & ഒ. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളെ തതിയായ പിഴയോടു കൂടി ലൈസൻസ് എടുപ്പിച്ചിട്ടുള്ളതാണ്".

**ക്രമനമ്പർ 7-ലെ 'സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ' എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി ചുവടെ ചേർക്കുന്നു:**

46. "**മൂവാറ്റുപുഴ നഗരസഭ:** പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2005-06-ൽ 56 എണ്ണത്തിനാണ് രജിസ്ട്രേഷൻ നൽകിയിട്ടുള്ളത്.

| 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 |
|---|---|---|---|---|---|
| 56 | 57 | 44 | 54 | 48 | 43 |

2005-06 നേക്കാൾ ഒരു സ്ഥാപനം 2006-07-ൽ അധികമായി ലൈസൻസ് എടുത്തിട്ടുണ്ട്. 2007-08-ൽ 13 എണ്ണം കുറവാണ് നൽകിയിട്ടുള്ളത്. 2008-09-ൽ മുൻവർഷത്തേക്കാൾ 10 എണ്ണം കൂടിയിട്ടുണ്ട്. 2009-10-ൽ 6 എണ്ണം കുറവാണ് നൽകിയിട്ടുള്ളത്. 10 -11-ൽ മുൻവർഷത്തേക്കാൾ 5 എണ്ണം കുറവാണുള്ളത്.

47. നിലവിൽ രജിസ്ട്രേഷനുള്ള 51 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും നഗരസഭാ പരിധിയിലുണ്ട്. രജിസ്ട്രേഷനില്ലാത്ത രണ്ട് സ്ഥാപനങ്ങൾ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 53 പാരാമെഡിക്കൽ സ്ഥാപനങ്ങൾ നഗരസഭാ പരിധിയിലുള്ളതിന്റെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

**കളമശ്ശേരി നഗരസഭ**: കളമശ്ശേരി നഗരസഭാ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നതും 2008-09 സാമ്പത്തിക വർഷം രജിസ്ട്രേഷൻ ഉള്ളതുമായ സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും എണ്ണം-7 ആകെയുള്ള സ്വകാര്യ ആശുപത്രിയുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും എണ്ണം -7 രജിസ്ട്രേഷൻ ഇല്ലാത്തവ - ഇല്ല ".

ക്രമനമ്പർ 8-ലെ 'ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ' എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി ചുവടെ ചേർക്കുന്നു:

48. "**മൂവാറ്റുപുഴ നഗരസഭ:** നിലവിൽ രജിസ്ട്രേഷനുള്ള 6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുണ്ട്. രജിസ്ട്രേഷനില്ലാത്ത 4 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ കണ്ടെത്തി രജിസ്റ്റർ ചെയ്യിച്ചിട്ടുണ്ട്. ഇപ്രകാരം 10 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നഗരസഭാ പരിധിയിലുണ്ട്. ഇതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

49. **കളമശ്ശേരി നഗരസഭ**: നഗരസഭ പ്രദേശത്തുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതാണ്. ആകെ രണ്ടെണ്ണം ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രജിസ്ട്രേഷൻ എടുക്കാത്തവ ഒന്നും തന്നെ ഇല്ല."

<u>ഖണ്ഡിക 3.3.10.1</u>

50. 'അധികാരികൾ നിർദ്ദിഷ്ട ആന്തരിക നിയന്ത്രണങ്ങൾ പാലിക്കാത്തത് ' എന്ന ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് തൊഴിലില്ലായ്മ വേതനം, സാമൂഹ്യസുരക്ഷാ പെൻഷനുകൾ എന്നിവ അനർഹർക്ക് വിതരണം ചെയ്യാനിടയായതിന് ഉത്തരവാദികളാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്നും സമിതി ആരാഞ്ഞുവെങ്കിലും മറുപടി ലഭിച്ചില്ല. പഠനവിധേയമായ മൂന്ന് നഗരസഭകളിലും ഈ പോരായ്മകളുണ്ടായിരുന്നെന്നും ഓഡിറ്റ് പരാമർശം 30,760 രൂപ യുടേതാണെങ്കിലും മാനദണ്ഡം ലംഘിച്ച് അനർഹർക്ക് നൽകിയത് തെറ്റുതന്നെയാണെന്നും സമിതി വിലയിരുത്തി. കൊച്ചി കോർപ്പറേഷനിൽ ഇതു സംബന്ധിച്ച് ഓഡിറ്റ് തടസ്സമില്ലായിരുന്നെന്ന് കൊച്ചി നഗരസഭാ സെക്രട്ടറി അറിയിച്ചു.

51. 21 വയസ്സ് പൂർത്തിയാകാതെ തൊഴിലില്ലായ്മ വേതനം ലഭിച്ചവർക്ക് അവർ വേതനം ലഭിക്കാൻ അർഹരായശേഷം തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകിയപ്പോൾ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയും പിന്നീട് പ്രസ്തുത തുക തിരിച്ചുപിടിച്ചതിനുശേഷം മാത്രം തൊഴിലില്ലായ്മ വേതനം തുടർന്ന് നൽകുകയും ചെയ്തുവെന്ന് കളമശ്ശേരി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

52. തൊഴിലില്ലായ്മ വേതനം, സാമൂഹ്യസുരക്ഷാ പെൻഷനുകൾ എന്നിവ മാനദണ്ഡം പാലിക്കാതെ അനർഹർക്ക് വിതരണം ചെയ്തതിന് ഉത്തരവാദികളാരാണെന്ന് കണ്ടെത്തി അതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തൊഴിലില്ലായ്മാ വേതനം, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എന്നിവ മാനദണ്ഡം പാലിക്കാതെ അനർഹർക്ക് വിതരണം ചെയ്തതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

53. "**മൂവാറ്റുപുഴ നഗരസഭ**: തൊഴിൽരഹിത വേതനം കൈപ്പറ്റുന്നതിന് അർഹതയില്ലാത്തവർക്ക് നഗരസഭയിൽ നിന്നും വിതരണം നടത്തിയ തുക തിരിച്ചുപിടിച്ച് ഗവൺമെന്റിന്റെ സഞ്ചിതനിധിയിൽ അടച്ചിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്ന് ഉറപ്പ് നൽകുന്നു. 21 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് നൽകിയിട്ടുള്ള 20 പേരുടെ വേതനം അവരുടെ 1/2007 മുതൽ 7/2007 വരെയുള്ള കാലയളവിലെ തൊഴിൽരഹിത വേതനത്തിൽ നിന്നും തിരികെ പിടിച്ചിട്ടുള്ളതാണ്.

54. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി വിതരണം ചെയ്തുകൊണ്ടിരുന്ന തൊഴിലില്ലായ്മ വേതനം നഗരസഭകൾവഴി വിതരണം ചെയ്യുന്ന അവസ്ഥ ആയതിനാലാണ് ഇപ്രകാരം ഒരു തെറ്റ് സംഭവിക്കാൻ കാരണം. കൂടാതെ 35 വയസ്സ് കഴിഞ്ഞ ആർക്കും തന്നെ ഈ നഗരസഭയിൽ നിന്നും വേതനം നൽകിയിട്ടില്ലാത്തതുമാണ്.

55. സാമൂഹ്യസുരക്ഷാ പെൻഷനുകളായ വിധവ പെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവയിൽ രേഖകൾ സഹിതം അപേക്ഷ ലഭിച്ചശേഷം ടി അപേക്ഷകൾ റവന്യൂ ഇൻസ്പെക്ടർ പരിശോധന നടത്തി മുനിസിപ്പൽ സെക്രട്ടറി മേലൊപ്പ് വച്ച് അർഹതയുള്ളവരുടെ അപേക്ഷകൾ മാത്രം നഗരസഭ ക്ഷേമകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച് ഇതിൽ വാർദ്ധക്യകാല പെൻഷന്റെയും കർഷകതൊഴിലാളി പെൻഷന്റെയും അപേക്ഷകൾ ജില്ലാ കളക്ടറുടെ ഓഫീസിലേക്ക് അയച്ച് അവിടെനിന്നും അംഗീകാരം ലഭിച്ചാൽ മാത്രമാണ് വിതരണം ചെയ്യുന്നത്. വിധവ, വികലാംഗ പെൻഷനുകളുടെ അപേക്ഷയും ഇപ്രകാരം സെക്രട്ടറി മേലൊപ്പ് വച്ച് കമ്മിറ്റി അംഗീകാരത്തിനുശേഷം പോസ്റ്റോഫീസിൽ ഓരോ ഗുണഭോക്താക്കളുടെ പേരിൽ അക്കൗണ്ട് ആരംഭിച്ച് അക്കൗണ്ടിലേക്ക് നഗരസഭ തുക നല്കി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ആൾ മരണപ്പെട്ടിട്ടുണ്ടെങ്കിൽ ഗുണഭോക്താക്കളുടെ പേര് നീക്കം ചെയ്യുന്നു. കൂടാതെ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യുമ്പോഴും പേര് നീക്കം ചെയ്തുവരുന്നു. ഗുണഭോക്താക്കളുടെ ലിസ്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയും നിലവിൽ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തുകയും വാർഷിക പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ട്.

56. **കളമശ്ശേരി നഗരസഭ**: തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള അപേക്ഷകൾ വളരെ വിശദമായി പരിശോധിക്കുന്നുണ്ട്. അനർഹരായ വ്യക്തികൾക്ക് തൊഴിലില്ലായ്മ വേതനം ഇപ്പോൾ വിതരണം ചെയ്യുന്നില്ല. കൂടാതെ സാമൂഹ്യസുരക്ഷ പെൻഷൻ അപേക്ഷകൾ സെക്രട്ടറി തന്നെ നേരിട്ട് സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷം മാത്രം പാസാക്കുന്നു. പഴയ രേഖകൾ ഒന്നും നിലവിൽ ഇല്ല. 3 തവണ ഓഫീസ് ഷിഫ്റ്റിംഗ് നടത്തിയിട്ടുള്ളതിനാൽ കണ്ടെത്താനും കഴിഞ്ഞിട്ടില്ല.

57. ശ്രീമതി പി. എസ്. ബിന്ദു, എൽ.ഡി.സി., ശ്രീ. എൻ. വിജയകുമാർ, സെക്രട്ടറി, ശ്രീ. കെ. വി. എസ്. ശിവൻ, സെക്രട്ടറി എന്നിവരാണ് തുക അനർഹർക്ക് വിതരണം ചെയ്തതിന് ഉത്തരവാദികളെന്ന് കണ്ടെത്തിയിട്ടുണ്ട്.

58. **കൊച്ചി കോർപ്പറേഷൻ**: സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ട് വാർഡുകമ്മിറ്റി എന്നിവയുടെ അംഗീകാരത്തിന് ശേഷമാണ് അനുവദിക്കപ്പെടുന്നത്. റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ അപേക്ഷകളും സെക്രട്ടറി പരിശോധിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നുണ്ട്. പ്രസ്തുത പരാമർശത്തിൽ കൊച്ചി നഗരസഭയിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ആർക്കുംതന്നെ കൂടുതൽ നൽകുകയോ തൊഴിലില്ലായ്മ വേതനവും സാമൂഹ്യസുരക്ഷാ പെൻഷനുകളും അനർഹർക്ക് നൽകുകയോ ചെയ്തിട്ടില്ല."

59. സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ വിതരണം സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നതിനായി കളമശ്ശേരി മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികളെപ്പറ്റി സമിതി ആരാഞ്ഞു. ഇതു സംബന്ധിച്ച വിശദമായ മറുപടി ഒരു മാസത്തിനുള്ളിൽ നൽകാമെന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിക്ക് ഉറപ്പുനൽകി.

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിനായി കളമശ്ശേരി മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചതനുസരിച്ച് സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

60. "കളമശ്ശേരി നഗരസഭ : കളമശ്ശേരി നഗരസഭയിൽ ഇപ്പോൾ രേഖകൾ എല്ലാം തന്നെ സൂക്ഷിച്ച് വച്ചിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്നതിനുള്ള മുൻകാല രേഖകൾ ഓഫീസ് ഷിഫ്റ്റിംഗ് സമയത്ത് നഷ്ടപ്പെട്ടിട്ടുള്ളതാണ്."

61. '**നിർബന്ധമായും വേണ്ട രേഖകളില്ലാതെ മരാമത്ത് പണികളുടെ നിർവ്വഹണം**' എന്ന ഓഡിറ്റ് പരാമർശം കൊച്ചി നഗരസഭയെ സംബന്ധിച്ചതാണെന്ന് നിരീക്ഷിച്ച സമിതി, എസ്റ്റിമേറ്റ് തയ്യാറാക്കാതെ എങ്ങനെ പണം കൊടുത്തുവെന്ന് അന്വേഷിച്ചു. ഇപ്പോൾ എല്ലാ രേഖകളും പരിശോധിക്കുന്നുണ്ടെന്നും എല്ലാ പണികളും തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി കോർപ്പറേഷൻ എഞ്ചിനീയർ/പ്രോജക്ട് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റില്ലാതെ പണം നൽകാറില്ലെന്നും 2002-07 വരെയുള്ള പ്രസ്തുത കേസുകൾ അനുബന്ധ രേഖകളില്ലാതെയുള്ളതാണെങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്നും കൊച്ചി നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശമുൾപ്പെടുത്തിയിട്ടുള്ള റിപ്പോർട്ട് 2008 ഫ്രെബ്രുവരിയിലാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് സമിതി ഓർമ്മപ്പെടുത്തി.

62. 2002 മുതൽ 2007 വരെയുള്ള കാലയളവിലെ 50 കേസുകളിലെ ഓരോന്നിന്റെയും അപാകത ചൂണ്ടിക്കാട്ടി നടപടിയെടുക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ട് ഓഡിറ്റ് വേളയിൽ കൊച്ചി കോർപ്പറേഷനിൽ നൽകിയെങ്കിലും ഒരു മറുപടിപോലും ലഭിച്ചില്ലെന്നും ഫയലുകളിലൊന്നും എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ലെന്നും ഓടകളുടെ സൈഡ് കെട്ടുന്നത് സംബന്ധിച്ച ഒരു കേസിൽ മെഷർമെന്റ് പറയാതെ ഒരാളുടെ വീട് മുതൽ മറ്റൊരാളുടെ വീടുവരെ എന്ന് അവ്യക്തമായാണ് പറഞ്ഞിരിക്കുന്നതെന്നും എ.ജി.യുടെ ഓഫീസിൽ സേവനമനുഷ്ഠിച്ച അവസരത്തിൽ മേൽപ്പറഞ്ഞ ഖണ്ഡികകളിലെ അപാകതകളുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കിയ അറിവിന്റെ വെളിച്ചത്തിലാണ്

ഇത് അറിയിക്കുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട് യോഗ ദിവസം ലഭ്യമാക്കാമെന്നാണ് നഗരസഭ പറഞ്ഞിരുന്നതെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് എസ്.പി.എ.ഒ. കൂട്ടിച്ചേർത്തു.

63. പ്രസ്തുത അപാകതകൾ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിൽ പിഴവ് സംഭവിച്ചിട്ടുണ്ടെന്നും അമ്പതോളം കേസുകളുള്ളതിനാൽ അതു സംബന്ധിച്ച വ്യക്തമായ മറുപടി സമർപ്പിക്കുന്നതിന് സമയം അനുവദിക്കണമെന്നും കൊച്ചി നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചു.

64. കേരള പൊതുമരാമത്ത് കോഡിൽ നിഷ്കർഷിക്കപ്പെട്ട എസ്റ്റിമേറ്റോ, റിപ്പോർട്ടോ, പ്ലാനോ തയ്യാറാക്കാതെ പണികൾ ചെയ്യുമ്പോൾ ആവശ്യമില്ലാത്ത പണികൾ നടത്താനോ, പണികൾ തമ്മിൽ കൂടിക്കലരാനോ, ഒരേ പണിതന്നെ രണ്ടുതവണ ചെയ്യുന്നതിനോ ഉള്ള സാധ്യതകളുണ്ടെന്ന് സമിതി ആശങ്കപ്പെട്ടു. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാർ മൂന്നു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് പരാമർശപ്രകാരം കേരള പൊതുമരാമത്ത് കോഡിൽ നിഷ്കർഷിക്കപ്പെട്ട എസ്റ്റിമേറ്റോ റിപ്പോർട്ടോ പ്ലാനോ തയ്യാറാക്കാതെ ആവശ്യമില്ലാത്ത പണികൾ നടത്തുകയോ പണികൾ തമ്മിൽ കൂടിക്കലർത്തുകയോ ഒരേ പണി തന്നെ രണ്ട് തവണ ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചതനുസരിച്ച് സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

65. മൂവാറ്റുപുഴ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നിർവ്വഹിക്കാനുദ്ദേശിക്കുന്ന വേലകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് കമ്മിറ്റി പരിഗണനയ്ക്കായി സമർപ്പിക്കുകയും കമ്മിറ്റിയുടെയും കൗൺസിലിന്റെയും ഭരണാനുമതി ലഭിച്ചതിനുശേഷം മരാമത്ത് വേലകൾ നടപ്പിലാക്കുകയും ചെയ്യുന്നു. ആകയാൽ മരാമത്ത് വേലകൾ ഇരട്ടിപ്പായി ഉണ്ടാകുന്നില്ല.

66. കളമശ്ശേരി നഗരസഭയിൽ ആഡിറ്റ് പരാമർശവിധേയമായ ഫയലുകൾ പരിശോധിച്ച് പണികളുടെ ആവർത്തനം വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തിയിട്ടുള്ളതാണ്. നിലവിൽ കളമശ്ശേരി നഗരസഭയിൽ മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെയിനേജ് രേഖപ്പെടുത്തിയ സൈറ്റ് പ്ലാൻ എന്നിവകൾ ഉൾക്കൊള്ളിക്കാറുള്ളതാണ്. കേരള പൊതുമരാമത്ത് കോഡിൽ നിഷ്കർഷിക്കപ്പെട്ട എസ്റ്റിമേറ്റോ, പ്ലാനോ തയ്യാറാക്കാതെ നഗരസഭാ പരിധിയിൽ മരാമത്ത് വേലകൾ നടത്തുകയോ, പണികൾ തമ്മിൽ കൂടിക്കലരുകയോ ഒരേ പണി തന്നെ രണ്ടു തവണ ചെയ്യുകയോ ചെയ്തിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

67. കൊച്ചി നഗരസഭയിൽ എസ്റ്റിമേറ്റിനോടൊപ്പം സ്കെച്ചുകൾ പരിശോധിച്ച് ഫയലുകളിലെല്ലാം അറ്റാച്ച് ചെയ്തിട്ടുണ്ട്. എന്നാൽ ചിലതിൽ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും എം. ബുക്കിൽ റോഡിന്റെ പേര് സഹിതം രേഖപ്പെടുത്തിയിട്ടുള്ളതാണ്. മെഷർമെന്റ് രേഖപ്പെടുത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നത് കൂടാതെ ഡ്രെയിനുകൾ സംബന്ധിച്ചുള്ള വിവരങ്ങളും ബന്ധപ്പെട്ട ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

68. ഡിവിഷൻ വൈസ് പാച്ച് വർക്ക് ചെയ്യുമ്പോൾ ടി ഡിവിഷനിൽ മുഴുവൻ റോഡുകളും പാച്ച് വർക്കിൽ ഉൾപ്പെടുത്താറുണ്ട്. എന്നാൽ ഒരു റോഡിന്റെ തുടർച്ചയായിട്ടല്ല അടങ്കൽ തയ്യാറാക്കുന്നത്. മറിച്ച് ഒരു റോഡ്/ഡ്രെയിനിന്റെ ആരംഭവും അവസാനവും ഒരു ജംഗ്ഷൻ മുതൽ ആരംഭിച്ച് മറ്റേ ജംഗ്ഷൻ വരെയുള്ള ഭാഗത്തുമാകുന്നു. അടങ്കലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഒന്നിൽ ഡെഡ് ആന്റ് നാച്വറൽ ബൗണ്ടറി, റയിൽവേ ബൗണ്ടറി, എന്റിംഗ് പോയിന്റ് ആയത് സ്കെച്ചിൽ മാർക്ക് ചെയ്ത് രേഖപ്പെടുത്തിയിട്ടുണ്ട്.

69. കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിൽ ഏതു വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുണ്ട് എന്ന് സമിതി ആരാഞ്ഞതിന് എല്ലാ നഗരസഭകളും 2010-11 വരെയുള്ള വാർഷിക ധനകാര്യ പത്രിക നൽകിയിട്ടുണ്ടെന്നും 2011-12 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ പകുതിയോളം നൽകിയിട്ടുണ്ടെന്നും എസ്. പി. എ. ഒ. അറിയിച്ചു.

70. ഒരു ഡിവിഷന്റെ ചുമതലയുള്ള റവന്യൂ ഇൻസ്പെക്ടർ, നികുതിദായകർക്ക് ബിൽ കളക്ടർമാർ നൽകുന്ന അസ്സൽ രസീതുകളുടെ രണ്ട് ശതമാനം പരിശോധിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താത്തത് എന്തുകൊണ്ട് എന്ന് സമിതി ആരാഞ്ഞതിന് ആയതുകൂടി ഉൾപ്പെടുത്തി വിശദമായ മറുപടി നൽകാമെന്ന് എസ്. പി. എ. ഒ. സമിതിക്ക് ഉറപ്പു നൽകി.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ കളമശ്ശേരി മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികളടങ്ങുന്ന സർക്കാർ മറുപടി ചുവടെ ചേർക്കുന്നു:

71. "ഓഡിറ്റ് റിമാർക്കിനുശേഷം കളമശ്ശേരി നഗരസഭയിൽ നിലവിലുള്ള 42 ഡിവിഷനുകളിലും ബിൽ കളക്ടർമാർ നികുതിദായകർക്ക് നൽകിയ രസീതുകൾ അതത് രസീതുകളുമായി പരിശോധിക്കുന്നുണ്ട്. കളമശ്ശേരി നഗരസഭയിൽ റവന്യൂ ഓഫീസർ തസ്തിക ഇല്ലാത്തതിനാൽ റവന്യൂ ഇൻസ്പെക്ടർ നൽകുന്ന സാക്ഷ്യപത്രം റവന്യൂ സൂപ്രണ്ട് പരിശോധിച്ചശേഷം ഓരോ മാസവും സെക്രട്ടറിക്ക് നൽകി വരുന്നുണ്ട്. ടി ആന്തരിക നിയന്ത്രണം നടപ്പിലാക്കിയതിന്റെ പേരിൽ പണം തിരിമറി നടത്തിയതായി നാളിതുവരെയുള്ള പരിശോധനയിൽ കണ്ടെത്തിയിട്ടില്ല."

72. കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആസ്തി രജിസ്റ്ററുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിൽ 70 ശതമാനത്തോളം പൂർത്തിയായി കഴിഞ്ഞെന്നും മൂവാറ്റുപുഴ, കളമശ്ശേരി മുൻസിപ്പാലിറ്റികൾ ഡേറ്റാകൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

73. പഠന വിധേയമാക്കിയ മൂന്ന് നഗരസഭകളിലെയും പ്രസ്തുത രജിസ്റ്ററുകൾ എല്ലാ അർത്ഥത്തിലും പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞു. കൊച്ചി നഗരസഭയിൽ 2008-09 വരെയുള്ള രജിസ്റ്ററുകൾ പൂർണ്ണമാണെന്നും കമ്പ്യൂട്ടറൈസേഷൻ പുരോഗമിക്കുന്നുണ്ടെന്നും 9 കോടി രൂപയുടെ ഇ-ഗവേർണൻസ് പ്രോജക്ടിൽ ആസ്തി പരിപാലനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഏകദേശം 4 മാസം കൂടി കഴിയുമ്പോൾ പ്രസ്തുത വർക്കുകൾ പൂർത്തിയാകുമെന്നും നഗരസഭാ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

74. അധീനതയിലുള്ള പ്രമാണങ്ങൾ അതാത് ആസ്തികളുമായി ബന്ധപ്പെടുത്തുന്നതിനാവശ്യമായ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി കൊച്ചി കോർപ്പറേഷനോട് വിശദീകരണമാരാഞ്ഞതിന് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി നൽകി. രജിസ്റ്റർ പൂർണ്ണമാണെങ്കിൽ സമിതിയെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

കൊച്ചി കോർപ്പറേഷന്റെ അധീനതയിലുള്ള പ്രമാണങ്ങൾ അതത് ആസ്തികളുമായി ബന്ധപ്പെടുത്തുന്നതിനാവശ്യമായ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ രേഖകൾ നൽകണമെന്ന സമിതിയുടെ നിർദ്ദേശപ്രകാരം സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

75. "കൊച്ചി നഗരസഭയിലെ ആസ്തി രജിസ്റ്ററിൽ സർവ്വേ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ കോർപ്പറേഷൻ എഞ്ചിനീയറുടെ നേതൃത്വത്തിൽ ചേർത്തു വരുന്നുണ്ട്. നഗരസഭയിലെ എഞ്ചിനീയറിംഗ്, പ്രോജക്ട് എന്നീ വിഭാഗങ്ങളിലെ ആസ്തി സംബന്ധിച്ച വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിലേയ്ക്കായി ബഹു. സർക്കാരിന്റെ ജി. ഒ. പ്രകാരം ദിവസക്കൂലി ഉൾപ്പെടുത്തിയ 400 രൂപ നൽകി ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിലേയ്ക്കായി പത്രപരസ്യം ചെയ്തതിൽ ആരും തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഓഫറൊന്നും തന്നെ തന്നിട്ടില്ലാത്തതുകൊണ്ട് വീണ്ടും പത്രപരസ്യം നടത്തി ആളെ വിളിച്ച് ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് തുടങ്ങുന്നതാണ്".

76. ഓഡിറ്റ് പരിശോധനാവേളയിൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ 158 പ്രമാണങ്ങൾ അധീനതയിലുണ്ടെങ്കിലും 132 എണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നിരിക്കെ, സ്ഥാവരസ്വത്തുക്കളുടെ വാർഷിക ഭൗതിക പരിശോധന നടത്തുന്നുവെന്ന് ഉറപ്പു വരുത്താറുണ്ടോ എന്ന് സമിതി ആരാഞ്ഞു. മുൻസിപ്പാലിറ്റിയുടെ സഹായത്തോടെ, വിവിധ സ്കീമുകളിൽ ലോണെടുത്തവരുടെയും ലോണെടുത്തിട്ടുള്ള ജീവനക്കാരുടേയും ആധാരങ്ങളാണ് സൂക്ഷിച്ചിട്ടുള്ളതെന്നും അതൊക്കെ കാലാവധി പൂർത്തിയാക്കി തിരികെ കൊടുത്തിട്ടുള്ളതാണെന്നും, ആധാരങ്ങളൊന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് പരാമർശം മുനിസിപ്പാലിറ്റിയിലെ സ്വത്തുക്കളുടെ പ്രമാണങ്ങളെ സംബന്ധിച്ചാണെന്നും സമിതിയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയായ രീതിയല്ലെന്നും സമിതി ചൂണ്ടിക്കാട്ടി. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള സ്വത്ത് വകകളിൽ 26 പ്രമാണങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന നോട്ടീസ് ലഭിച്ചപ്പോൾ അത് പരിശോധിക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

77. മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള സ്ഥാവര സ്വത്തുക്കൾ അന്യാധീനപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. എറണാകുളം ജില്ലയിലെ നഗരസഭകളിലെ സ്ഥാവര സ്വത്തുക്കളുടെ പ്രമാണങ്ങളുടെ വാർഷിക ഭൗതിക പരിശോധന കൃത്യമായും സമയബന്ധിതമായും നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അടിയന്തരമായി അറിയിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള സ്ഥാവര സ്വത്തുക്കൾ അന്യാധീനപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

78. "മൂവാറ്റുപുഴ നഗരസഭയുടെ അധീനതയിലുള്ള സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നും തന്നെ നാളിതുവരെയായി അന്യാധീനപ്പെട്ട് പോയിട്ടില്ല".

എറണാകുളം ജില്ലയിലെ നഗരസഭകളിലെ സ്ഥാവര സ്വത്തുക്കളുടെ പ്രമാണങ്ങളുടെ വാർഷിക ഭൗതിക പരിശോധന കൃത്യമായും സമയബന്ധിതമായും നടത്തുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

79. കളമശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും ദാനമായി സ്വീകരിച്ചിട്ടുള്ളതുമായ സ്ഥാവര സ്വത്തുക്കളുടെ പ്രമാണങ്ങൾ പരിശോധിച്ച് റവന്യൂ അധികാരികളുടെ സഹായത്തോടെ അളന്ന് തിട്ടപ്പെടുത്തുന്ന പ്രവൃത്തി നടന്നുവരുന്നതാണ്. 2012-13 വർഷത്തെ പദ്ധതിയിൽ തുക വക കൊള്ളിച്ചിട്ടുള്ളതും അതുമായി ബന്ധപ്പെട്ട പ്രവർത്തികൾ പുരോഗമിച്ചു വരുന്നതുമാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

80. **കൊച്ചി കോർപ്പറേഷൻ**: നഗരസഭയിൽ സ്ഥാവര സ്വത്തുക്കളുടെ ഭൗതിക പരിശോധന കൃത്യമായി നടത്തി വരുന്നുണ്ട്.

81. **മൂവാറ്റുപുഴ നഗരസഭ**: 16-8-2012-ലെ നിയമസഭാ സമിതി യോഗത്തിന് ശേഷം ടി ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ പി. ഡബ്ല്യു. ഒ.3 ശ്രീ. കെ. എം. ഗിരീശൻ, യു.ഡി.സി., ശ്രീമതി പി. കെ. ഷീബ, കാഷ്യർ, ശ്രീ. സാജു കെ. ജോസഫ് എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ ആധാരങ്ങളും പരിശോധിക്കുകയും നഗരസഭ വക വസ്തുക്കളുടെ എല്ലാ ആധാരങ്ങളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയിട്ടുള്ള ആധാരങ്ങൾ നഗരസഭയുടെ ആസ്തികൾ, വസ്തുക്കൾ സംബന്ധിച്ച പ്രമാണങ്ങൾ എന്നിവ ഒരു വിഭാഗമായും നഗരസഭയിൽ നിന്നും വായ്പ എടുത്തതും വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി നഗരസഭയിൽ സൂക്ഷിക്കേണ്ടതുമായ ആധാരങ്ങൾ പ്രത്യേകമായി തരംതിരിക്കുകയും പ്രത്യേക രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

82. പരിശോധനാ വിധേയമായ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെ ജംഗമ സ്വത്തുക്കളുടെ രജിസ്റ്ററുകൾ 2002 മുതൽ 2007 വരെ പരിശോധന നടത്തിയിട്ടില്ലാ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കളമശ്ശേരി, കൊച്ചി കോർപ്പറേഷനുകൾക്ക് എന്തു വിശദീകരണമാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞു. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി രജിസ്റ്ററുകൾ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നതായും 2012 ഡിസംബറോടെ പൂർത്തിയാകുമെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു

83. കളമശ്ശേരി, കൊച്ചി നഗരസഭകളുടെ ജംഗമവസ്തുക്കളുടെ ഭൗതിക പരിശോധന എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിൻപ്രകാരം സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

84. "കളമശ്ശേരി നഗരസഭയിലെ സ്ഥാവര ജംഗമവസ്തുക്കളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതും 2010-11 വരെയുള്ളത് അപ്ഡേറ്റ് ചെയ്തിട്ടുള്ളതുമാണ്.

85. കൊച്ചി നഗരസഭയുടെ 2009 മാർച്ച് 31 വരെയുള്ള ജംഗമ വസ്തുക്കൾ ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. അതിന് ശേഷമുള്ള ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തി കോർപ്പറേഷൻ എഞ്ചിനീയറുടെ നേതൃത്വത്തിൽ നടന്നുവരുന്നു ".

86. ഓഫീസ് നടപടിക്രമങ്ങളെക്കുറിച്ചുള്ള മാന്വലിൽ അനുശാസിക്കുന്ന ആന്തരിക നിയന്ത്രണ നടപടികൾ പാലിക്കാതിരുന്നാൽ, നഗരസഭകളിൽ ലഭിച്ച അപേക്ഷകളിൽ, തീർപ്പാകാത്തവയുടെ വിവരം എങ്ങനെ ലഭിക്കുമെന്ന് സമിതി ആരാഞ്ഞു. കൊച്ചി കോർപ്പറേഷനിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പാകാനുണ്ടെന്ന് കൃത്യമായി പറയാൻ ഇപ്പോൾ സാധിക്കുന്നില്ലെന്നും ഈസ്റ്റ് കൊച്ചി, വെസ്റ്റ് കൊച്ചി എന്നിവിടങ്ങളിലായി മേയറുടെ മേൽനോട്ടത്തിൽ രണ്ട് പബ്ലിക് അദാലത്തുകൾ നടത്തി കൂടുതൽ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ചില സ്വീകാര്യമല്ലാത്ത അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഓരോ ഉദ്യോഗസ്ഥനും രജിസ്റ്ററിൽ അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നുണ്ടോ എന്ന ഉറപ്പു വരുത്തുക കൂടി ചെയ്യണമെന്നും അപ്പോൾ മാത്രമേ അത് പൂർണ്ണമാകുന്നുള്ളുവെന്നും സമിതി അഭിപ്രായപ്പെട്ടു. പരാതികൾക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും ഓരോ ഉദ്യോഗസ്ഥനും വ്യക്തിഗത രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്നും ഓരോ മാസവും അതത് സൂപ്രണ്ടുമാരും രണ്ടു മാസത്തിലൊരിക്കൽ താൻ നേരിട്ടും പ്രസ്തുത രജിസ്റ്ററുകൾ പരിശോധന നടത്താറുണ്ടെന്നും 2012 ഡിസംബറോടെ ഇ-ഗവേർണൻസ് പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വ്യക്തിഗത രജിസ്റ്ററുകളുടെ പരിപാലനം ഓട്ടോമാറ്റിക് ആയിത്തീരുമെന്നും കൊച്ചി നഗരസഭാ സെക്രട്ടറി വ്യക്തിഗത രജിസ്റ്ററുകളുടെ പരിപാലനം സംബന്ധിച്ച് സമിതിയുടെ അന്വേഷണങ്ങൾക്ക് മറുപടി നൽകി.

87. ഓഫീസ് നടപടി ക്രമങ്ങളുടെ മാന്വൽ അനുശാസിക്കുന്ന പ്രകാരം പഴയ രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേകം റെക്കോർഡുമുറി സജ്ജീകരിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ ഇപ്പോൾ രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേകം മുറി സജ്ജീകരിച്ചിട്ടുണ്ടെന്നും അതു സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കളമശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മൂന്ന് നഗരസഭകളുടെയും മറുപടി ക്രോഡീകരിക്കുന്ന വേളയിൽ ആയത് ലഭിച്ചിട്ടില്ലെന്നും കളമശ്ശേരി മുനിസിപ്പാലിറ്റിയുടെയും കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് നൽകാമെന്നും എസ്. പി. എ. ഒ. അറിയിച്ചു.

പഴയരേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേകം മുറി സജ്ജീകരിക്കുന്നതിന് കളമശ്ശേരി മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച് സർക്കാരിൽ നിന്നും ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

88. "കളമശ്ശേരി നഗരസഭയിലെ രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേകമായി റെക്കോർഡ് റൂം നിലവിൽ സജ്ജീകരിച്ചിട്ടുണ്ട്".

89. ഓഡിറ്റ് നിർദ്ദേശപ്രകാരം കൊച്ചി, കളമശ്ശേരി, മൂവാറ്റുപുഴ നഗരസഭകൾ തങ്ങൾ ഏറ്റെടുത്ത ഓരോ പദ്ധതികളുടെയും വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള പദ്ധതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് എന്ന സർക്കാർ മറുപടി സമിതി അംഗീകരിച്ചു

90. വാഹനങ്ങളുടെ ഇന്ധനക്ഷമതാപരിശോധന വർഷംതോറും നടത്താത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണമാരാഞ്ഞതിന് കൊച്ചി കോർപ്പറേഷനിലെ 87 വാഹനങ്ങളിൽ സഞ്ചാരയോഗ്യമായ 54 വാഹനങ്ങളിൽ ഇന്ധനക്ഷമത പരിശോധിച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി മറുപടി നൽകി.

91. മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ 2008-2009-നുശേഷം ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടില്ലെന്നും അടിയന്തരനടപടി സ്വീകരിക്കുന്നതാണെന്നും സമിതിയുടെ അന്വേഷണത്തിന് മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

92. കൊച്ചി നഗരസഭ ഓടകളുടെ പ്ലാനുകൾ തയ്യാറാക്കാതിരുന്നതിനാൽ ഒരേ ജോലി രണ്ട് വ്യത്യസ്ത പണികളായി ഒരേ കരാറുകാരന് നൽകിയതിനെ കുറിച്ച് എന്തു വിശദീകരണമാണുള്ളതെന്ന് സമിതി ആരാഞ്ഞു. ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് എഞ്ചിനീയറിംഗ് സ്റ്റാഫിനോട് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് അന്വേഷിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. 2008-ൽ അക്കൗണ്ടന്റ് ജനറൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാതെ നഗരസഭ പുലർത്തുന്ന നിസ്സംഗത നീതീകരിക്കത്തക്കതല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു

93. ഒരേ കരാറുകാരന് ഒരേ ജോലി രണ്ടു തവണ നൽകിയതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ പ്രകാരമുള്ള നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അത് സംബന്ധിച്ച റിപ്പോർട്ട് രണ്ടു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടതിന് സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

94. **കൊച്ചി നഗരസഭ**: ഈ ഖണ്ഡികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തി ഫയൽ നമ്പർ എം. ഒ. ഇ 3/177/2002, എം. ഒ. ഇ 3/2113/2003 പ്രകാരം 2 പ്രവർത്തികളാണെന്ന് നഗരസഭാ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഫയൽ നമ്പർ എം. ഒ. ഇ 3/177/2002 പ്രകാരമുള്ള പ്രവർത്തിക്ക് എസ്റ്റിമേറ്റ് എടുത്തത് 2002-ലാണ്.

കാന റിപ്പയർ ചെയ്യുന്നതിനും റോഡ് കോൺക്രീറ്റിംഗിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എം. ഒ. ഇ 3/2113/2003 ഫയൽ പ്രകാരമുള്ള എസ്റ്റിമേറ്റ് 2003-ലാണ് എടുത്തിട്ടുള്ളത്. 2002-ലെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഭാഗത്തുള്ള കാന പണിയുന്നതിനും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് 2003-ൽ എസ്റ്റിമേറ്റ് എടുത്ത് പ്രവർത്തി ചെയ്തിട്ടുള്ളതെന്ന് കോർപ്പറേഷൻ എഞ്ചിനീയർ ബോധിപ്പിച്ചിട്ടുണ്ട്.

95. ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ജലവിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭയും കളമശ്ശേരി മുനിസിപ്പാലിറ്റിയും കരാറുകാർക്ക് കുടിവെള്ളത്തിന്റെ അളവ് വേണ്ടവിധം പരിശോധിക്കാതെ 1.19 കോടി രൂപ നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വെള്ളം നൽകിയതിന്റെ അളവ് അറിയാൻ നിലവിൽ എന്ത് സംവിധാനമാണുള്ളതെന്നും താലൂക്ക് ഓഫീസ് വെള്ളം സപ്ലൈ ചെയ്ത ഇനത്തിലുള്ള തുക മുൻസിപ്പാലിറ്റി നൽകേണ്ടതുണ്ടോയെന്നും സമിതി ആരാഞ്ഞു. ഇപ്പോൾ മുനിസിപ്പാലിറ്റിയും റവന്യൂവകുപ്പും വെള്ളം നൽകുന്നുണ്ടെന്നും സർക്കാർ തനതു ഫണ്ടിൽ നിന്നുമാണ് തുക ചെലവാക്കുന്നതെന്നും വെള്ളം വിതരണം നടത്തുന്നതിന് മുനിസിപ്പാലിറ്റിക്ക് സർക്കാർ പ്രത്യേക ഫണ്ട് നൽകിയിട്ടില്ലെന്നും മുനിസിപ്പാലിറ്റിയുടെ തനതുഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിവരുമ്പോൾ സാമ്പത്തിക പ്രയാസമുണ്ടാകുന്നുണ്ടെന്നും സമിതിക്ക് മറുപടി ലഭിച്ചു.

96. റവന്യൂ വകുപ്പ് താലൂക്ക് ഓഫീസ് വഴി ജലവിതരണം ചെയ്യുന്നുണ്ടെന്നും അത്യാവശ്യ സന്ദർഭങ്ങളിൽ നഗരസഭകളെ കൂടി ജലവിതരണം ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ടെന്നേയുള്ളുവെന്നും എസ്. പി. എ. ഒ. അറിയിച്ചു.

97. വരൾച്ചയുണ്ടാകുമ്പോൾ വെള്ളത്തിനായി എല്ലാവരും മുനിസിപ്പാലിറ്റിയെയാണ് സമീപിക്കുന്നതെന്നും പലസ്ഥലങ്ങളിലും സ്ഥിരമായിട്ട് വെള്ളം നൽകേണ്ടതുണ്ടെന്നും കളമശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

98. 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് ബോധ്യപ്പെട്ടതിനു ശേഷമാണോ തുക നൽകിയതെന്ന് സമിതിയെ ഇപ്പോഴും ബോധ്യപ്പെടുത്തിയിട്ടില്ലായെന്നും ഇത് സംബന്ധിച്ച നിജസ്ഥിതി അടിയന്തരമായി നൽകണമെന്നും സമിതി നിർദ്ദേശിച്ചു. കൊച്ചി നഗരസഭയും കളമശ്ശേരി മുനിസിപ്പാലിറ്റിയും 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ വിതരണം ചെയ്ത

കുടിവെള്ളത്തിന്റെ അളവ് ബോധ്യപ്പെട്ടതിനു ശേഷമാണോ തുക നൽകിയതെന്നത് സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതിന് സർക്കാരിൽ നിന്നും ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

99. "കളമശ്ശേരി നഗരസഭയിൽ കുടിവെള്ള വിതരണം ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അതാത് വാർഡിൽ ചാർജ്ജുള്ള ജെ.എച്ച്.ഐ.മാരുടെ നേതൃത്വത്തിലാണ് വിതരണം ചെയ്യുന്നത്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യമനുസരിച്ച് വെള്ളം വിതരണം ചെയ്യുകയും ട്രിപ്പ് ഷീറ്റുകൾ ജെ. എച്ച്. ഐ. മുഖാന്തിരം ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകുകയും ആയത് ബന്ധപ്പെട്ട കൗൺസിലറുടെ സാക്ഷ്യപത്രത്തോടു കൂടി കൗൺസിലിൽ സമർപ്പിച്ച് കൗൺസിലിന്റെ ശുപാർശയോടു കൂടിയാണ് കുടിവെള്ള വിതരണം നടത്തിയിരുന്നത്. കൗൺസിലിന്റെ അംഗീകാരത്തോടെയാണ് ബില്ലുകൾ നൽകിയിരിക്കുന്നത്. കളമശ്ശേരിയിലെ കിഴക്കൻ പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഇത്തരം ഒരു രീതി നടപ്പിലാക്കുന്നതിന് കാരണമാകുന്നത്. എന്നാൽ ഇപ്പോൾ നഗരസഭ നേരിട്ട് കുടിവെള്ളം വിതരണം ചെയ്യുന്നില്ല. താലൂക്കാഫീസുകളിൽ ആവശ്യമനുസരിച്ച് കത്ത് നൽകുകയും കുടിവെള്ളം വിതരണം നടത്തുകയും ചെയ്യുന്നു. 2002-03 മുതൽ 2006-07 വരെ കാലയളവിൽ 10.28 ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്. സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല".

100. **കൊച്ചി കോർപ്പറേഷൻ**: കൊച്ചി നഗരസഭാ പ്രദേശങ്ങളിലെ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളതിന്റെ അളവ് ബോധ്യപ്പെട്ടതിനു ശേഷമാണ് ട്രിപ്പ് ഷീറ്റുകളിലും ബില്ലുകളിലും ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ സർട്ടിഫൈ ചെയ്തിട്ടുള്ളത്. സർട്ടിഫൈ ചെയ്തിട്ടുള്ള ബില്ലുകൾക്ക് മാത്രമേ തുക നൽകിയിട്ടുള്ളൂ. കുടിവെള്ളത്തിന്റെ ആവശ്യം കൂടി വന്നതനുസരിച്ച് ബന്ധപ്പെട്ട കൗൺസിലർ കൂടി എല്ലാ ട്രിപ്പ് ഷീറ്റുകളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ കാലാനുസൃതമായി പാലിച്ചു കൊണ്ടാണ് കുടിവെള്ള വിതരണം തുടർന്ന് പോരുന്നത്. ഇപ്പോൾ കൃത്യത പാലിച്ചാണ് കുടിവെള്ള വിതരണം ചെയ്തു വരുന്നത്.

101. കൊച്ചി നഗരസഭയിൽ കരാറുകാർ ഈടായി നൽകിയ മൂന്ന് വ്യാജനിക്ഷേപ രസീതുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും ഇതിൽ ഉദ്യോഗസ്ഥരുടെ പങ്കെന്താണെന്നും സമിതി അന്വേഷിച്ചു. ദേശസാത്കൃത ബാങ്കുകളിൽ നിന്നുള്ള ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകളാണ് സ്വീകരിച്ചുവരുന്നതെന്നും ഓഡിറ്റ് പരാമർശത്തിലെ

നിക്ഷേപ രസീത് വ്യാജമായിരുന്നുവെങ്കിൽ അത് ക്രിമിനൽ കേസാണെന്നും ഇത് സംബന്ധിച്ച് ഒരു അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

102. എന്നാൽ സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റിൽ പരാമർശിച്ച വിധമുള്ള ക്രമക്കേടുകൾ നടന്നിട്ടില്ലാ എന്നാണെന്നും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് അത്തരത്തിൽ രസീതുകൾ ഇഷ്യൂ ചെയ്തിട്ടില്ല എന്ന സ്റ്റേറ്റ്മെന്റ് എ. ജി.യുടെ പക്കലുണ്ടെന്നും ഇത്തരത്തിൽ വാസ്തവവിരുദ്ധമായ മറുപടി നൽകാനുള്ള കാരണമെന്താണെന്നും സമിതി ആരാഞ്ഞു. ഇത്രയേറെ ഗൗരവമായ ഒരു വിഷയത്തിൽ യഥാവിധി മറുപടി സമർപ്പിക്കുന്നതിൽ വകുപ്പ് താല്പര്യം കാണിക്കുന്നില്ലാ എന്ന് സമിതി നിരീക്ഷിച്ചു

103. ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടില്ലാ എന്ന മറുപടി കളമശ്ശേരി നഗരസഭയെ സംബന്ധിച്ചുള്ളതാണെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം കൊച്ചി കോർപ്പറേഷനെ സംബന്ധിച്ചതാണെന്നും എസ്. പി. എ. ഒ. അറിയിച്ചു.

104. കരാറുകാർ ഈടായി നൽകിയ വ്യാജ നിക്ഷേപ രസീതുകളിന്മേൽ അന്വേഷണം നടത്തി സത്യാവസ്ഥ ഉറപ്പുവരുത്തണമെന്നും അതിൽ ഉദ്യോഗസ്ഥരുടെ പങ്കുണ്ടെങ്കിൽ ആയത് കണ്ടുപിടിക്കണമെന്നും പ്രസ്തുത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

105. "കൊച്ചി കോർപ്പറേഷനിൽ വ്യാജരസീതുകൾ സമർപ്പിച്ച ശ്രീ. കെ. എസ്. അക്ബർ, ശ്രീ. കെ. എസ്. അൻവർ എന്നിവരിൽ നിന്നു വ്യാജ രസീതുകൾക്ക് തുല്യമായ തുക നഗരസഭയിൽ അടപ്പിച്ചിട്ടുണ്ട്. വ്യാജ രസീതുകൾ സമർപ്പിച്ചതിൽ ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് 27-8-2012-ൽ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ രണ്ടു പേരെയും കരാറുകാരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി അവരെ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. വ്യാജ രസീതുകൾ സമർപ്പിച്ചതിൽ നഗരസഭ ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല ".

106. മുനിസിപ്പാലിറ്റി നിയമത്തിൽ ആഭ്യന്തര ഓഡിറ്റ് നടത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്ന മുറയ്ക്ക് അത് അനുവർത്തിക്കുന്നതാണെന്ന മറുപടി സമിതി അംഗീകരിച്ചു

107. നഗരസഭകളിൽ 2009-2010 വരെ പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടുള്ളതാണെന്ന സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

108. <u>തുടർനിരീക്ഷണവും വിലയിരുത്തലും—ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കാത്തത്</u> എന്ന ഓഡിറ്റ് പരാമർശം പരിഗണിക്കവേ കൊച്ചി, കളമശ്ശേരി, മൂവാറ്റുപുഴ നഗരസഭകളിൽ 1997-98 മുതൽ നാളിതുവരെ തീർപ്പാകാതെ എത്ര ഓഡിറ്റ് തടസ്സങ്ങൾ ഉണ്ട് എന്ന് സമിതി ആരാഞ്ഞു. അക്കൗണ്ടന്റ് ജനറലിന്റെ 161 ഓഡിറ്റ് പരാമർശങ്ങളിൽ 129 എണ്ണം തീർപ്പാകാനുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 86 ഓഡിറ്റ് പരാമർശങ്ങളിൽ 72 എണ്ണം തീർപ്പാകാനുണ്ടെന്നും കൊച്ചി നഗരസഭാ സെക്രട്ടറി അറിയിച്ചു. മൂവാറ്റുപുഴയിൽ 1997-98 മുതൽ 2006-07 വരെയുള്ള അഞ്ച് ഓഡിറ്റ് റിപ്പോർട്ടുകളിൽ 79 എണ്ണത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും എ. ജി. യുടേതിന് പൂർണ്ണമായും മറുപടി അയച്ചിട്ടുണ്ടെന്നും മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

109. ഓഡിറ്റ് തടസ്സങ്ങൾക്ക് മറുപടി നൽകുന്നതിന് സർക്കാർ തലത്തിൽ ഓരോ മാസവും മീറ്റിംഗുണ്ടെന്നും എല്ലാ സെക്രട്ടറിമാരുടെയും മീറ്റിംഗിൽ റിവ്യൂ ചെയ്യുന്നുണ്ടെന്നും തീർപ്പാകാനുള്ളവയ്ക്ക് എത്രയും വേഗം മറുപടി നൽകുന്നതാണെന്നും എസ്. പി. എ. ഒ. അറിയിച്ചു.

110. കൊച്ചി കോർപ്പറേഷനിൽ 2007-ൽ 140 എണ്ണം പെന്റിംഗ് ആയിരിക്കെ, 5 വർഷം കൊണ്ട് 15 കേസുകൾ മാത്രമാണ് തീർപ്പാക്കിയതെന്ന് സമിതി ചൂണ്ടിക്കാട്ടി. ഓരോ മുൻസിപ്പാലിറ്റിയിലേയും ഓഡിറ്റ് തടസ്സങ്ങൾ പരിശോധിച്ച് പെന്റിംഗ് ലിസ്റ്റ് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി ചുവടെ ചേർക്കുന്നു:

111. **കളമശ്ശേരി നഗരസഭ:**

**അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്**

| വർഷം | ഓഡിറ്റ് റിപ്പോർട്ടിലെ ആകെ ഖണ്ഡികകൾ | സബ് നമ്പർ ഉൾപ്പെടെ ആകെ പരാമർശങ്ങൾ | മറുപടി നൽകിയ പരാമർശങ്ങളുടെ എണ്ണം | തീർപ്പാക്കിയ പരാമർശങ്ങളുടെ എണ്ണം | തീർപ്പാക്കാനുള്ള പരാമർശങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1999-00 to 2002-03 | 11 | 21 | 21 | 9 | 12 |
| 2003-04 to 2004-05 | 10 | 22 | 22 | 8 | 14 |
| 2005-06 to 2006-07 | 6 | 30 | 30 | 19 | 11 |
| 2007-08 to 2008-09 | 7 | 27 | 27 | 11 | 16 |

112. **ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്**

| വർഷം | ഓഡിറ്റ് റിപ്പോർട്ടിലെ ആകെ ഖണ്ഡികകൾ | സബ് നമ്പർ ഉൾപ്പെടെ ആകെ പരാമർശങ്ങൾ | മറുപടി നൽകിയ പരാമർശങ്ങളുടെ എണ്ണം | തീർപ്പാക്കിയ പരാമർശങ്ങളുടെ എണ്ണം | തീർപ്പാക്കാനുള്ള പരാമർശങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 2000-01 | 15 | 29 | 29 | 8 | 21 |
| 2001-02 | 19 | 40 | 40 | 18 | 22 |
| 2002-03 | 9 | 22 | 22 | 3 | 19 |
| 2003-04 | 21 | 21 | 21 | 10 | 11 |
| 2004-05 | 22 | 22 | 22 | 3 | 19 |
| 2007-08 | 37 | 37 | 37 | 5 | 32 |
| 2008-09 | 48 | 48 | - | - | - |
| 2009-10 | 31 | 31 | - | - | - |

113. **കൊച്ചി കോർപ്പറേഷൻ:**

**അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്**

| വർഷം | ഓഡിറ്റ് റിപ്പോർട്ടിലെ ആകെ ഖണ്ഡികകൾ | തീർപ്പാക്കിയ ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാനുള്ള ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1999-2010 | 161 | 32 | 129 |
| | ലോക്കൽ ഫണ്ട് ഓഡിറ്റ് | | |
| 2004-2009 | 211 | 14 | 197 |
| | പെർഫോർമൻസ് ഓഡിറ്റ് | | |
| 2001-2010 | 147 | 5 | 142 |

114. **മൂവാറ്റുപുഴ നഗരസഭ:**

| വർഷം | ഓഡിറ്റ് റിപ്പോർട്ടിലെ ആകെ ഖണ്ഡികകൾ | തീർപ്പാക്കിയ ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാനുള്ള ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1997-2002 | 18 | 0 | 18 |
| 2006 മാർച്ച് 31-ന് അവസാനിച്ച റിപ്പോർട്ട് | 05 | 0 | 05 |
| 2007 മാർച്ച് 31-ന് അവസാനിച്ച റിപ്പോർട്ട് | 33 | 0 | 33 |
| 2009 മാർച്ച് 31-ന് അവസാനിച്ച റിപ്പോർട്ട് | 1 | 0 | 1 |

115. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമായ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥകളിലും നിഷ്കർഷിച്ചിട്ടുള്ള ആന്തരിക നിയന്ത്രണങ്ങൾ പാലിച്ചിരുന്നില്ലെന്ന് വ്യക്തമാണ്. രേഖകളുടെ സൂക്ഷിപ്പ്, ബഡ്ജറ്റ് നിയന്ത്രണങ്ങൾ, ആസ്തികളുടെ ഭൗതിക നിയന്ത്രണം, തുടർ നിരീക്ഷണം എന്നീ ഘട്ടങ്ങളിൽ വീഴ്ചകളും പാളിച്ചകളുമുണ്ടായിട്ടുണ്ട് എന്നത് ഉൾക്കൊണ്ട് ഫലപ്രദമായ ആന്തരിക നിയന്ത്രണങ്ങൾ പാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് സർക്കാർ ഈ സംവിധാനത്തെ ശക്തിപ്പെടുത്തുമെന്ന് സമിതി പ്രത്യാശിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

116. **കേരള ട്രഷറി കോഡ് അനുശാസിക്കുന്ന പ്രകാരം വരവുകളും, ബാങ്ക് അടവുകളും അതതു ദിവസം കാഷ് ബുക്കിൽ രേഖപ്പെടുത്താത്തതും കാഷ്ബുക്ക് അതത് വർഷങ്ങളിൽ ക്ലോസ് ചെയ്യാത്തതും, ചട്ടവിരുദ്ധമായി ഒന്നിൽകൂടുതൽ കാഷ് ബുക്ക് സൂക്ഷിക്കുന്നതും ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തത കൊണ്ടാണെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതി ശരിവയ്ക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നഗര സ്വയംഭരണ സ്ഥാപനങ്ങളിലെ കാഷ് ബുക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദമായ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടിരുന്നെങ്കിലും സർക്കാർ അതു സംബന്ധിച്ച ഒരു മറുപടിയും നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പരാമർശ വിധേയമായ കാലയളവിൽ, കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ കാഷ് ബുക്കിന്റെ പരിപാലനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാഷ് ബുക്കുകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയതിന് ഒരു തുടർ നിരീക്ഷണ സംവിധാനം പ്രാവർത്തികമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

117. **കൊച്ചി കോർപ്പറേഷനിൽ പെൻഷൻ വിതരണത്തിനുള്ള തുക നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ മൂന്ന് ഉദ്യോഗസ്ഥരെയും തിരിച്ചെടുത്തതായും ഇക്കാര്യത്തിൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ കേസ് നിലവിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സസ്പെൻഡ് ചെയ്യപ്പെട്ടവരിൽ രണ്ടുപേരെ വിജിലൻസ് കേസിൽ നിന്ന് ഒഴിവാക്കിയതും എല്ലാവരുടെയും സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചതും എന്തടിസ്ഥാനത്തിലായിരുന്നുവെന്നുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ നഷ്ടപ്പെട്ട 5.41 ലക്ഷം രൂപ തിരികെ**

ഈടാക്കുന്നതിനുള്ള നടപടി, വിജിലൻസ് കോടതിയിൽ നിലവിലുള്ള കേസിന്റെയും കേസിൽ കോടതി വിധി പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയത് ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേരള മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം പെറ്റി കാഷ് ബുക്ക് സൂക്ഷിക്കണമെന്നും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്നും അതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

118. കൊച്ചി, മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളിൽ ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള കണക്കുകൾ ഇനം തിരിച്ച് കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം കാഷ്ബുക്കുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബിൽ ബുക്ക് എന്നിവ സൂക്ഷിച്ചു വരുന്നുവെന്നും എല്ലാമാസവും ബാങ്ക് അക്കൗണ്ടുകളുമായി റെക്കൺസിലിയേഷൻ (ഒത്തുനോക്കൽ) നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള സർക്കാറിന്റെ മറുപടി അംഗീകരിക്കുന്നതോടൊപ്പം ഭാവിയിൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയുമുണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.

119. മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ കാഷ്യർക്ക് ഒന്നിൽക്കൂടുതൽ രസീതു ബുക്കുകൾ ഒന്നിച്ചുനൽകിയെന്നതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഫീൽഡിൽ പോകുന്നവർക്ക് ഒന്നിൽക്കൂടുതൽ രസീത് ബുക്ക് നൽകരുതെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓഫീസിലെ കളക്ഷന് കമ്പ്യൂട്ടറൈസ്ഡ് രസീതാണ് ഇപ്പോഴുള്ളതെന്നുമുള്ള സർക്കാരിന്റെ മറുപടി സമിതി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

120. പരിശോധനാവിധേയമായ നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ 1975-76 മുതൽ 2006-07 വരെയുള്ള കാലയളവിൽ 10.37 കോടി രൂപയുടെ മുൻകൂറുകൾ ക്രമപ്പെടുത്താതെ അവശേഷിച്ചിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളിൽ നടപടി സ്വീകരിച്ചു വരുന്നതായും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഭൂരിഭാഗം മുൻകൂറുകളും ക്രമീകരിച്ചിട്ടുള്ളതായും സർക്കാർ നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് പരാമർശകാലയളവിൽ കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികൾ ക്രമപ്പെടുത്താതെ അവശേഷിക്കുന്ന മുൻകൂറുകൾകൂടി അടിയന്തരമായി ക്രമപ്പെടുത്തി ആയതു സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

121. കൊച്ചി നഗരസഭയിൽ മുൻ ചീഫ് എഞ്ചിനീയറുടെ പേരിൽ അനുവദിച്ച 14.99 ലക്ഷം രൂപ, വാഹനം വാങ്ങുന്നതിനായി വിനിയോഗിച്ചതാണെങ്കിൽ അതു സംബന്ധിച്ച് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി കൃത്യ സമയത്ത് ക്ലോസ് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻകൂർ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിരുന്നുവെങ്കിൽ വിരമിക്കുന്നതിനു മുമ്പ് ഏതെങ്കിലും ഉദ്യോഗസ്ഥൻ ബാധ്യത വരുത്തിയാൽ ആയത് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ചുപിടിക്കാൻ സാധിക്കുകയും അപ്രകാരം സർക്കാരിനോടുള്ള പ്രതിബദ്ധതയും ഉത്തരവാദിത്തവും നിറവേറ്റാനാകുകയും ചെയ്യുമായിരുന്നു. തുക ഈടാക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുണ്ടെങ്കിൽ ആയത് നീക്കിക്കിട്ടുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ടുവെന്ന് പറയപ്പെടുന്ന ഫയലുകൾ കണ്ടെത്തണമെന്നും ചട്ടപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

122. നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബജറ്റ് പാസാക്കാനുള്ള നപേടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

123. അടിയന്തര സാഹചര്യങ്ങളിലൊഴികെ ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക യാതൊരുകാരണവശാലും ചെലവഴിക്കാതിരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്. ഇതിനായി ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള ബിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്വപ്പെട്ട മേലധികാരികൾ യഥാസമയം പരിശോധിച്ച് ചെലവുകൾ ബജറ്റ് തുകയേക്കാൾ അധികരിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

124. ആപൽക്കരവും അസഹ്യവുമായ വ്യാപാര ലൈസൻസ് (ഡി. ആന്റ് ഒ.) വ്യാപാരികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നത് സംബന്ധിച്ച് കൊച്ചി നഗരസഭ യാതൊരു വിശദീകരണവും നൽകിയിരുന്നില്ല. കൊച്ചി നഗരസഭയിൽ സാധുവായ ഡി ആന്റ് ഒ ലൈസൻസില്ലാതെ എത്ര വ്യാപാരികൾ/സ്ഥാപനങ്ങൾ വാണിജ്യം നടത്തുന്നുവെന്നും ആയത് നിരീക്ഷിക്കുവാൻ എന്തു സംവിധാനങ്ങളാണ് നിലവിലുള്ളതെന്നുമുള്ള റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

125. ഓഡിറ്റിൽ പരാമർശവിധേയമായ കാലഘട്ടത്തിൽ മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ചിരുന്ന സ്വകാര്യാശുപത്രികളുടെ എണ്ണം, പേരുവിവരം, അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

126. രജിസ്ട്രേഷനില്ലാതെ സ്വകാര്യാശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ ട്യൂട്ടോറിയൽ സ്ഥാപനമോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് കേരളത്തിലെ എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു നിശ്ചിത ഇടവേളയിൽ സർവ്വേ നടത്തേണ്ടതാണെന്നും അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

127. തൊഴിലില്ലായ്മാ വേതനം, സാമൂഹ്യസുരക്ഷാ പെൻഷനുകൾ എന്നിവ മാനദണ്ഡം പാലിക്കാതെ അനർഹർക്ക് വിതരണം ചെയ്യുന്നതിനുത്തരവാദികളെന്ന് കളമശ്ശേരി നഗരസഭ കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

128. സാമൂഹ്യസുരക്ഷാപെൻഷനുകളുടെ വിതരണം സംബന്ധിച്ച രേഖകൾ ഇപ്പോൾ സൂക്ഷിക്കുന്നുണ്ട് എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ, മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

129. മരാമത്ത് പണികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 2002 മുതൽ 2007 വരെയുള്ള കാലയളവിൽ 50 കേസുകളിൽ ഓരോ ഫയലുകളിലും നിർബന്ധമായും ആവശ്യമായ രേഖകളായ എസ്റ്റിമേറ്റ്, മെഷർമെന്റ് എന്നിവയുടെ അഭാവത്തിൽ പണി ചെയ്തത് കേരള പൊതുമരാമത്ത് വകുപ്പ് കോഡിന് വിരുദ്ധമായിട്ടാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത കാലയളവിൽ ആവശ്യമില്ലാത്ത പണികൾ നടത്തുകയോ പണികൾ തമ്മിൽ കൂട്ടിക്കലർത്തുകയോ ഒരേ പണി തന്നെ രണ്ടുതവണ ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും സർക്കാർ വ്യക്തമായ മറുപടി നൽകിയിരുന്നില്ല. മരാമത്ത് പണികളുടെ നടത്തിപ്പിൽ എസ്റ്റിമേറ്റ്, റിപ്പോർട്ട്, പ്ലാൻ, റോഡിന്റെ പേര് സഹിതമുള്ള ചെയിനേജ്, വ്യക്തമായ സൈറ്റ് പ്ലാൻ എന്നിവ എഞ്ചിനീയറിംഗ് വിഭാഗം ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

130. എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടറൈസേഷൻ നടപടി പൂർത്തിയായിട്ടുണ്ടോയെന്നും ഏതു വർഷം വരെയുള്ള രേഖകളാണ് നിലവിൽ ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതെന്നും ഇ-ഗവേർണൻസ് പ്രോജക്ട് കേരളത്തിലെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചുവെന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

131. കൊച്ചിനഗരസഭയുടെ അധീനതയിലുള്ള പ്രമാണങ്ങൾ അതത് ആസ്തികളുമായി ബന്ധപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുവെന്നാണ് സർക്കാർ മറുപടി നൽകിയിട്ടുള്ളത്. കൊച്ചി നഗരസഭയിലെ എഞ്ചിനീയറിംഗ്, പ്രോജക്ട് എന്നീ വിഭാഗങ്ങളിലെ ആസ്തി രജിസ്റ്റർ നാളതീകരിക്കുന്നത് പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

132. എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെയും സ്ഥാവരസ്വത്തുക്കളുടെ പ്രമാണങ്ങളുടെ വാർഷിക ഭൗതിക പരിശോധന കൃത്യമായും സമയബന്ധിതമായും നടത്തുന്നതിൽ ജാഗ്രത പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

133. നഗരസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചതും അവരുടെ സ്വന്തമായുള്ളതുമായ കാനകളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന കാനകളുടെ ഭൂപടങ്ങൾ അടിയന്തരമായി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

134. കരാറിലേർപ്പെടുന്ന കരാറുകാർ വ്യാജ സ്ഥിരനിക്ഷേപ രസീതുകൾ ഈടായി സമർപ്പിച്ചിരുന്നത് കൊച്ചി നഗരസഭയിലെ ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷേപരസീതുകൾ ഈട് നൽകുവാൻ കരാറുകാരെ അനുവദിക്കുന്നുണ്ടെങ്കിൽ ആയതിന്റെ സത്യാവസ്ഥ ഉറപ്പുവരുത്തുന്നതിനുള്ള നിയന്ത്രണ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

135. അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിനും ആയതിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുമായി ഒരു ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് കൊച്ചി കോർപ്പറേഷനും കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയും സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നാണ് ഓഡിറ്റിന്റെ കണ്ടെത്തൽ. സർക്കാരിന്റെ മറുപടിയിൽ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുവെന്നാണെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ 2000-01 വർഷത്തിലെ

ഓഡിറ്റ് തടസ്സങ്ങൾ പോലും തീർപ്പാക്കിയിട്ടില്ല എന്നു സമിതി നിരീക്ഷിക്കുന്നു. നാളിതുവരെയുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

136. പരിശോധനയ്ക്ക് വിധേയമായ നഗരസ്വയംഭരണസ്ഥാപനങ്ങളിലെല്ലാം നിയമങ്ങളുടെയും ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും അവബോധമുണ്ടായിരുന്നില്ലെന്നും മറിച്ച് അവ കാര്യക്ഷമമായും കൃത്യമായും നടപ്പിലാക്കുന്നതിലും അതിന്റെ നിയന്ത്രണ സംവിധാനങ്ങളിലും തുടർനിരീക്ഷണത്തിലുമുണ്ടായ പോരായ്മയും ആഭ്യന്തര ഓഡിറ്റിന്റെ അഭാവവുമാണെന്ന് സമിതി വിലയിരുത്തുന്നു. നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ആന്തരിക നിയന്ത്രണങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പ്രസ്തുത സ്ഥാപനങ്ങളും സർക്കാരും ബാധ്യസ്ഥമാണ്. ഓഡിറ്റിന്റെ ശിപാർശകൾ നടപ്പിലാക്കുന്നുവെന്നും സർക്കാർ ഉറപ്പു വരുത്തേണ്ടതാണ്. എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലും ആന്തരിക നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

വർക്കല കഹാർ,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തദ്ദേശ സ്വയംഭരണ വകുപ്പ് | 116 | കേരള ട്രഷറി കോഡ് അനുശാസിക്കുന്ന പ്രകാരം വരവുകളും, ബാങ്ക് അടവുകളും അതതു ദിവസം കാഷ് ബുക്കിൽ രേഖപ്പെടുത്താത്തതും കാഷ്ബുക്ക് അതത് വർഷങ്ങളിൽ ക്ലോസ് ചെയ്യാത്തതും, ചട്ടവിരുദ്ധമായി ഒന്നിൽകൂടുതൽ കാഷ്ബുക്ക് സൂക്ഷിക്കുന്നതും ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തത കൊണ്ടാണെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതി ശരിവയ്ക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നഗര സ്വയംഭരണ സ്ഥാപനങ്ങളിലെ കാഷ്ബുക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദമായ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടിരുന്നെങ്കിലും സർക്കാർ അതു സംബന്ധിച്ച ഒരു മറുപടിയും നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പരാമർശ വിധേയമായ കാലയളവിൽ, കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ കാഷ്ബുക്കിന്റെ പരിപാലനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കാഷ്ബുക്കുകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയതിന് ഒരു തുടർ നിരീക്ഷണ സംവിധാനം പ്രാവർത്തികമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | ,, | 117 | കൊച്ചി കോർപ്പറേഷനിൽ പെൻഷൻ വിതരണത്തിനുള്ള തുക നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ മൂന്ന് ഉദ്യോഗസ്ഥരെയും തിരിച്ചെടുത്തതായും ഇക്കാര്യത്തിൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ കേസ് നിലവിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സസ്പെൻഡ് ചെയ്യപ്പെട്ടവരിൽ രണ്ടുപേരെ വിജിലൻസ് കേസിൽ നിന്ന് ഒഴിവാക്കിയതും എല്ലാവരുടെയും സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചതും എന്തടിസ്ഥാനത്തിലായിരുന്നുവെന്നുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ നഷ്ടപ്പെട്ട 5.41 ലക്ഷം രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി, വിജിലൻസ് കോടതിയിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിലവിലുള്ള കേസിന്റെയും കേസിൽ കോടതി വിധി പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയത് ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേരള മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം പെറ്റി കാഷ്ബുക്ക് സൂക്ഷിക്കണമെന്നും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്നും അതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | തദ്ദേശ സ്വയംഭരണ വകുപ്പ് | 118 | കൊച്ചി, മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളിൽ ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള കണക്കുകൾ ഇനം തിരിച്ച് കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം കാഷ് ബുക്കുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബിൽ ബുക്ക് എന്നിവ സൂക്ഷിച്ച് വരുന്നുവെന്നും എല്ലാമാസവും ബാങ്ക് അക്കൗണ്ടുകളുമായി റെക്കൺസിലിയേഷൻ (ഒത്തു നോക്കൽ) നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള സർക്കാരിന്റെ മറുപടി അംഗീകരിക്കുന്നതോടൊപ്പം ഭാവിയിൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയുമുണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. |
| 4 | ,, | 119 | മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ കാഷ്യർക്ക് ഒന്നിൽ കൂടുതൽ രസീതു ബുക്കുകൾ ഒന്നിച്ചുനൽകിയെന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഫീൽഡിൽ പോകുന്നവർക്ക് ഒന്നിൽക്കൂടുതൽ രസീത് ബുക്ക് നൽകരുതെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓഫീസിലെ കളക്ഷന് കമ്പ്യൂട്ടറൈസ്ഡ് രസീതാണ് ഇപ്പോഴുള്ളതെന്നുമുള്ള സർക്കാരിന്റെ മറുപടി സമിതി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | ,, | 120 | പരിശോധനാവിധേയമായ നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ 1975-76 മുതൽ 2006-07 വരെയുള്ള കാലയളവിൽ 10.37 കോടി രൂപയുടെ മുൻകൂറുകൾ ക്രമപ്പെടുത്താതെ അവശേഷിച്ചിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളിൽ നടപടി സ്വീകരിച്ച് വരുന്നതായും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഭൂരിഭാഗം മുൻകൂറുകളും ക്രമീകരിച്ചിട്ടുള്ളതായും സർക്കാർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് പരാമർശകാലയളവിൽ കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികൾ ക്രമപ്പെടുത്താതെ അവശേഷിക്കുന്ന മുൻകൂറുകൾകൂടി അടിയന്തരമായി ക്രമപ്പെടുത്തി ആയതു സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | തദ്ദേശ സ്വയംഭരണ വകുപ്പ് | 121 | കൊച്ചി നഗരസഭയിൽ മുൻ ചീഫ് എഞ്ചിനീയറുടെ പേരിൽ അനുവദിച്ച 14.99 ലക്ഷം രൂപ, വാഹനം വാങ്ങുന്നതിനായി വിനിയോഗിച്ചതാണെങ്കിൽ അതു സംബന്ധിച്ച് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി കൃത്യസമയത്ത് ക്ലോസ് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻകൂർ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിരുന്നുവെങ്കിൽ വിരമിക്കുന്നതിനുമുമ്പ് ഏതെങ്കിലും ഉദ്യോഗസ്ഥൻ ബാധ്യത വരുത്തിയാൽ ആയത് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ചുപിടിക്കാൻ സാധിക്കുകയും അപ്രകാരം സർക്കാരിനോടുള്ള പ്രതിബദ്ധതയും ഉത്തരവാദിത്തവും നിറവേറ്റാനാകുകയും ചെയ്യുമായിരുന്നു. തുക ഈടാക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുണ്ടെങ്കിൽ ആയത് നീക്കിക്കിട്ടുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ടുവെന്ന് പറയപ്പെടുന്ന ഫയലുകൾ കണ്ടെത്തണമെന്നും ചട്ടപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | ,, | 122 | നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബജറ്റ് പാസാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | ,, | 123 | അടിയന്തരസാഹചര്യങ്ങളിലൊഴികെ ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക യാതൊരു കാരണവശാലും ചെലവഴിക്കാതിരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്. ഇതിനായി ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള ബിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്വപ്പെട്ട മേലധികാരികൾ യഥാസമയം പരിശോധിച്ച് ചെലവുകൾ ബജറ്റ് തുകയേക്കാൾ അധികരിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | തദ്ദേശ സ്വയംഭരണ വകുപ്പ് | 124 | ആപൽക്കരവും അസഹ്യവുമായ വ്യാപാര ലൈസൻസ് (ഡി. ആന്റ് ഒ.) വ്യാപാരികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നത് സംബന്ധിച്ച് കൊച്ചി നഗരസഭ യാതൊരു വിശദീകരണവും നൽകിയിരുന്നില്ല. കൊച്ചി നഗരസഭയിൽ സാധുവായ ഡി. ആന്റ് ഒ. ലൈസൻസില്ലാതെ എത്ര വ്യാപാരികൾ/സ്ഥാപനങ്ങൾ വാണിജ്യം നടത്തുന്നുവെന്നും ആയത് നിരീക്ഷിക്കുവാൻ എന്തു സംവിധാനങ്ങളാണ് നിലവിലുള്ളതെന്നുമുള്ള റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | ,, | 125 | ഓഡിറ്റിൽ പരാമർശവിധേയമായ കാലയളവിൽ മൂവാറ്റുപുഴ, കളമശ്ശേരി നഗരസഭകളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ചിരുന്ന സ്വകാര്യാശുപത്രികളുടെ എണ്ണം, പേരുവിവരം, അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | ,, | 126 | രജിസ്ട്രേഷനില്ലാതെ സ്വകാര്യാശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ ട്യൂട്ടോറിയൽ സ്ഥാപനമോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് കേരളത്തിലെ എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു നിശ്ചിത ഇടവേളയിൽ സർവ്വേ നടത്തേണ്ടതാണെന്നും അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 12 | ,, | 127 | തൊഴിലില്ലായ്മാ വേതനം, സാമൂഹ്യസുരക്ഷാ പെൻഷനുകൾ എന്നിവ മാനദണ്ഡം പാലിക്കാതെ അനർഹർക്ക് വിതരണം ചെയ്യുന്നതിനുത്തരവാദികളെന്ന് കളമശ്ശേരി നഗരസഭ കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | ,, | 128 | സാമൂഹ്യസുരക്ഷാപെൻഷനുകളുടെ വിതരണം സംബന്ധിച്ച രേഖകൾ ഇപ്പോൾ സൂക്ഷിക്കുന്നുണ്ട് എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ, മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | ,, | 129 | മരാമത്ത് പണികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 2002 മുതൽ 2007 വരെയുള്ള കാലയളവിൽ 50 കേസുകളിൽ ഓരോ ഫയലുകളിലും നിർബന്ധമായും ആവശ്യമായ രേഖകളായ എസ്റ്റിമേറ്റ്, മെഷർമെന്റ് എന്നിവയുടെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അഭാവത്തിൽ പണി ചെയ്യത് കേരള പൊതുമരാമത്ത് വകുപ്പ് കോഡിന് വിരുദ്ധമായിട്ടാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത കാലയളവിൽ ആവശ്യമില്ലാത്ത പണികൾ നടത്തുകയോ പണികൾ തമ്മിൽ കൂടിക്കലർത്തുകയോ ഒരേ പണി തന്നെ രണ്ടുതവണ ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും സർക്കാർ വ്യക്തമായ മറുപടി നൽകിയിരുന്നില്ല. മരാമത്ത് പണികളുടെ നടത്തിപ്പിൽ എസ്റ്റിമേറ്റ്, റിപ്പോർട്ട്, പ്ലാൻ, റോഡിന്റെ പേര് സഹിതമുള്ള ചെയിനേജ്, വ്യക്തമായ സൈറ്റ് പ്ലാൻ എന്നിവ എഞ്ചിനീയറിംഗ് വിഭാഗം ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | തദ്ദേശ സ്വയംഭരണ വകുപ്പ് | 130 | എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലേയും കമ്പ്യൂട്ടറൈസേഷൻ നടപടി പൂർത്തിയായിട്ടുണ്ടോയെന്നും ഏതു വർഷം വരെയുള്ള രേഖകളാണ് നിലവിൽ ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതെന്നും ഇ-ഗവേർണൻസ് പ്രോജക്ട് കേരളത്തിലെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചുവെന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | ,, | 131 | കൊച്ചി നഗരസഭയുടെ അധീനതയിലുള്ള പ്രമാണങ്ങൾ അതത് ആസ്തികളുമായി ബന്ധപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുവെന്നാണ് സർക്കാർ മറുപടി നൽകിയിട്ടുള്ളത്. കൊച്ചി നഗരസഭയിലെ എഞ്ചിനീയറിംഗ്, പ്രോജക്ട് എന്നീ വിഭാഗങ്ങളിലെ ആസ്തി രജിസ്റ്റർ നാളതീകരിക്കുന്നത് പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | ,, | 132 | എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെയും സ്ഥാവര സ്വത്തുക്കളുടെ പ്രമാണങ്ങളുടെ വാർഷിക ഭൗതിക പരിശോധന കൃത്യമായും സമയബന്ധിതമായും നടത്തുന്നതിൽ ജാഗ്രത പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | ,, | 133 | നഗരസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചതും അവരുടെ സ്വന്തമായുള്ളതുമായ കാനകളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന കാനകളുടെ ഭൂപടങ്ങൾ അടിയന്തരമായി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | തദ്ദേശ സ്വയംഭരണ വകുപ്പ് | 134 | കരാറിലേർപ്പെടുന്ന കരാറുകാർ വ്യാജ സ്ഥിരനിക്ഷേപ രസീതുകൾ ഈടായി സമർപ്പിച്ചിരുന്നത് കൊച്ചി നഗരസഭയിലെ ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷേപ രസീതുകൾ ഈട് നൽകുവാൻ കരാറുകാരെ അനുവദിക്കുന്നുണ്ടെങ്കിൽ ആയതിന്റെ സത്യാവസ്ഥ ഉറപ്പുവരുത്തുന്നതിനുള്ള നിയന്ത്രണ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | ,, | 135 | അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിനും ആയതിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുമായി ഒരു ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് കൊച്ചി കോർപ്പറേഷനും കളമശ്ശേരി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയും സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നാണ് ഓഡിറ്റിന്റെ കണ്ടെത്തൽ. സർക്കാരിന്റെ മറുപടിയിൽ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുവെന്നാണെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ 2000-01 വർഷത്തിലെ ഓഡിറ്റ് തടസ്സങ്ങൾപോലും തീർപ്പാക്കിയിട്ടില്ല എന്നു സമിതി നിരീക്ഷിക്കുന്നു. നാളിതുവരെയുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | ,, | 136 | പരിശോധനക്ക് വിധേയമായ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം നിയമങ്ങളുടെയും ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും അഭാവമുണ്ടായിരുന്നില്ലെന്നും മറിച്ച് അവ കാര്യക്ഷമമായും കൃത്യമായും നടപ്പിലാക്കുന്നതിലും അതിന്റെ നിയന്ത്രണ സംവിധാനങ്ങളിലും തുടർനിരീക്ഷണത്തിലുമുണ്ടായ പോരായ്മയും ആഭ്യന്തര ഓഡിറ്റിന്റെ അഭാവവുമാണെന്ന് സമിതി വിലയിരുത്തുന്നു. നഗരസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ആന്തരിക നിയന്ത്രണങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പ്രസ്തുത സ്ഥാപനങ്ങളും സർക്കാരും ബാധ്യസ്ഥമാണ്. ഓഡിറ്റിന്റെ ശിപാർശകൾ നടപ്പിലാക്കുന്നുവെന്നും സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ നഗരസ്വയംഭരണ സ്ഥാപനങ്ങളിലും ആന്തരിക നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

# അനുബന്ധം II

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് അദ്ധ്യായം 3.3-ലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണ പത്രിക**

| ഖണ്ഡിക നം. | പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| 3.3 | എറണാകുളം ജില്ലയിലെ നഗരസ്വയംഭരണ സ്ഥാപനങ്ങളിലെ ആന്തരിക നിയന്ത്രണങ്ങൾ | |
| | | അഭിപ്രായമില്ല. |
| 3.3.1 | ആമുഖം | |

| | | |
|---|---|---|
| 3.3.2 | | |
| | | അഭിപ്രായമില്ല. |
| 3.3.3 | ഓഡിറ്റ് ലക്ഷ്യങ്ങൾ | |
| | | അഭിപ്രായമില്ല. |
| 3.3.4 | | |
| | | അഭിപ്രായമില്ല. |
| 3.3.5 | | |
| | | അഭിപ്രായമില്ല. |
| 3.3.6 | | |
| | | അഭിപ്രായമില്ല. |
| ആന്തരിക നിയന്ത്രണങ്ങൾ പാലിക്കൽ | | അഭിപ്രായമില്ല. |

| | | |
|---|---|---|
| | | |
| 3.3.7 | സാമ്പത്തിക നിയന്ത്രണങ്ങൾ | |
| | | |
| 3.3.7.1 | കാഷ് ബുക്ക് തെറ്റായി സൂക്ഷിച്ചത് | |
| | | നഗരസഭകളിൽ ഓഡിറ്റ് പൂർത്തിയാക്കിയ പോരായ്മകളെല്ലാം മിക്കവാറും നഗരസഭകളിൽ നിലനിന്നിരുന്ന സ്ഥിതിവിശേഷമായിരുന്നു. എല്ലാ വരവു ചെലവുകളും ഒന്നിൽകൂടുതൽ കാഷ് ബുക്കിൽ സൂക്ഷിക്കുക, എല്ലാ വരവുകളും ചെലവുകളും കാഷ് ബുക്കിൽ രേഖപ്പെടുത്താതിരിക്കുക, എല്ലാ ദിവസവും കാഷ് ബുക്ക് എഴുതാതിരിക്കുക ഇങ്ങനെ പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇവ പരിഹരിക്കുന്നതിന് വേണ്ടി നഗരസഭകളിലെ അക്കൗണ്ടിംഗ് കംപ്യൂട്ടറൈസ് ചെയ്യാൻ സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് എല്ലാ നഗര സഭകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഐ.കെ.എം. വികസിപ്പിച്ച "സാംഖ്യ" ആപ്ലിക്കേഷൻ വഴി എല്ലാ നഗരസഭകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഓഡിറ്റ് പൂർത്തിയാക്കിയ എല്ലാ പോരായ്മകളും പരിഹരിച്ചിട്ടുണ്ട്.<br><br>ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നിട്ടുള്ളതിനാൽ പരാമർശ വിഷയങ്ങൾ നിലവിൽ പ്രസക്തമല്ലെന്നും പ്രവർത്തനങ്ങൾ ഏറ്റവും കൃത്യമായി നടക്കുന്നുണ്ടെന്നും കൊച്ചി, ഗുരുവായൂർ നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| 3.3.7.2 | പണം സൂക്ഷിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ഉള്ള നിയന്ത്രണത്തിലെ ന്യൂനത | |
| | | ഗുരുവായൂർ, കൊച്ചി, കളമശ്ശേരി നഗരസഭകൾ പെറ്റികാഷ് ബുക്ക് വഴിയാണ് പണമിടപാടുകൾ നടത്തിവരുന്നത്. കൊച്ചി, കളമശ്ശേരി, നഗരസഭകളിൽ അതാത് ദിവസം കണക്കുകൾ ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ആയത് അക്കൗണ്ട്സ് ഓഫീസർ /സൂപ്രണ്ട് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഗുരുവായൂർ നഗരസഭയിൽ ഡബിൾ എൻട്രി സിസ്റ്റം നിലവിലുള്ളതിനാൽ എൻട്രികൾ കൃത്യമായി വകുപ്പുതലവന്മാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. |
| 3.3.7.3 | ഓരോ ട്രഷറി/ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട പണമിടപാടുകൾ രേഖപ്പെടുത്തുന്ന ഉപ രജിസ്റ്ററുകൾ സൂക്ഷിച്ചില്ല | |
| | | ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ പ്രകാരം പ്രത്യേകം ക്യാഷ് ബുക്കുകൾ കൊച്ചി നഗരസഭയിൽ സൂക്ഷിച്ചുവരുന്നു.<br><br>ഗുരുവായൂർ നഗരസഭയിലെ ക്യാഷ് ബുക്കിൽ ട്രഷറിയിലെയും ബാങ്കിലെയും പണമിടപാടുകൾ പ്രത്യേകം കോളങ്ങൾ ഉള്ളതും അവയിൽ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതുമാണ്. കൂടാതെ ട്രഷറി ബാങ്ക് അക്കൗണ്ടുകൾക്ക് അപ്പ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , ബിൽ ബുക്ക് എന്നിവ സൂക്ഷിച്ചുവരുന്നു. മറ്റ് അക്കൗണ്ടുകൾ ഇനം തിരിച്ച് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നു. പണമിടപാട് സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ രജിസ്റ്ററുകളിൽ നിന്നും ലഭ്യമാണ്. കളമശ്ശേരി നഗരസഭയിൽ 01.04.12 മുതൽ ഡബിൾ എൻട്രി സിസ്റ്റം നിലവിലുള്ളതിനാൽ ടി അപാകതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ദിവസവും ക്യാഷ് ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും പ്രിന്റൗട്ട് എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിട്ട് സൂക്ഷിക്കുന്നതിന് |

| | | |
|---|---|---|
| | | സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ~~[illegible]~~ ഇപ്പോൾ എല്ലാ മാസവും ബാങ്ക് അക്കൗണ്ടുകളുമായി റീകൺസിലിയേഷൻ നടത്താൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 3.3.7.4 | കാഷ്യർക്ക് ചെക്ക് ബുക്കുകൾ ഒന്നിച്ച് നൽകിയത് | |
| | | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകത പരിഹരിച്ച് ബന്ധപ്പെട്ട ജീവനക്കാർക്ക് ഓരോ ചെക്ക് ബുക്കുകൾ മാത്രമാണ് നൽകിവരുന്നത്. നിലവിൽ ബാങ്കിൽ എസ്.ബി അക്കൗണ്ടുകൾ നിലവിലുള്ളതിനാൽ ചെക്ക് ബുക്കുകൾ നൽകുന്നില്ല. ആവശ്യമായ തുകകൾ ഹെഡ് ഓഫ് അക്കൗണ്ടുകളും ഉൾപ്പെടുത്തി കമ്പ്യൂട്ടർ ബില്ലിംഗാണ് ചെയ്തു വരുന്നത് എന്ന് ഉദ്യോഗസ്ഥ സ്ഥാപനം അറിയിച്ചിട്ടുണ്ട്.<br>കളക്ടറ്റിലെ സ്ഥാപനത്തിൽ ആദ്യം നൽകിയ ചെക്ക് ബുക്കുകൾ തീർന്നതിന് ശേഷമാണ് അടുത്ത ചെക്ക് ബുക്ക് നൽകി വരുന്നത്. ഇപ്പോൾ കമ്പ്യൂട്ടർ വഴിയാണ് ചെക്കുകൾ നൽകുന്നത്. |
| 3.3.7.5 | ഗ്രാന്റുകൾ ക്രമപ്പെടുത്താത്തതിനാലുള്ള ആപൽസാദ്ധ്യതകൾ | |
| | | സ്ഥാപനത്തിൽ നിന്നും അനുവദിക്കുന്ന ഗ്രാന്റ് തുകകളിൽ 2007-08 വർഷം വരെ ക്രമപ്പെടുത്താതിരുന്നവ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരിച്ചുപിടിച്ച് നല്ലൊരു ശതമാനം ക്രമവൽക്കരിച്ച് കഴിഞ്ഞിട്ടുള്ളതാണ്. അവശേഷിക്കുന്ന തുകകൾ കൂടി ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത ഓഡിറ്റ് എത്തി സമയത്ത് ഈ വിഷയത്തിലുള്ള പുരോഗതി അറിയിക്കാനുള്ളതാണ് എന്ന് ഉദ്യോഗസ്ഥ സ്ഥാപനം അറിയിച്ചിട്ടുണ്ട്.<br>1975-76 മുതൽ 2006-07 വരെയുള്ള കാലയളവിൽ 10.37 കോടിയുടെ ഗ്രാന്റ് തുകകൾ ക്രമപ്പെടുത്താതെ അവശേഷിക്കുന്നതായി ഓഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്. ക്രമപ്പെടുത്താതെ |

| | | |
|---|---|---|
| | | അവശേഷിക്കുന്ന ഓഡിറ്റ് ഇനങ്ങൾ ക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്. റിട്ടയർ ചെയ്ത 3 ഉദ്യോഗസ്ഥർ കൈപ്പറ്റിയ 16.39 ലക്ഷം രൂപ ബന്ധപ്പെട്ട ജീവനക്കാരുടെ അനാസ്ഥ കാരണം ഈടാക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നും ഇനിയുള്ള അവസരങ്ങളിൽ ഓഡിറ്റ് ഇനങ്ങൾ ആവർത്തിക്കാതിരിക്കാൻ നിയമങ്ങൾ പാലിച്ച് ഇനങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കൊച്ചി നഗരസഭ റിപ്പോർട്ട് ചെയ്യുന്നു.<br>കളമശ്ശേരി നഗരസഭയിൽ അഡ്വാൻസ് ഇനങ്ങൾ ക്രമപ്പെടുത്തുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുള്ളതും അഡ്വാൻസ് നൽകിയ ഇനങ്ങൾ അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. |
| 3.3.8 | ബഡ്ജറ്റ് നിയന്ത്രണങ്ങൾ | |
| 3.3.8.1 | | ഫൈനാൻസ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ബഡ്ജറ്റ് തയ്യാറാക്കി കൗൺസിൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നിലവിൽ കൗൺസിൽ ബഡ്ജറ്റ് പാസ്സാക്കിയിട്ടുള്ളതുമാണ് എന്ന് മൂവാറ്റുപുഴ നഗരസഭ അറിയിച്ചിട്ടുണ്ട്.<br>കളമശ്ശേരി നഗരസഭയിൽ എല്ലാ വർഷവും യഥാസമയം ബഡ്ജറ്റ് കൗൺസിലിൽ അവതരിപ്പിച്ചിട്ടുള്ളതാണ്.<br>തുടർന്നുവരുന്ന ബഡ്ജറ്റ് ഫെബ്രുവരി മാസം തന്നെ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് കൈമാറി വരുന്നുണ്ട്. കൗൺസിലിൽ വയ്ക്കുന്ന തീയതി നിശ്ചയിക്കുന്നത് കമ്മിറ്റിയാണ്. മേലിൽ ഇത്തരം തടസ്സങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നടപടി എടുത്തിട്ടുണ്ട് എന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 3.3.8.2 | ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് | |
| | | മൂവാറ്റുപുഴ – ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ ഭാഗമായി ബിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചുവരുന്നതുമാണ് എന്ന് മൂവാറ്റുപുഴ നഗരസഭ അറിയിച്ചിട്ടുണ്ട്.<br>ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരത്തിലുള്ള ചെലവുകൾ ഉണ്ടാകാതിരിക്കുന്നതിനായി കമ്മിറ്റി/കൗൺസിലിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ബിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ട് എന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്.<br>– നിർദ്ദേശങ്ങൾ കർശനമായി ഇനി മുതൽ നടപ്പിലാക്കുന്നതാണെന്ന് കളമശ്ശേരി നഗരസഭ അറിയിച്ചിട്ടുണ്ട് |

(രൂപ കോടിയിൽ)

| | | |
|---|---|---|
| 3.3.9 | നികുതി നികുതിയേതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും ഉള്ള അപായ സാദ്ധ്യതകൾ | |
| | | |

| ക്രമ നം. | | സ്വീകരിച്ച നടപടി |
|---|---|---|
| 1 | | കൊച്ചി- ആലപ്പുഴ നഗരസഭകളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്ന തീയതി മുതൽ വസ്തു നികുതി ചുമത്തി വരുന്നു. ആലപ്പുഴ നഗരസഭയിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭ്യമാകാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് റവന്യൂവിഭാഗം ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിലവിൽ നികുതി നികത്താതെ വരുമാനങ്ങൾ കൃത്യമായി നിർണ്ണയിച്ച് സമയബന്ധിതമായി ഈടാക്കി വരുന്നു.<br>കൊച്ചി നഗരസഭയിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭ്യമാകാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കെ.എം.എ സെക്ഷൻ 242 പ്രകാരം വസ്തു നികുതി ചുമത്തിയ ശേഷം അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ച് വരുന്നു. പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള നികുതി പരിഷ്കരണം സർക്കാർ ഉത്തരവ് പ്രകാരം നഗരസഭയിൽ നടപ്പിലാക്കി വരുന്നു. ഓഡിറ്റ് പരാമർശത്തിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതും നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഈടാക്കുന്നതുമാണെന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |
| 2 | | ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി നിർണ്ണയിച്ച് ഈടാക്കി വരികയും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും കമ്പനികളുടെയും നികുതി നിർണ്ണയിക്കുന്നത് | തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും കമ്പനികളുടെയും ഒരു പട്ടിക ഓരോ അർദ്ധവർഷവും മൂന്നാമത്തെ മാസം സെക്രട്ടറി തയ്യാറാക്കിയിരിക്കണം. | | തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് | തൊഴിൽ നികുതി ഈടാക്കുവാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നതായി കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |
| 4 | തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നത് | തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് നിരീക്ഷിക്കുന്നതിന് തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതായിരുന്നു | | കുടിശ്ശിക നികുതി ഈടാക്കാൻ സാധിച്ചില്ല | തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചു വരുന്നുണ്ടെന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 5 | | |
| 6 | | |
| 7 | | ഓഡിറ്റ് റിപ്പോർട്ടുകളുടെ പരാമർശങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ടെന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 8 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | | 27 സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ച് വരുമാനം നഷ്ടം ഉണ്ടായി. | ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 27 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഭാവിയിൽ മുഴുവൻ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിനും തുടർന്നുള്ള വരുമാന നഷ്ടം ഉണ്ടാകാതിരിക്കുന്നതിനും ശ്രദ്ധിക്കുന്നതാണെന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. | |

| | | |
|---|---|---|
| | | |
| 3.3.10 | വ്യയനിയന്ത്രണം | |
| | | |
| 3.3.10.1 | അധികാരികൾ നിർദ്ദിഷ്ട ആന്തരിക നിയന്ത്രണങ്ങൾ പാലിക്കാത്തത് | |
| | | - തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതിന് അർഹതയില്ലാത്തവർക്ക് നഗരസഭയിൽ നിന്നും വിതരണം നടത്തിയ തുക തിരിച്ച് പിടിച്ച് ഗവൺമെന്റിന്റെ സഞ്ചിത നിധിയിൽ അടച്ചിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് മൂവാറ്റുപുഴ നഗരസഭ ഉറപ്പു നൽകുന്നു.<br>സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷ ബന്ധപ്പെട്ട കമ്മിറ്റികളുടെ അംഗീകാരത്തിനു ശേഷമാണ് അനുവദിക്കപ്പെടുന്നത്. റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ അപേക്ഷകളിലും സെക്രട്ടറി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് കൊച്ചി നഗരസഭ അറിയിക്കുന്നു.<br>തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായ വ്യക്തികൾക്ക് മാത്രമാണ് ഇപ്പോൾ വേതനം വിതരണം ചെയ്യുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ സെക്രട്ടറി സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം മാത്രം പാസ്സാക്കുന്നു. കൂടുതൽ നൽകിയ തുക ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നതാണെന്ന് കളമശ്ശേരി നഗരസഭ അറിയിക്കുന്നു. |

| | | |
|---|---|---|
| | | |
| 3.3.10.2 | പെൻഷൻ അനുവദിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചില്ല | |
| | | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സംബന്ധിച്ച എല്ലാ രേഖകളും ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റുകളും സൂക്ഷിക്കുന്നുണ്ടെന്ന് കൊച്ചി, മൂവാറ്റുപുഴ നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | |
| 3.3.11 | | |
| | | |
| 3.3.11.1 | നിർബന്ധമായും വേണ്ട രേഖകളില്ലാതെ മരാമത്തുപണികളുടെ നിർവ്വഹണം | |

| | | |
|---|---|---|
| | | എല്ലാ എസ്റ്റിമേറ്റുകൾക്കുമൊപ്പം ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കുകയും പണികൾ ആവശ്യമാണ് എന്ന സാക്ഷ്യ പത്രം എസ്റ്റിമേറ്റിനൊപ്പം സമർപ്പിക്കുകയും ചെയ്തു വരുന്നുണ്ടെന്ന് മൂവാറ്റുപുഴ കൊച്ചി നഗരസഭകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| 3.3.12 | അക്കൗണ്ടിംഗ് നിയന്ത്രണങ്ങൾ | |
| 3.3.12.1 | വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലെ കാലതാമസം | |
| | | ഓഡിറ്റ് നിർദ്ദേശ പ്രകാരം ഇപ്പോൾ വാർഷിക ധനകാര്യ പത്രികകൾ യാതൊരുവിധ കാലതാമസവും ഇല്ലാതെ യഥാസമയം തയ്യാറാക്കുന്നുണ്ടെന്ന് കളമശ്ശേരി , മൂവാറ്റുപുഴ നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3.3.12.2 | നൽകിയ അസ്സൽ രസീതുകൾ പരിശോധിക്കാത്തത് | |
| | | നിലവിൽ ബിൽകളക്ടർമാർ കൊണ്ടുവരുന്ന ഒറിജിനൽ രസീത് ബുക്ക് വച്ച് തുക ചെക്ക് ചെയ്ത റവന്യൂ ഇൻസ്പെക്ടർ നഗരസഭാ സൂപ്രണ്ട് എന്നിവർ ദിവസവും സാക്ഷ്യപ്പെടുത്തിവരുന്നുണ്ടെന്ന് മൂവാറ്റുപുഴ നഗരസഭ അറിയിച്ചിട്ടുണ്ട്.<br><br>റവന്യൂ ഇൻസ്പെക്ടർമാർ ബിൽ കളക്ടർമാർ നികുതി പിരിവുമായി ബന്ധപ്പെട്ട് നികുതിദായകർക്ക് നൽകുന്ന രസീതുകളുടെ നിശ്ചിത ശതമാനത്തിലധികം പരിശോധിക്കാറില്ല. ആയത് സംബന്ധിച്ച സാക്ഷ്യ പത്രം ഇതുവരെ സെക്രട്ടറിക്ക് നൽകിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇനിമുതൽ പ്രവർത്തിക്കുന്നതാണെന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |
| 3.3.13 | ആസ്തികളുടെ മേലുള്ള ഭൗതിക നിയന്ത്രണം | |

| | | |
|---|---|---|
| | | |
| 3.3.13.1 | വസ്തുവകകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | |
| | | നഗരസഭയുടെ വസ്തുവകകൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ടെന്ന് മൂവാറ്റുപുഴ , കളമശ്ശേരി നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3.3.13.2 | അധീനതയിലുള്ള പ്രമാണങ്ങൾ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചില്ല | |
| | | കളമശ്ശേരി മൂവാറ്റുപുഴ നഗരസഭയിലുള്ള എല്ലാ ആധാരങ്ങൾക്കും പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. |
| 3.3.13.3 | സ്ഥാവര സ്വത്തുക്കളുടെ ഭൗതിക പരിശോധന | |
| | | ആസ്തി രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചു വരുന്നതായി കളമശ്ശേരി, മൂവാറ്റുപുഴ നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ നഗരസഭയിൽ ലോൺ എടുത്ത ആധാരങ്ങളുടെ ലിസ്റ്റും നഗരസഭയുടെ അധീനതയിലുള്ള ആധാരങ്ങളുടെ ലിസ്റ്റും പ്രത്യേകം സൂക്ഷിച്ചുവരുന്നുണ്ട്. |
| 3.3.13.4 | ജംഗമ സ്വത്തുക്കളുടെ ഭൗതിക പരിശോധന | |
| | | മൂവാറ്റുപുഴ നഗരസഭ വക സ്ഥാവര ജംഗമ സ്വത്തുക്കളുടെ വിവരങ്ങൾ ഇമ്മൂവബിൾ പ്രോപ്പർട്ടി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതും ഭൗതിക പരിശോധന നടത്തി കമ്പ്യൂട്ടറൈസ് |

| | | |
|---|---|---|
| | | ചെയ്തിട്ടുള്ളതുമാണ്. ഓഡിറ്റ് പരിശോധന നടന്ന സമയത്ത് അപൂർണ്ണമായിരുന്ന പ്രസ്തുത രജിസ്റ്ററുകളും രേഖകളും ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി അപ്ഡേറ്റ്ചെയ്തിട്ടുണ്ട്. ഭൗതിക പരിശോധനയിൽ നഗരസഭയുടെ ആസ്തികൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ലാ എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്യുന്നു. |
| 3.3.14 | ഭരണപരമായ നിയന്ത്രണം | |
| | | തപാലുകൾ വിതരണ രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷനുകളിൽ വിതരണം ചെയ്യുകയും എല്ലാ സെക്ഷനുകളിലും വ്യക്തിഗത രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചുവരുകയും ചെയ്യുന്നതായി കളമശ്ശേരി, കൊച്ചി , മൂവാറ്റുപുഴ നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3.3.14.1 | രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേക മുറി സജ്ജീകരിച്ചില്ല | |
| | | കൊച്ചി, മൂവാറ്റുപുഴ നഗരസഭകളിൽ രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേകം മുറി സജ്ജീകരിച്ചിട്ടുള്ളതും റിക്കോർഡുകളും രേഖകളും ടി മുറിയിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. |
| 3.3.15 | മറ്റ് നിയന്ത്രണങ്ങൾ | |
| 3.3.15.1 | പദ്ധതി രജിസ്റ്റർ സൂക്ഷിക്കാത്തത് | |
| | ത്തങ്ങൾ ഏറ്റെടുത്ത ഓരോ പദ്ധതിയുടെയും വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് നഗര സ്വയംഭരണ സ്ഥാപനങ്ങൾ ഒരു പദ്ധതി | ഓഡിറ്റ് നിർദ്ദേശ പ്രകാരം കൊച്ചി, |

| | | |
|---|---|---|
| | | കളമശ്ശേരി, മൂവാറ്റുപുഴ നഗരസഭക ളിൽ പദ്ധതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് |
| 3.3.15.2 | വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന നടത്താത്തത് | |
| | | മൂവാറ്റുപുഴ നഗരസഭയുടെ വാഹനങ്ങ ളുടെ ഇന്ധന ക്ഷമത 2008–09 വർഷ ത്തിൽ നടത്തിയിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 3.3.16 | ആന്തരിക നിയന്ത്രണത്തിന്റെ പര്യാപ്തത | |
| | | |
| 3.3.16.1 | ഓടയുടെ രൂപടങ്ങൾ തയ്യാറാക്കിയില്ല | |
| | | കൊച്ചി നഗരസഭ - ഓഡിറ്റ് പരാമർശ ത്തിന്റെ അടിസ്ഥാനത്തിൽ ഓട പണി യുന്ന റോഡിന്റെ മൊത്തത്തിലുള്ള ഒരു സ്കെച്ചുവെയ്ക്കുകയും ആയ തിൽ ഓട പണിയുന്ന ഭാഗം തുടങ്ങി അവസാനിക്കുന്ന ഭാഗവും പ്രത്യേകം രേഖപ്പെടുത്തുന്നതിന് നിർദ്ദേശിക്കു കയും ചെയ്തിട്ടുണ്ട്. ജൻറം പദ്ധതി യിൽപ്പെടുത്തി വിവരങ്ങൾ സ്വയം വെളിപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്ന സംവിധാനം നഗരസഭയിൽ വരുത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. കളമശ്ശേരി നഗരസഭയിൽ കാന കളുടെ രൂപടങ്ങൾ തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ അപ ര്യാപ്തത മൂലം ദൈനംദിന പ്രവൃത്തികൾ സുഗമമായി നടത്തുന്ന തിന് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. |
| 3.3.16.2 | ആന്തരിക നിയന്ത്രണത്തിന്റെ അപര്യാപ്തത ഒരു പരിശോധനയുമില്ലാതെ 1.19 കോടി രൂപ നഷ്കനത്തിനിടയാക്കി | |

| | | |
|---|---|---|
| | | ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കൗൺസിലർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കുടിവെള്ളം എത്തിക്കാനുള്ള സജ്ജീകരണം നടത്തുകയും വെള്ളം നിർദ്ദിഷ്ട സ്ഥലത്ത് എത്തിയിട്ടുണ്ടോ എന്ന് അതാത് ദിവസം തന്നെ പരിശോധിക്കുകയും ചെയ്യുന്നതാണ്. ജലവിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട് കളമശ്ശേരി നഗരസഭയിൽ ഇപ്പോൾ നഗരസഭ നേരിട്ട് വെള്ളം വിതരണം ചെയ്യുന്നില്ല. താലൂക്കാഫീസുകളിൽ ആവശ്യമനുസരിച്ച് കത്തുനൽകുകയും കുടിവെള്ളം വിതരണം നടത്തുകയും ചെയ്യുന്നു. 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ 10.28 ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത് എന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട് |
| | (രൂപ ലക്ഷത്തിൽ) | |
| | | |
| | | |
| 3.3.16.3 | വ്യാജമായ നിക്ഷേപ രസീതുകൾ ഈടായി നൽകിയത് | |
| | ഉടമ്പടിയിലേർപ്പെടുന്ന സമയത്ത് കരാറുകാർ നിശ്ചിത നിരക്കിൽ കരുതൽ നിക്ഷേപം നൽകേണ്ടതുണ്ട്. പണത്തിനുപകരം സ്ഥിര | നഗരസഭയിലെ മരാമത്ത് പ്രവർത്തികൾക്ക് ആകെ 5% തുകയാണ് |

| | | |
|---|---|---|
| | | സെക്യൂരിറ്റിയായി കരാറുകാരിൽ നിന്നും ഈടാക്കി വരുന്നത്. ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നുമുള്ള ഫിക്സഡ് ഡിപ്പോസിറ്റ് രസീതുകളാണ് നാളിതുവരെയായി സ്വീകരിച്ചു വരുന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ ഉന്നയിച്ച രീതിയിലുള്ള ക്രമക്കേടുകൾ നഗരസഭയിൽ ഇന്നുവരെ<br>ഉണ്ടായിട്ടില്ല. ടി രസീതുകൾ കാലാവധി തീരുന്ന മുറയ്ക്ക് കരാറുകാരന് മടക്കി നൽകുകയും ആയതിന് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുള്ളതുമാണെന്ന് കളമശ്ശേരി നഗരസഭ അറിയിച്ചിട്ടുണ്ട്.<br>രസീതുകളുടെ സ്വീകാര്യതയും സത്യാവസ്ഥയും മനസ്സിലാക്കുന്നതിന് അതാത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്താറുണ്ട്. ഭാവിയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് കൊച്ചി നഗരസഭ അറിയിച്ചിട്ടുണ്ട്. |
| 3.3.17 | ആഭ്യന്തര ഓഡിറ്റ് | |
| | | ആന്തരിക നിയന്ത്രണത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനായി ആഭ്യന്തര ഓഡിറ്റ് ഏർപ്പെടുത്താൻ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥയില്ലെന്നും നിയമനിർമ്മാണം നടത്തുന്ന മുറയ്ക്ക് അനുവർത്തിക്കുന്നതാണെന്നും കൊച്ചി നഗരസഭ റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>മൂവാറ്റുപുഴ നഗരസഭയിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി വരവു ചെലവുകണക്കുകൾ അതാത് |

| | | |
|---|---|---|
| | | ദിവസം തന്നെ കമ്പ്യൂട്ടറിൽ എൻട്രിവരുത്തുന്നുണ്ട്. 2012 ഏപ്രിൽ മുതലുളള മാസാന്ത്യകണക്കുകൾ അതതുമാസം തന്നെ കൗൺസിലിൽ വച്ചു പാസ്സാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ കണക്കുകൾ സൂക്ഷിക്കുന്നതിൽ നിലവിൽ അപാകതകൾ ഒന്നുംതന്നെയില്ല. |
| 3.3.17.1 | പെർഫോമൻസ് ഓഡിറ്റ് | |
| | | നഗരസഭകളിൽ 2009-10 വരെ പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടുളളതാണ്. |
| | | |
| 3.3.18 | മനുഷ്യശക്തികളുടെ പര്യാപ്തത | |
| | | അഭിപ്രായമില്ല. |

| | | |
|---|---|---|
| 3.3.19 | തുടർ നിരീക്ഷണവും വിലയിരുത്തലും | |
| 3.3.19.1 | ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കാത്തത് | |
| | | കളമശ്ശേരി, കൊച്ചി, മൂവാറ്റുപുഴ നഗരസഭകളിൽ നിലവിൽ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിച്ചുവരുന്നു. |
| | | |
| | | |
| 3.3.19.2 | ഓഡിറ്റിനുള്ള പ്രതികരണം | |
| | | നഗരസഭകളിൽ ഇപ്പോൾ ലഭിക്കുന്ന എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളും കൗൺസിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നു. |
| | | |
| | | |
| 3.3.20 | നിഗമനം | |

| | | |
|---|---|---|
| | | |
| 3.3.21 | **ശുപാർശകൾ** | |
| | | മൂവാറ്റുപുഴ നഗരസഭ - 2007 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ സി&എജി ഓഡിറ്റ് റിപ്പോർട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിനും ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.